# ബഹു. സണ്ണി (കുര്യൻ) പുതനപ്ര അച്ചന്
# ആദരാഞ്ജലികൾ



സ്നേഹസമ്പന്നമായ ഇടയജീവിതത്തിന്റേയും കഠിനാദ്ധ്വാനത്തിന്റേയും സഹനജീവിതത്തിന്റേയും, ലളിതജീവിതത്തിന്റേയും മാതൃകയായ സണ്ണി പുതനപ്ര അച്ചൻ 2019 ഓഗസ്റ്റ് 17-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു.

പുതനപ്ര സണ്ണി (കുര്യൻ) അച്ചൻ ചുങ്കക്കുന്ന് ഫൊറോനയിലെ ഒറ്റപ്ലാവ് ഇടവകയിൽ പരേതനായ പുതനപ്ര പാപ്പച്ചന്റേയും മേരിയുടേയും മൂന്നാമത്തെ മകനായി 1966 ഏപ്രിൽ 15 ന് ജനിച്ചു. ചുങ്കക്കുന്ന് ഗവ. യു.പി. സ്കൂൾ, കൊട്ടിയൂർ ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠനം പൂർത്തിയാക്കിയതിന് ശേഷം മാനന്തവാടി രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. 3 വർഷത്തെ മൈനർ സെമിനാരി പരിശീലനത്തിന് ശേഷം ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ഫിലോസഫി പഠനം പൂർത്തിയാക്കി. തുടർന്ന് മാനന്തവാടി രൂപത പാസ്റ്ററൽ സെന്ററിൽ റീജൻസി ചെയ്ത ശേഷം, ധർമ്മാരാം കോളേജിൽ തിയോളജി പഠനം പൂർത്തിയാക്കി. 1994 ഏപ്രിൽ 5 ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. 1994 ൽ കല്ലോടി ഇടവകയിൽ അസി. വികാരിയായി സേവനം ആരംഭിച്ച അച്ചൻ ആലാറ്റിൽ, പോരൂർ, പടമല, ഞാറപ്പാടം, ചുള്ളിയാന എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. വിവിധ അസുഖങ്ങളെ തുടർന്ന് ഏറെ നാളായി തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റൽ, മാനന്തവാടി സെന്റ് ജോസഫ് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ചികിത്സയിലായിരുന്ന

അച്ചൻ ദ്വാരകയിലെ വൈദീകമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരിക യായിരുന്നു. രോഗങ്ങൾ അലട്ടികൊണ്ടിരുന്നപ്പോഴും സമാധാനത്തോടെ ദൈവത്തിൽ ആശ്രയിച്ച് തന്റെ സഹനങ്ങളെ പ്രാർത്ഥനകളാക്കി മാറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ക്ഷീണിതനായിരുന്ന അദ്ദേഹം 17–ാം തീയതി വി. കുർബാന സ്വീകരണത്തിന് ശേഷം പ്രാർത്ഥനാനിരത നായിരിക്കുമ്പോൾ ദൈവസന്നിധിയിലേയ്ക്ക് വിളിക്കപ്പെട്ടു. തന്നെ ഏൽപ്പിച്ച ദൈവജനത്തിന്റെ എല്ലാ പ്രശ്നങ്ങളിലും ഇടയന്റെ ദൗത്യ ബോധത്തോടെ ഇടപെടാനുള്ള അച്ചന്റെ കഴിവിനെ ഇടവകക്കാർ ഇന്നും ഓർക്കുന്നു. വാളാട് ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യ ങ്ങൾ ഇതിന് ഉദാഹരണമാണ്. തന്റെ വേദനയുടേയും സഹനത്തി ന്റേയും നിമിഷങ്ങളിലും മറ്റുള്ളവർക്ക് ആശ്വാസം പകരുന്ന അച്ചന്റെ വാക്കുകൾ എല്ലാവരും നന്ദിയോടെ ഓർക്കുന്നു. മരണവാർത്തയറിഞ്ഞ് രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് നിരവധി ആളുകൾ അന്തിമോപ ചാരം അർപ്പിക്കാൻ എത്തിയിരുന്നു.

2019 ഓഗസ്റ്റ് 18 ഞായറാഴ്ച ഉച്ചകഴിഞ്ഞ് രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ സീയോൻ ചാപ്പലിൽ ആരംഭിച്ചു. ശുശ്രൂഷകളുടെ ഒന്നാം ഭാഗത്തിന് അഭിവന്ദ്യ പിതാവ് കാർമ്മികത്വം വഹിച്ചു. തുടർന്ന് രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കലച്ചൻ ശുശ്രൂഷയുടെ രണ്ടാം ഭാഗം നിർവ്വഹിച്ചു. 2 മണിക്ക് വി. കുർബാന ആരംഭിച്ചു. ഫാ. ടോം പന്നലകുന്നേൽ MSFS, ഫാ. റോയി അലക്സ് കുഴികണ്ണിൽ SJ, വിയാനിഭവൻ ഡയറക്ടർ ഫാ. ജോസ് വാഴക്കാല, ഫാ. കുര്യൻ പൊൻമലകുന്നേൽ, ഫാ. ജെയിംസ് കുളത്തിനാൽ, മോൺ. അബ്രാഹം നെല്ലിക്കൽ എന്നിവർ അഭിവന്ദ്യ പിതാവിനൊപ്പം സഹകാർമ്മികരായി. വി. കുർബാനയ്ക്ക് ശേഷം മൃതസംസ്കാര ശുശ്രൂഷയുടെ അവ സാനഭാഗം അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. സണ്ണിയച്ചന്റെ അമ്മയും ബന്ധുക്കളും മാനന്തവാടി രൂപതയിലെ വൈദീകരും സന്യസ്തരും അച്ചൻ സേവനമനുഷ്ഠിച്ച ഇടവകയിലെ ആളുകളും അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. സ്നേഹ ത്തിന്റേയും, സേവനത്തിന്റേയും സഹനത്തിന്റേയും ദീപം അനേകർക്ക് കൈമാറിയ സണ്ണിയച്ചന്റെ പാവനസ്മരണക്കു മുമ്പിൽ മാനന്തവാടി രൂപതാ കുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Manantavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 സെപ്റ്റംബർ - 2019 ലക്കം 09**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |

# ഉള്ളടക്കം


| | |
|---|---|
| പുരോഹിതനും വചന ശുശ്രൂഷയും .......................... | 07 |
| തലശ്ശേരി അതിരൂപത സംയുക്ത സമ്മേളനം ............. | 14 |
| രൂപതാകച്ചേരി വാർത്തകൾ ..................................... | 18 |
| വൈദികരുടെ മാസധ്യാനം ...................................... | 24 |
| ബൈബിൾ അപ്പോസ്തലേറ്റ്........................................... | 27 |
| മതബോധനരംഗം ........................................................ | 29 |
| ചെറുപുഷ്പ മിഷൻലീഗ് ............................................ | 38 |
| *Department of Youth Ministry* ............................................. | 44 |
| കെ.സി.വൈ.എം. ........................................................ | 46 |
| കുടുംബപ്രേഷിതത്വം ................................................... | 54 |
| സീയോൻ വാർത്തകൾ ............................................... | 59 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ | 61 |
| സാമൂഹ്യ സേവനരംഗം (WSSS) .................................... | 64 |
| ബയോവിൻ അഗ്രോ റിസർച്ച് ..................................... | 66 |
| കത്തോലിക്കാ കോൺഗ്രസ്സ് ......................................... | 70 |
| റേഡിയോ മാറ്റൊലി .................................................... | 73 |
| നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ...................... | 76 |
| *Mary Matha Arts & Science College* .......................... | 79 |
| സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ............................. | 81 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ | 83 |
| ബിഷപ്സ് പ്രോഗ്രാം ..................................................... | 84 |

# പുരോഹിതൻ അജപാലകൻ

**മല്പാൻ മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: ശ്ലീഹ 20,13-8)**

എഫേസോസിലെ അനുഭവം പൗലോസിന് അത്യന്തം വിഷമകരമായിരുന്നു. ബഹളം ശമിച്ചതിനെത്തുടർന്ന്, അവിടെയുള്ള ശിഷ്യന്മാർക്ക് ഉപദേശം നല്കിയതിനുശേഷം യാത്ര പറഞ്ഞ് മക്കദോനിയായിലേക്കു പോയി (20,1). ജറുസലേമിനെ ലക്ഷ്യം വച്ചുള്ള യാത്രയായിരുന്നു ഇത്. ഈ യാത്രാ മദ്ധ്യേ മിലേത്തോസിൽവച്ച് എഫേസോസിലെ ശ്രേഷ്ഠന്മാരെ വരുത്തി അജപാലനപരമായ ഒരു നല്ല ഉപദേശം നല്കുന്നുണ്ട്. പുരോഹിതന്റെ അജപാലനശുശ്രൂഷയിൽ പ്രചോദനമാകേണ്ട കാര്യങ്ങളാണ് ഈ ഉപദേശത്തിൽ നാം കാണുന്നത്. ഈ വചനഭാഗത്തെ ഇപ്രകാരം വിഭജിക്കാം:

1. മക്കെദോനിയായിലേക്കും ഗ്രീസിലേക്കും (20,1-6)
2. ത്രോവാസിനോടു വിട (20,7-12)
3. മിലേത്തോസിലേക്ക് (20,13-16)
4. എഫേസോസിലെ ശ്രേഷ്ഠന്മാർക്കുപദേശം-ഒന്നാം ഭാഗം (20,17-24)
5. ഉപദേശം-രണ്ടാം ഭാഗം, വിടവാങ്ങൽ (20,25-38)

### 1. പുരോഹിതൻ: ഉപദേശങ്ങൾ വഴി ധൈര്യപ്പെടുത്തുന്നവൻ

"*ബഹളം ശമിച്ചപ്പോൾ പൗലോസ് ശിഷ്യരെ വിളിച്ചുകൂട്ടി ഉപദേശിച്ചതിനുശേഷം, യാത്ര പറഞ്ഞ് മക്കെദോനിയായിലേക്കു പോയി. ആ പ്രദേശങ്ങളിലൂടെ യാത്ര ചെയ്ത് ആളുകളെ ഉപദേശങ്ങൾ വഴി ധൈര്യപ്പെടുത്തിയിട്ട് ഗ്രീസിലെത്തി*" (20,1-2).

"ബഹളം ശമിച്ചപ്പോൾ" എന്നിവിടെ പറയുന്നത്, 19-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന വെള്ളിപ്പണിക്കാരുടെ ലഹളയായിരിക്കാം. എഫേസോസിലെ സഭാംഗങ്ങൾക്ക് ഇത് വലിയ ബുദ്ധിമുട്ടുണ്ടാക്കിയിരിക്കാം. അവർ സ്വീകരിച്ച വിശ്വാസത്തിന്റെ പേരിൽ രാജ്യവ്യാപകമായ ലഹള പൊട്ടിപ്പുറപ്പെട്ടത് അവരെ അസ്വസ്ഥരാക്കിക്കാണും. അതുകൊണ്ട് അവരെ വിളിച്ചുകൂട്ടി കാര്യങ്ങളെല്ലാം വിശദമായി സംസാരിക്കുകയും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്യേണ്ടതായി വന്നുകാണും. ക്രിസ്തീയവിശ്വാസം ഒരു ദേശീയ കലാപത്തിനു വഴിയൊരുക്കുക എന്നു പറഞ്ഞാൽ അത് വളരെ ഗൗരവമായി കാണേണ്ടതും കൈകാര്യം ചെയ്യേണ്ടതുമാണ്. മിശിഹായുടെ സുവിശേഷം സമാധാനത്തിന്റെ സുവിശേഷമാണ്. അതുകൊണ്ട് ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ വിശ്വാസികൾക്ക് അവരുടെ വിശ്വാസത്തെക്കുറിച്ച് വേണ്ടവിധത്തിലുള്ള ഉപദേശങ്ങൾ നല്കേണ്ടത് അജപാലകധർമ്മമാണ്.

മക്കെദോനിയായിലേക്കുള്ള യാത്രാമദ്ധ്യേ ആ പ്രദേശങ്ങളിലുള്ള ആളുകളെ ഉപദേശങ്ങൾവഴി ധൈര്യപ്പെടുത്തിയെന്നും ഇവിടെ എടുത്തുപറയുന്നു (20,2). ക്രിസ്തീയവിശ്വാസികൾക്ക് എപ്പോഴും പ്രതിസന്ധികളെ നേരിടേണ്ടിവരും. കാരണം, ക്രിസ്തീയവിശ്വാസം ലോകത്തിന്റെ ചിന്താഗതിക്കും മൂല്യങ്ങൾക്കും കടകവിരുദ്ധമാണ്. അതുപോലെതന്നെ പ്രായത്തിനും സാഹചര്യങ്ങൾക്കുമനുസൃതമായുള്ള വെല്ലുവിളികൾ എല്ലാ വിശ്വാസികൾക്കും അനുഭവപ്പെടുകയും ചെയ്യും. ഈ പശ്ചാത്തലത്തിൽ വിശ്വാസികളെ ഉപദേശങ്ങൾ വഴി ധൈര്യപ്പെടുത്തുക എന്നത് എല്ലാ പുരോഹിതരുടെയും അജപാലകധർമ്മമാണ്.

**2. പുരോഹിതൻ: കുർബാനാഘോഷത്തിലൂടെ സഭാസമൂഹത്തെ കെട്ടിപ്പടുക്കുന്നവൻ**

*"ആഴ്ചയുടെ ആദ്യ ദിവസം അപ്പം മുറിക്കാൻ ഞങ്ങൾ ഒരുമിച്ചുകൂടി. അടുത്തദിവസം യാത്ര പുറപ്പെടേണ്ടിയിരുന്നതുകൊണ്ട് പൗലോസ് അവരോടു പ്രസംഗിച്ചു. അർധരാത്രിവരെ പ്രസംഗം ദീർഘിച്ചു. ഞങ്ങൾ സമ്മേളിച്ചിരുന്ന മുകളിലത്തെ നിലയിൽ അനേകം വിളക്കുകൾ കത്തിക്കൊണ്ടിരുന്നു. എവുത്തിക്കോസ് എന്നു പേരുള്ള ഒരു യുവാവു ജനൽപടിയിൽ ഇരിക്കുകയായിരുന്നു. പൗലോസിന്റെ പ്രസംഗം ദീർഘിച്ചതിനാൽ അവൻ ഗാഢനിദ്രയിലാണ്ടു. നിദ്രാധീനനായ അവൻ മൂന്നാം നിലയിൽനിന്നു താഴെ വീണു. അവനെ ചെന്ന് എടുക്കുമ്പോൾ മരിച്ചുകഴിഞ്ഞിരുന്നു. എന്നാൽ, പൗലോസ് താഴെയിറങ്ങിച്ചെന്ന് കുനിഞ്ഞ് അവനെ ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു: ഭയപ്പെടേണ്ട, അവനു ജീവനുണ്ട്"* (20,7-10).

നടപടിഗ്രന്ഥത്തിൽ ആദ്യമായിട്ടാണ് ഞായറാഴ്ച ആചരണത്തെക്കുറിച്ചും അതിനോടു ബന്ധപ്പെട്ട അപ്പം മുറിക്കൽ ശുശ്രൂഷയെക്കുറിച്ചും പ്രതിപാദിക്കുന്നത്. ത്രോവാസിനോടു വിട പറയുന്ന സന്ദർഭത്തോടനുബന്ധിച്ച് പൗലോസ്ശ്ലീഹാ അപ്പം മുറിക്കൽ ശുശ്രൂഷ നടത്തുകയാണ്. വിടവാങ്ങൽ സന്ദർഭമായതുകൊണ്ട് വചനശുശ്രൂഷ അർദ്ധരാത്രിവരെ നീണ്ടുപോയി. അതുകൊണ്ട് നിദ്രാധീനനായ എവുത്തിക്കോസ് എന്നു പേരുള്ള യുവാവ് മൂന്നാം നിലയിൽനിന്നു താഴെ വീണു മരിച്ചുപോവുകയും പൗലോസ് അയാളെ അത്ഭുതകരമായി ജീവിപ്പിക്കുകയും ചെയ്യുന്നു. അതിനുശേഷം 'അപ്പം മുറിക്കൽ' ശുശ്രൂഷ പൂർത്തിയാക്കി ശ്ലീഹാ ത്രോവാസിനോടു വിട പറയുന്നു. പൗലോസ് ശ്ലീഹായിലൂടെ നടന്ന അത്ഭുതം കുർബാനയിലെ വചനശുശ്രൂഷയുടെ

പ്രാധാന്യവും ആധികാരികതയും സൂചിപ്പിക്കുവാൻ ദൈവം നൽകിയ ഒരടയാളമാണ്.

സഭാസമൂഹം കെട്ടിപ്പടുക്കപ്പെടുന്നത് ഞായറാഴ്ച ആചരണത്തി ലൂടെയും അതിന്റെ കേന്ദ്രബിന്ദുവായ അപ്പം മുറിക്കൽ ശുശ്രൂഷയിലൂ ടെയുമാണ്. കുർബാന സഭയെ പടുത്തുയർത്തുന്നു എന്നുള്ളത് സഭ യുടെ ഔദ്യോഗിക പ്രബോധനമാണ്. വിശുദ്ധ പൗലോസ്ശ്ലീഹാ സഭാ സമ്മേളനം എന്നു വിശേഷിപ്പിക്കുന്നത് പരിശുദ്ധ കുർബാനയാഘോ ഷത്തിന് ഒന്നിച്ചുകൂടുന്ന സമൂഹത്തെയാണ് (1 കൊറി 11,18). 'അപ്പം മുറിക്കൽ' ശുശ്രൂഷ കുർബാനയർപ്പണമാണ്. അതിന് 'വചനശുശ്രൂഷ' എന്നും 'കൂദാശാശുശ്രൂഷ' എന്നും രണ്ടു ഭാഗങ്ങളാണല്ലോ ഉള്ളത്. രണ്ടിലും പൂർണമായ ഭാഗഭാഗിത്വമുണ്ടെങ്കിലേ സഭാസമൂഹം വേണ്ട വിധത്തിൽ നിർമ്മിക്കപ്പെടുകയുള്ളു. അതുകൊണ്ട് പുരോഹിതൻ ശരി യായ രീതിയിൽ പരിശുദ്ധ കുർബാനയാഘോഷം നടത്തിയും കുർബാനയാഘോഷത്തിൽ സജീവമായി പങ്കുചേരുവാൻ ജനങ്ങളെ പരിശീലിപ്പിച്ചും സഭാസമൂഹത്തെ കെട്ടിപ്പടുക്കുന്നവനാകണം.

**3. പുരോഹിതൻ: വിശ്വാസം പഠിപ്പിക്കുകയും ജീവിതസാക്ഷ്യം നല്കുകയും ചെയ്യുന്നവൻ**

''*അവർ വന്നപ്പോൾ അവൻ പറഞ്ഞു: ഞാൻ ഏഷ്യയിൽ കാലു കുത്തിയ ദിവസംമുതൽ, എല്ലാ സമയവും നിങ്ങളുടെ മധ്യത്തിൽ എങ്ങനെ ജീവിച്ചുവെന്നു നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലോ. പൂർണ വിനയത്തോടും കണ്ണുനീരോടും യഹൂദന്മാരുടെ ഗൂഢാലോചനയാൽ എനിക്കുണ്ടായ പരീക്ഷണങ്ങളോടുംകൂടി ഞാൻ കർത്താവിനു ശുശ്രൂഷ ചെയ്തു. നിങ്ങളുടെ നന്മയ്ക്കുതകുന്ന ഏതെങ്കിലും കാര്യം നിങ്ങൾക്കു പറഞ്ഞുതരാൻ ഞാൻ മടി കാണിച്ചിട്ടില്ല. പൊതുസ്ഥലത്തു വച്ചും വീടുതോറും വന്നും ഞാൻ നിങ്ങളെ പഠിപ്പിച്ചു. ദൈവത്തിലേ ക്കുള്ള മനഃപരിവർത്തനത്തെക്കുറിച്ചും നമ്മുടെ കർത്താവായ ഈശോ യിലുള്ള വിശ്വാസത്തെക്കുറിച്ചും യഹൂദരുടെയും ഗ്രീക്കുകാരുടെയുമിട യിൽ ഞാൻ സാക്ഷ്യം നല്കി*" (20,18-21).

മിലേത്തോസിലായിരുന്നപ്പോൾ പൗലോസ് എഫേസോസിലേക്ക് ആളയച്ച് സഭയിലെ ശ്രേഷ്ഠന്മാരെ വരുത്തി (20,17). ശ്ലീഹന്മാരുടെ പിൻഗാമികളായി സഭാശുശ്രൂഷ നിർവഹിച്ചിരുന്നവരാണ് 'ശ്രേഷ്ഠന്മാർ'. ഇവരെ 'പ്രസ്ബിത്തെരോയി' എന്ന് 17-ാം വാക്യത്തിലും 'എപ്പിസ്കോ പ്പോയി' എന്ന് 28-ാം വാക്യത്തിലും വിശേഷിപ്പിക്കുന്നുണ്ട്. പുതിയനിയമ

കാലഘട്ടത്തിൽ ശ്ലീഹന്മാരുടെ പിൻഗാമികളായി പ്രാദേശികസഭകളെ നയിക്കുവാൻ നിയുക്തരായിരുന്നവരെ 'പ്രസ്ബിറ്റർ' (ശ്രേഷ്ഠന്മാർ) എന്നും 'എപ്പിസ്കോപ്പോസ്' (മെത്രാൻ) എന്നും വിശേഷിപ്പിച്ചിരുന്നു. 'ശ്രേഷ്ഠന്മാർ' എന്നുള്ളത് യഹൂദപാരമ്പര്യവും 'മെത്രാന്മാർ' എന്നുള്ളത് ഗ്രീക്കു പാരമ്പര്യവുമായിരുന്നു. ഇവരുടെ പിൻതലമുറക്കാരാണ് ഇന്നത്തെ 'വൈദികർ' അഥവാ 'പുരോഹിതർ'. പുരോഹിതരും മെത്രാന്മാരും തമ്മിലുള്ള വ്യത്യാസം പിന്നീട് സഭയിൽ രൂപപ്പെട്ടതാണ്. പ്രാദേശിക സഭാസമൂഹങ്ങൾക്ക് അജപാലക നേതൃത്വം വഹിക്കുന്നവരായിരുന്നു ഇവർ. ഇവർക്കുള്ള പൗലോസിന്റെ ഉപദേശം സഭയിലെ അജപാലകർക്കെല്ലാം മാർഗ്ഗനിർദ്ദേശകമാണ്.

താൻ അവരുടെ മദ്ധ്യേ എങ്ങനെ ജീവിച്ചുവെന്നും എപ്രകാരം അവർക്കു ശുശ്രൂഷ ചെയ്തുവെന്നുമാണ് ശ്ലീഹാ ആദ്യമായി പറയുന്നത്. തന്റെ ജീവിതം കർത്താവിനുള്ള ശുശ്രൂഷയായിട്ടാണ് ശ്ലീഹാ വിശേഷിപ്പിക്കുന്നത് (20,18-19). ശുശ്രൂഷാപൗരോഹിത്യം എന്നാണല്ലോ നമ്മുടെ പൗരോഹിത്യം വിശേഷിപ്പിക്കപ്പെടുന്നത്. പുരോഹിതന്റെ ജീവിതം സഭാശുശ്രൂഷയായി മാറണം എന്ന് ഇതു സൂചിപ്പിക്കുന്നു. സഭ മിശിഹായുടെ ശരീരമായതുകൊണ്ട് അപ്രകാരമുള്ള പൗരോഹിത്യജീവിതം കർത്താവിനുള്ള ശുശ്രൂഷയായിത്തീരുന്നു. പൗലോസ് സ്വയം വിശേഷിപ്പിക്കുന്നത് 'ഈശോമിശിഹായുടെ ദാസൻ' എന്നാണല്ലോ (റോമാ 1,1). തന്റെ ശുശ്രൂഷ താൻ നിർവഹിച്ചത് വിശ്വാസം പഠിപ്പിച്ചും വിശ്വാസത്തിനു സാക്ഷ്യം നല്കിയുമാണെന്ന് ശ്ലീഹാ പ്രത്യേകം എടുത്തു പറയുന്നു (20,20-21). വിശ്വാസികളുടെ സമൂഹമാണല്ലോ സഭ (4,32). അതുകൊണ്ട് പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ പ്രഥമ ദൗത്യം വിശ്വാസം പഠിപ്പിക്കുക എന്നതാണ്. അത് സ്വന്തം വിശ്വാസജീവിതത്തിന്റെ പിൻബലത്തോടുകൂടെയുമായിരിക്കണം.

**4. പുരോഹിതൻ: ദൗത്യനിർവഹണം ജീവിതലക്ഷ്യമാക്കിയവൻ**

*"ഇതാ, ഇപ്പോൾ പരിശുദ്ധാത്മാവിനാൽ നിർബന്ധിതനായി ഞാൻ ജറുസലേമിലേക്കു പോകുന്നു. അവിടെ എനിക്ക് എന്തു സംഭവിക്കുമെന്ന് അറിഞ്ഞുകൂടാ. കാരാഗൃഹവും പീഡനങ്ങളുമാണ് എന്നെ കാത്തിരിക്കുന്നതെന്ന് എല്ലാ നഗരത്തിലും പരിശുദ്ധാത്മാവ് എനിക്കു വ്യക്തമാക്കിത്തരുന്നുണ്ട് എന്നു മാത്രം എനിക്കറിയാം. എന്നാൽ, എന്റെ ജീവൻ ഏതെങ്കിലും വിധത്തിൽ വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല. എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും ദൈവത്തിന്റെ കൃപയുടെ*

*സുവിശേഷത്തിനു സാക്ഷ്യം നൽകാൻ കർത്താവായ ഈശോ യിൽനിന്നു ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിർവഹിക്കണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ*" (20,22–24).

പരിശുദ്ധാത്മാവിനാൽ നിർബന്ധിതനായിട്ടാണ് താൻ ജറുസലേമിലേക്കു പോകുന്നതെന്നും, അവിടെ തനിക്ക് എന്തു സംഭവിക്കുമെന്ന് തനിക്കറിഞ്ഞുകൂടാ എന്നും, അതേസമയം എല്ലായിടത്തും കാരാഗൃഹവും പീഡനങ്ങളുമാണ് തന്നെ കാത്തിരിക്കുന്നതെന്ന് പരിശുദ്ധാത്മാവ് തനിക്കു വ്യക്തമാക്കിത്തരുന്നുണ്ടെന്നും ശ്ലീഹാ പറയുന്നു (20,22–23). ഒരു വശത്ത് ദൈവം ഒരു പിതാവിനെപ്പോലെ തന്റെ ജീവിതത്തെ നയിക്കുന്നുണ്ടെന്ന് ശ്ലീഹായ്ക്കു ബോദ്ധ്യമുണ്ട്. അതേസമയം, തനിക്ക് എന്താണു സംഭവിക്കാൻ പോകുന്നതെന്ന് വ്യക്തമായി അറിയുന്നുമില്ല. ഇത് മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരമായ സ്വഭാവമാണ്. കാരണം ദൈവകൃപയുടെ പ്രവർത്തനം മനുഷ്യരുടെ സ്വതന്ത്രമായ പ്രവർത്തനത്തെ ഇല്ലാതാക്കുന്നില്ല; അതിനെ ബഹുമാനിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ദൈവത്തിന്റെ ശുശ്രൂഷകരുടെ ജീവിതത്തിൽ എപ്പോഴും ഭാവിയെപ്പറ്റി അല്പം ആശങ്കയും അസ്വസ്ഥതയും ഉണ്ടാവുമെന്നുള്ളതിന് സംശയമില്ല. അതുകൊണ്ട് മിശിഹായുടെ ശുശ്രൂഷകർ എളിമയോടെ അവരുടെ ബലഹീനതയെക്കുറിച്ച് അവബോധമുള്ളവരായിരിക്കണം. അതേസമയം അവർ 'കർത്താവിനു പ്രസാദകരമായിട്ടുള്ളവ എന്തെന്നു വിവേചിച്ചറിയുവാൻ' ശ്രമിക്കുന്നവരുമാകണം (എഫേ5,10).

തന്റെ ജീവിതത്തെക്കുറിച്ചുള്ള ഈ ആശങ്ക തന്റെ ദൗത്യനിർവഹണത്തെ ഒരു തരത്തിലും ബാധിക്കരുതെന്നും ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്: "എന്നാൽ, എന്റെ ജീവൻ ഏതെങ്കിലും വിധത്തിൽ വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല. എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിനു സാക്ഷ്യം നല്കാൻ കർത്താവായ ഈശോയിൽനിന്നു ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിർവഹിക്കണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ" (20,24). ഈശോമിശിഹായോടുള്ള സ്നേഹം, തന്റെ സ്വന്തം ജീവിതത്തിനു ഒരു പ്രാധാന്യവും കല്പിക്കാത്ത ഒരവസ്ഥ പൗലോസിൽ ഉളവാക്കി. താൻ എന്തു ചെയ്യണമെന്നു ദൈവം ആവശ്യപ്പെടുന്നുവോ, അതു ചെയ്യുക എന്നതിലുപരി ഒന്നിനും പ്രാധാന്യമില്ലാത്ത ഒരു സ്ഥിതിവിശേഷം ശ്ലീഹായിലുണ്ടായി. "എനിക്കു ജീവിക്കുക മിശിഹായാണ്" (ഫിലി 1,21). ഇതുതന്നെയാണ് സഭാശുശ്രൂഷകരായ പുരോഹിതരിലും ഉണ്ടാകേ

ണ്ടത്. അവരുടെ ജീവിതലക്ഷ്യം ദൈവത്താൽ ഏല്പിക്കപ്പെട്ട ദൗത്യ നിർവഹണമാകണം.

**5. പുരോഹിതൻ: ജാഗ്രതയുള്ള അജപാലകൻ**

*"നിങ്ങളെയും അജഗണം മുഴുവനെയുംപറ്റി നിങ്ങൾ ജാഗരൂക രായിരിക്കുവിൻ. കർത്താവു സ്വന്തം രക്തത്താൻ നേടിയെടുത്ത ദൈവ ത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവു നിയോഗിച്ചിരിക്കുന്ന അജപാലകരാണു നിങ്ങൾ. എന്റെ വേർപാടിനുശേഷം ക്രൂരരായ ചെന്നാ യ്ക്കൾ നിങ്ങളുടെ മധ്യേ വരുമെന്നും അവ അജഗണത്തെ വെറുതെ വിടുകയില്ലെന്നും എനിക്കറിയാം. ശിഷ്യരെ ആകർഷിച്ചു തങ്ങളുടെ പിന്നാലെ കൊണ്ടുപോകാൻവേണ്ടി സത്യത്തെ വളച്ചൊടിച്ചു പ്രസം ഗിക്കുന്നവർ നിങ്ങളുടെയിടയിൽത്തന്നെ ഉണ്ടാകും"* (20,28-30).

ശ്രേഷ്ഠന്മാരോടുള്ള പൗലോസിന്റെ വിടവാങ്ങൽ പ്രസംഗത്തിന്റെ അവസാനഭാഗത്ത് അവരുടെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന അജഗണം മുഴുവനെയുംപറ്റി ജാഗ്രതയുള്ളവരായിരിക്കണമെന്ന് അവരെ ഓർമ്മിപ്പിക്കുന്നു. സഭയെ 'അജഗണം' എന്നും സഭാനേതൃത്വശുശ്രൂഷ നിർവഹിക്കുന്നവരെ 'ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശു ദ്ധാത്മാവു നിയോഗിച്ചിരിക്കുന്ന 'അജപാലകർ' എന്നും ശ്ലീഹാ വിശേഷി പ്പിക്കുന്നു. ദൈവജനത്തെ അജഗണമായി ചിത്രീകരിക്കുന്ന പാരമ്പര്യം പഴയനിയമത്തിൽത്തന്നെയുണ്ട് (സങ്കീ 100,3; ഏശ 40,11; ജറെ 13,17). പുതിയനിയമത്തിൽ സഭയെ അജഗണമായി അവതരിപ്പിക്കുകയും ഈ അജഗണത്തിന്റെ ഇടയൻ ഈശോ മാത്രമാണെന്നും വ്യക്തമാക്കു ന്നുണ്ട് (യോഹ 10,1-16; 21,15-17). സഭയാകുന്ന അജഗണത്തെ ഈശോ സ്വന്തമാക്കിയത് തന്റെ ജീവൻതന്നെ വിലയായിക്കൊടുത്താണെന്നും അവരെ ശ്ലീഹാ ഓർമ്മിപ്പിക്കുന്നു (20,28). ഈശോയുടെ സ്നേഹവും സാന്നിദ്ധ്യവും സഭാംഗങ്ങൾക്ക് അനുഭവമായിത്തീരത്തക്കവിധം സഭാ ശുശ്രൂഷ നിർവഹിക്കുവാൻ അജപാലകരായ പുരോഹിതർ ശ്രദ്ധി ക്കണം.

പ്രത്യേകമായി ക്രൂരരായ ചെന്നായ്ക്കൾക്കെതിരെ ജാഗരൂകത പുലർത്തണമെന്നാണ് ശ്ലീഹാ ആവശ്യപ്പെടുന്നത്. നല്ലയിടയനായ ഈശോയുടെ പ്രത്യേകതയായി ഈ സവിശേഷത സുവിശേഷം അവ തരിപ്പിക്കുന്നുണ്ട് (യോഹ 10,11-13). ഇവിടെ 'ചെന്നായ്ക്കൾ' എന്നു വിശേഷിപ്പിക്കുന്നത് സത്യത്തെ വളച്ചൊടിച്ചു പ്രസംഗിച്ച് വിശ്വാസികളെ ആകർഷിച്ച് തങ്ങളുടെ പിന്നാലെ കൊണ്ടുപോകുന്നവരെയാണ്. ഇപ്ര കാരം ചെയ്യുന്നവർ സഭയിൽത്തന്നെയുണ്ടാകുമെന്നും ശ്ലീഹാ പറയുന്നു

(20,29-30). ഇന്നും ഇതു സംഭവിക്കുന്നുണ്ടെന്ന് നമുക്കറിയാം. സഭാ വിരുദ്ധഗ്രൂപ്പുകളുടെ പ്രവർത്തനം ഇന്ന് സജീവമാണ്. അതുകൊണ്ട് അജപാലകരായ പുരോഹിതർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. സഭാവിരുദ്ധ ഗ്രൂപ്പുകളുടെ തെറ്റായ പഠനങ്ങളെക്കുറിച്ചും അവരുടെ സ്വാധീനത്തിൽ പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും വിശ്വാസികളെ ബോധവൽക്കരിക്കുകയും വേണം.

**ജീവിതസൂചിക**

1. വിശ്വാസജീവിതത്തിൽ ഇന്നനുഭവപ്പെടുന്ന വെല്ലുവിളികളെ നേരിടുവാൻ ജനങ്ങളെ ഞാൻ എങ്ങനെ ഒരുക്കുന്നു?
2. സഭയെ ഒരു കൂട്ടായ്മയായി കെട്ടിപ്പടുക്കത്തക്കവിധം ബലിയർപ്പണത്തിൽ പങ്കുചേരുവാൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
3. ജീവിതസാക്ഷ്യത്തോടെ ജനങ്ങൾക്കു വിശ്വാസപ്രബോധനം നല്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
4. ജീവിതത്തിൽ അനുഭവപ്പെടുന്ന പ്രതികൂലാനുഭവങ്ങളെയെല്ലാം മറികടന്ന് ദൗത്യനിർവഹണം ജീവിതലക്ഷ്യമാക്കി ശുശ്രൂഷ ചെയ്യുവാൻ എനിക്കു കഴിയുന്നുണ്ടോ?
5. സഭാവിരുദ്ധ ഗ്രൂപ്പുകളെക്കുറിച്ചും സത്യവിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന സാഹചര്യങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു ?

# തലശ്ശേരി അതിരൂപത സംയുക്ത വൈദികസമിതി സമ്മേളനം

## 2019 ജൂൺ 10, സന്ദേശഭവൻ തലശ്ശേരി
## റിപ്പോർട്ട്

തലശ്ശേരി അതിരൂപതയിലെ സാമന്തരൂപതകളുടെ സംയുക്ത വൈദികസമിതി സമ്മേളനം 2019 ജൂൺ മാസം 10-ാം തീയതി തലശ്ശേരി സന്ദേശഭവനിൽ വച്ച് രാവിലെ 10.15 ന് ചേർന്നു. ഈശ്വര പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. പ്രാർത്ഥനകൾക്ക് തലശ്ശേരി അതിരൂപതാ കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ നേതൃത്വം നൽകി. തുടർന്ന് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴിയിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. സഭയെ തകർക്കാൻ തല്പര കക്ഷികൾ കിണഞ്ഞു പരിശ്രമിക്കുമ്പോൾ കൂട്ടായ്മയിലൂടെ മാത്രമെ അതിനെ അതിജീവിക്കാൻ സാധിക്കുകയുള്ളുവെന്നും അതിന് ഇത്തരമൊരു സംയുക്ത പൗരോഹിത്യ കൂട്ടായ്മ അനിവാര്യമാണെന്നും മാർ ലോറൻസ് മുക്കുഴി അദ്ധ്യക്ഷ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന പ്രസംഗത്തിൽ സഭ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ കൂടുതൽ മെച്ചപ്പെട്ട സംഭാവനകൾ നൽകാൻ മലബാർ രൂപതകളിലെ വൈദിക സമൂഹത്തിനു കഴിയുമെന്നും അതിനെ കഴിഞ്ഞ തലമുറയിലെ നമ്മുടെ വൈദികരുടെ വിശ്വാസതീക്ഷ്ണതയും സമർപ്പണ മനോഭാവവും നമുക്ക് മാതൃകയാക്കാമെന്നും മാർ ജോർജ്ജ് ഞറളക്കാട്ട് അഭിപ്രായപ്പെട്ടു. അവിഭക്ത തലശ്ശേരി രൂപതയുടെ മക്കളായ നമുക്ക് പരിചയം പുതുക്കുന്നതിനും ബന്ധങ്ങൾ ഊട്ടിഉറപ്പിക്കുന്നതിനും ഇത്തരം കൂട്ടായ്മകൾ സഹായകരമാണെന്നും പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം സമ്മേളനത്തിന് ആശംസകളറിയിച്ച് സംസാരിച്ചു.

സമ്മേളനത്തിന്റെ രണ്ടാം ഭാഗം 11. 15 ന് മണ്ഡ്യ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിലിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി വിഷയാവതരണപ്രസംഗം നടത്തി. സഭയിലെ സമകാലീന പ്രതിസന്ധികളുടെ കാരണങ്ങളിലേയ്ക്കുള്ള ഒരെത്തിനോട്ടമായിരുന്നു അദ്ദേഹത്തിന്റെ

പ്രസംഗം. പുറമെനിന്ന് ഒരു ശക്തിയ്ക്കും തകർക്കാനാവാത്ത വിധത്തിലാണ് ക്രിസ്തു സഭയെ രൂപപ്പെടുത്തിയതെന്നും അകമേയുള്ളവരുടെ അലസതയും അശ്രദ്ധയും അവിശ്വസ്തതയുമാണ് സഭയുടെ മുഖം വികൃതമാക്കുന്നതെന്നും അതുകൊണ്ട് സഭയുടെ പുനരുദ്ധാരണം സഭാശുശ്രൂഷകരുടെ ദൗത്യമാണെന്നും പിതാവ് ഓർമ്മിപ്പിച്ചു. സീറോ മലബാർ സഭയുടെ വളർച്ച അൾത്താരയിലെ കൂട്ടായ്മയിലൂടെയാകണമെന്നും അതിന് ആരാധനാക്രമത്തിലുള്ള ഐക്യം കാലഘട്ടത്തിന്റെ അനിവാര്യമാണെന്നും പിതാവ് അഭിപ്രായപ്പെട്ടു. ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ മാത്രമെ സഭയുടെ മുഖഛായ വർദ്ധിപ്പിക്കാനാകുവെന്നും പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് ഓരോ രൂപതകളിലേയും അജപാലനപ്രവർത്തനങ്ങളിലെ വെല്ലുവിളികളെക്കുറിച്ചുള്ള അവലോകനമായിരുന്നു. മോൺ. അലക്സ് താരാമംഗലം-തലശ്ശേരി, മോൺ. അബ്രാഹം നെല്ലിക്കൽ - മാനന്തവാടി, റവ. ഫാ. ബെന്നി മുണ്ടനാട്ട്-താമരശ്ശേരി, റവ. ഫാ. അബ്രാഹം അരീപ്പറമ്പിൽ - ഭദ്രാവതി, റവ. ഫാ. ജോമോൻ കോലഞ്ചേരി - മണ്ഡ്യ, റവ. ഫാ. കുര്യാക്കോസ് വെട്ടുവഴി - ബൽത്തങ്ങാടി എന്നിവർ അതാതു രൂപതകളിലെ അജപാലന പ്രതിസന്ധികളെക്കുറിച്ച് സംസാരിച്ചു. തുടർന്ന് സമ്മേളനത്തിൽ പങ്കെടുത്ത അച്ചൻമാരെ പന്ത്രണ്ടു ഗ്രൂപ്പുകളിലായി തിരിച്ച് ഓരോ ഗ്രൂപ്പും താഴെ പ്രതിപാദിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്തു.

1. മലബാർ പ്രൊവിൻസിലെ രൂപതകൾ തമ്മിലുള്ള ഐക്യവും ബന്ധവും വളർത്താൻ വേണ്ടി ശ്രദ്ധ പതിപ്പിക്കേണ്ട മേഖലകൾ (ആരാധനാ ക്രമ ഐക്യരൂപ്യം, ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള യോജിച്ച പ്രവർത്തനം).
2. വൈദികർ തമ്മിലും വൈദീകരും മേലദ്ധ്യക്ഷനും തമ്മിലുള്ള ഐക്യവും ബന്ധവും വളർത്താൻ എന്ത് ചെയ്യണം?
3. പങ്കാളിത്ത സ്വഭാവമുള്ള നേതൃത്വം വളർത്താൻ രൂപതാ തലത്തിലും, ഇടവകാ തലത്തിലും എന്ത് പ്രവർത്തന രീതികൾ അനുവർത്തിക്കണം?
4. സാമൂഹ്യ, രാഷ്ട്രീയ, കാർഷിക രംഗത്ത് പൊതുവായി പ്രവർത്തിക്കാൻ എന്ത് ചെയ്യണം? (രാഷ്ട്രീയ ശക്തിയാകേണ്ട ആവശ്യം, സാംസ്കാരിക രംഗത്തെ നമ്മുടെ സാന്നിധ്യം, ഭക്ഷ്യ സ്വയംപര്യാപ്തത).

5. സന്യസ്തരുടെ ഇടവകാ പ്രവർത്തനങ്ങളെ പുനഃക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയും സന്യസ്ത ദൈവവിളികളുടെ അപര്യാപ്തതയും! (ഇടവകയിൽ മുഴുവൻ സമയവും സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന് ശമ്പളം, മുതലായവ.)
6. ഇടവക കൂട്ടായ്മയ്ക്ക് ദോഷകരമായി ബാധിക്കുന്ന അവസ്ഥകളും സാഹചര്യങ്ങളും വിശകലനം ചെയ്യുക. (ഇടവക കൂട്ടായ്മയ്ക്ക് സമാന്തരമായി മറ്റ് ഗ്രൂപ്പുകളിലേക്ക് പോകുന്നവർ, ഇടവക ജനതയുടെ നിസ്സംഗതയും അസഹിഷ്ണുതയും)
7. സാമൂഹ്യ സമ്പർക്ക ഇടങ്ങളിലെ സഭയുടെ ഇടപെടൽ എപ്രകാരം ഫലവത്താക്കാം. (ഓൺ ലൈൻ മാധ്യമങ്ങൾ, Common Social Media Plat Form, ദീപിക ദിനപത്രം മുതലായവ.)

എല്ലാ ഗ്രൂപ്പുകളുടേയും ചർച്ചകളുടെ റിപ്പോർട്ട് ക്രോഡീകരിച്ച് റവ.ഫാ. ബെന്നി മുണ്ടനാട്ട് അവതരിപ്പിച്ചു. ഏറ്റവുമൊടുവിൽ നടന്ന പൊതുചർച്ചകൾക്ക് മാർ ജോർജ്ജ് ഞറളക്കാട്ട് നേതൃത്വം നൽകി. ചർച്ചയിലെ പൊതു തീരുമാനങ്ങൾ:

1. അതിരൂപത സംയുക്ത വൈദിക സമിതി വർഷത്തിലൊരിക്കൽ വ്യത്യസ്ത രൂപതകളിലായി നടത്തുക.
2. മലബാറിലെ എല്ലാ രൂപതകളിലും വി. കുർബ്ബാനയർപ്പണം ഏകീകരിക്കുന്നതിനായി ഓരോ രൂപതകളിലേയും പ്രസ്ബിത്തേരിയത്തെ അതിരൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ എല്ലാ പിതാക്കൻമാരും ഒന്നിച്ച് കണ്ട് സംസാരിക്കാനും സാവകാശം മലബാറിലെ എല്ലാ രൂപതകളിലും സിനഡിന്റെ നിർദ്ദേശപ്രകാരമുള്ള വി. കുർബ്ബാനയർപ്പണം നടപ്പിലാക്കാനും തീരുമാനിച്ചു. ഇതിന്റെ ഭാഗമായി മതബോധനാവശ്യത്തിനായി ഇനി മുതൽ കുർബ്ബാന പുസ്തകം അച്ചടിക്കുമ്പോൾ സിനഡ് നിർദേശിച്ചിരിക്കുന്ന രീതിയിൽ മാത്രം തയ്യാറാക്കുക.
3. മലബാറിലെ വൈദിക കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തലശ്ശേരി പ്രൊവിൻസിലെ മേജർ സെമിനാരി വിദ്യാർത്ഥികളുടെ ഒരു സംഗമം വർഷം തോറും സംഘടിപ്പിക്കുക.
4. രൂപതകളിലെ സംഘടനാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംഘടനകളുടെ ഡയറക്ടർമാരുടെ യോഗം വർഷത്തിൽ ഒന്നോ രണ്ടോ തവണ ഒന്നിച്ചുചേരുക.

5. ഭാരത സുവിശേഷവത്കരണത്തിന്റെ ഭാഗമായി ഷംഷാബാദ് രൂപതയുടെ പരിധിയിൽപ്പെട്ട അരുണാചൽ പ്രദേശ് സംസ്ഥാനം തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, ഇടുക്കി രൂപതകളുടെ ആഭിമുഖ്യത്തിൽ ഏറ്റെടുത്ത് 2020 ഫെബ്രുവരി മാസം മുതൽ അജപാലനശുശ്രൂഷകൾ ആരംഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

6. എറണാകുളം അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ തലശ്ശേരി പ്രൊവിൻസിലെ എല്ലാ രൂപതകളും മേജർ ആർച്ച് ബിഷപ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന് പിന്തുണ അറിയിക്കുന്നുവെന്നും കാർഷികമേഖയിലെ പ്രതിസന്ധികളിൽ സഭയെന്നും കർഷകർക്കൊപ്പമാണെന്നും പത്രക്കുറിപ്പിലൂടെ അറിയിക്കാനും തീരുമാനിച്ചു.

ഈ മീറ്റിഗിന്റെ പൊതുവികാരം ഇതിൽ പങ്കെടുത്ത വൈദീകർ അതാതു രൂപതകളിലെ മറ്റ് വൈദീകരെ ബോദ്ധ്യപ്പെടുത്തണമെന്ന് മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ എല്ലാവർക്കും നന്ദി അറിയിക്കുകയും നാലു മണിയോടുകൂടി തലശ്ശേരി അതിരൂപതാ സംയുക്ത സമിതിയുടെ പ്രഥമ സമ്മേളനം അവസാനിക്കുകയും ചെയ്തു.

**സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ**
തലശ്ശേരി അതിരൂപത

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ്ജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിക്കൽ എന്നീ വൈദികരുടെ ചരമദിനമാണ്. അന്നേ ദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും വി. കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

**കൂരിയ അവധി**

ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 15 മുതൽ 20 വരെയും 22 മുതൽ 27 വരെയും രൂപതാ കൂരിയ അവധിയായിരിക്കും.

**മതബോധനദിനം**

സെപ്റ്റംബർ 8-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചനോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധനദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട തോമസ് കാട്ടുതുരുത്തിയിൽ അച്ചനെയും അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

രൂപത മതബോധന പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകമാകുവാൻ സഹായകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഹകരണവും ഇടവകകളിൽ നിന്നും പ്രതീക്ഷിക്കുന്നു.

മതബോധന ദിനത്തെക്കുറിച്ച് മുൻകൂട്ടി ദൈവജനത്തെ ഉദ്ബോധിപ്പിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**ബഹു. വൈദികരുടെ വാർഷികധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം 2 ബാച്ചുകളിലായി സെപ്റ്റംബർ 15 മുതൽ 20 വരെയും 22 മുതൽ 27 വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. അദിലാബാദ് രൂപതാ വൈദികനായ ബഹു. ജോർജ്ജ് കാരാംവേലിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ എത്രയുംവേഗം ജനറാൾ അച്ചനെ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റുചില കാര്യങ്ങൾകൂടി ഓർമ്മിപ്പിക്കട്ടെ.

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജനങ്ങൾക്ക് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.
2. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2018 സെപ്റ്റംബർ മുതൽ 2019 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.
3. PPF ന്റെ വരിസംഖ്യ നൽകാത്തവർ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.
4. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ ഡിസംബർ 31 ന് മുൻപായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കുപുസ്തകം ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## 1ST BATCH - 2019 SEPTEMBER 15 SUNDAY to 20 FRIDAY

| SN | Rev. Frs. Housename & Name |
|---|---|
| 1 | Aikkarathazhath Joseph |
| 2 | Alukka George |
| 3 | Athickal Mathew |
| 4 | Chackalackal Joseph |
| 5 | Chakkulathil Joseph (Tibin) |
| 6 | Chakkittukudiyil Jose |
| 7 | Chakkiyath Xavier (Babu) |
| 8 | Chembakkara James |
| 9 | Cheruthottil Paul |
| 10 | Chettaniyil Thomas |
| 11 | Chettiyassery Joseph (Jaise) |
| 12 | Chirackathottathil Sijesh |
| 13 | Chirayilparambil Thomas |
| 14 | Chitoor Joseph |
| 15 | Edakudiyil Mathew |
| 16 | Elemkunnel Joseph (Tony) |
| 17 | Elemkunnel Sebastian |
| 18 | Elavanappara Sebastian |
| 19 | Elamkunnapuzha Joseph (Sijo) |
| 20 | Iykkarakanayil Thomas |
| 21 | Kachirayil Thomas |
| 22 | Kalappura Vincent |
| 23 | Kalapura Jose |
| 24 | Kalliyatt Devasia |
| 25 | Kallupura Johny |
| 26 | Kappiarumalayil Jose |
| 27 | Kassamkuttiyil Sebastian |
| 28 | Kattuthuruthiyil Thomas |
| 29 | Kazhuthadiyil Mathew |
| 30 | Keezheth Sebastian |
| 31 | Kizhakkanputhupally John |
| 32 | Kizhakkumpuram George |
| 33 | Kochuparackal Kurian |
| 34 | Koipuram Sebastian |
| 35 | Kokkandathil Jilson |
| 36 | Kollamkunnel Varghese |
| 37 | Korandiyarkunnel Paul |
| 38 | Korattiparambil Vincent |
| 39 | Kottackal Stephen |
| 40 | Kottaram Jose |
| 41 | Kottayil Joseph |
| 42 | Koyikattil Thomas |
| 43 | Kulathinal James |
| 44 | Kulirany Jose |
| 45 | Kunnathett James |
| 46 | Kuthukallunkal Francis |
| 47 | Kuttikattukunnel Thomas |
| 48 | Kuttimakkal James |
| 49 | Madapallikunnel Mathew |
| 50 | Madathil Abraham |
| 51 | Manakkunnel Thomas |
| 52 | Mecheril Joseph |
| 53 | Meppurath Chacko |
| 54 | Moonnanal Justin |
| 55 | Mukkattukavunkal Thomas |
| 56 | Mundolickal Paul |
| 57 | Muthanikkattu Justin |
| 58 | Muthirakalayil Joseph |
| 59 | Muthukattil Shantidas |
| 60 | Nechikatt Joseph |

61 Nedumkallel Joseph
62 Nellikunel Francis
63 Nilackappillil Augustine
64 Ousepparampil Joseph
65 Padinjarayil George
66 Padinjarayil Mathew
67 Painunkal Kuriyakose
68 Palakkattu Antony
69 Palath Joseph
70 Palathadathil George
71 Pallichankudiyil Mathai
72 Parambil Kuriakose
73 Peedikappara James
74 Perumattikunnel John
75 Perumattikunnel Thomas
76 Peechattu Joseph
77 Pinakkatt Joseph
78 Plassanal Thomas
79 Poothakkuzhy Jacob
80 Poovathinkal Peter
81 Pudussery Vincent
82 Pulinthanam John
83 Pullankunnel Chacko
84 Pulpayil Joseph
85 Punchayil Lucka
86 Puthenparambil James
87 Puthenpurayil Joseph
88 Puthukulangara Thomas
89 Puthukulathil John
90 Thadathil Luke
91 Thamarasseril Vincent
92 Thekkepera Mathew
93 Thuruthel Kuriakose
94 Thayil Jose
95 Thykunnumpuram Thomas
96 Vadassery Thomas
97 Vadayaparambil Sony
98 Valachannath Cyriac
99 Vattukulathil Mathew
100 Vazhakatt Joseph
101 Vazhakkala Chackochan
102 Vazhappilly Paul
103 Vazhayil Kurian
104 Vazhakkalayil Jose
105 Venakkuzhy Mathai

## IInd BATCH - 2019 SEPTEMBER 22 SUNDAY to 27 FRIDAY

| SN | Rev.Frs. Housename & Name |
|---|---|
| 1 | Alumkal Joseph |
| 2 | Chakkittakudiyil James |
| 3 | Chavaranal Thomas |
| 4 | Chittarackal Varghese (Sanoj) |
| 5 | Chelackapallil Thomas |
| 6 | Chempalayil Augustine |
| 7 | Choorapuzhayil John |
| 8 | Chozhenparambil John |
| 9 | Edayakondattu Paul |
| 10 | Elavunkal Johny |
| 11 | Elayidathu Mani |
| 12 | Kakkattikalayil Sebastian |
| 13 | Kakkonal Manoj |
| 14 | Kalambukattu Joseph (Jaimon) |
| 15 | Kalappura Alex |
| 16 | Kalarickal Paul |
| 17 | Karukapally Joseph |
| 18 | Kanippallil Georgekutty |
| 19 | Kattath Thomas (Anish) |
| 20 | Kappiarumalayil John |
| 21 | Karuthedath Mathew (Rajeesh) |
| 22 | Kattamkottil Thomas (Aneesh) |

23 Kattamkottil Joseph (Saji)
24 Kattarath Mathew
25 Karuthedath Mathew (Manoj)
26 Kavalakkadan Varghese
27 Kizhakkanputhupally Varghese
28 Kocharackal Jose
29 Kochuparackal Mathew
30 Kollarthottam Mathew
31 Koottala Paul
32 Kudakkachira Jojo
33 Kumbukal James
34 Kunnath Johny
35 Kunnath Kuriakose
37 Kuzhikandathil Joseph
38 Madapallikunnel Antony (Sibi)
39 Madathil Sebastian
40 Malayil Mathew
41 Mampallil Anto
42 Mampallil George
43 Mangalathil Thomas
44 Manikuttiyil Kurian
45 Mankottil James
46 Manjakunnel Mathew
47 Mannoor Thomas
48 Maplassery Lukose
49 Mattam Gervasis
50 Mavara Stanislaus
51 Moloparambil Jose
52 Moolayil Thomas (Jimmy)
53 Moothedath Mathew
54 Moothedath Thomas
55 Mulakodiyankal Varghese
56 Mulavelikunnel Jacob (Shaju)
57 Mundackal Jose
58 Mundackamattam Jose
59 Munjanattu Mathew
60 Muthirakalayil George
61 Muthukathaniyil Varghese
62 Myladoor George
63 Nanthikatt Joseph
64 Nellickal Abraham
65 Olickal Thomas (Jimmy)
66 Onnampally Jerry
67 Ottaplackal Thomas
68 Oravaranthara Vincent
69 Paikkatt Mathew
70 Painumkal George (Lal)
71 Pakkanikuzhy Sebastian
72 Palakatt Augustine
73 Parackal Varghese
74 Parayil Sebastian
75 Pariyappanal Thomas
76 Parunthanolil Thomas
77 Paruvummel Joseph
78 Periappuram Mathew
79 Perumattikunnel Mathew
80 Ponparackal John
81 Ponthottiyil Thomas
82 Pudussery Martin
83 Pulinthanam Jose
84 Pullamkunel Joy
85 Punakkatt Chandy
86 Punnakkapadavil Sebastian
87 Puthen Sebastian

88 Puthenpura John
89 Puthenpura Augustine
90 Puthenpurackal Mathew
91 Puthenpurayil Manuel
92 Thanniyil Augustine
93 Thattuparambil Varghese
94 Thekkanady Jose
95 Thekkilakkatil Mathew
96 Therakam Thomas Joseph
97 Thenpally Nishwin
98 Thondiparambil Sebastian
99 Thuruthel Joseph
100 Thuruthel Thomas
101 Unnippally Sebastian
102 Urumbil Joseph
103 Vadakkemulanjanal Michael
104 Vadayaparambil Jose
105 Valakodiyil Dominic
106 Valloppilly Joseph
107 Vathelil Abraham
108 Vattukunnel Issac
109 Vazhachalil Thomas

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Paul Vazhappilly, the Director of Pastoral Centre. His Mobile No. 9483045305

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

## ബത്തേരി ഫൊറോന

ഓഗസ്റ്റ് മാസത്തെ ബത്തേരി ഫൊറോനയിലെ വൈദികരുടെയും സന്യസ്തസഹോദരന്മാരുടേയും മാസധ്യാനം 6-08-2019 ചൊവ്വാഴ്ച പഴൂർ സെന്റ് ആന്റണീസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരിയായ ജോൺ പുതുക്കുളത്തിൽ അച്ചൻ ഏവരേയും സ്വാഗതം ചെയ്തു. 1 രാജ. 8:8 മുതലുള്ള വാക്യങ്ങളെയും എസക്കിയേൽ 8 മുതലുള്ള അദ്ധ്യായങ്ങളെ ആസ്പദമാക്കി ധ്യാനചിന്തകൾ പങ്കുവെച്ചു. നമ്മുടെ പൗരോഹിത്യജീവിതത്തിലും വിശ്വാസ യാത്രയിലെയും അപചയങ്ങൾക്കു കാരണം ദേവാലയത്തിന്റെ മഹിമ മനസിലാക്കാതെ ബന്ധങ്ങളിൽ സംഭവിക്കുന്ന മ്ലേച്ഛതകളാണെന്നു അച്ചൻ ഓർമ്മപ്പെടുത്തി. ദേവാലയത്തിന്റെ അർത്ഥതലങ്ങൾ മനസിലാക്കുവാൻ നമ്മുടെ ശരീരമാകുന്ന, കുടുംബമാകുന്ന, ഇടവക കുടുംബമാകുന്ന, സഭയാകുന്ന ദൈവത്തിന്റെ ആലയത്തെ നാം ബഹുമാനിക്കണമെന്നും, ദൈവാലയത്തിൽ പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രാർത്ഥന കേൾക്കാനുള്ള കാരണങ്ങളും അച്ചൻ പങ്കുവെച്ചു.

തുടർന്നുള്ള സമ്മേളനത്തിന് ഫൊറോന വികാരി റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ അധ്യക്ഷത വഹിച്ചു. ഫൊറോനയിലേക്കു പുതിയതായി കടന്നുവന്ന സന്യാസ വൈദികരെ അച്ചൻ സ്വാഗതം ചെയ്തു. തുടർന്ന് നടന്ന ചർച്ചകളിൽ സംഘടനകളുടെ പ്രവർത്തനങ്ങളെപ്പറ്റി ആലോചിച്ചു. മാതൃവേദി ഡയറക്ടർ ഫാ. തോമസ് തൈക്കുന്നുംപുറം സെപ്റ്റംബർ മാസത്തിൽ സാഹിത്യ മത്സരവും, വിധവാ സംഗമവും കുടുംബക്കൂട്ടായ്മ വൈസ് പ്രസിഡന്റുമാരായ അമ്മമാരുടെ സംഗമവും നടത്തുവാൻ തീരുമാനിച്ചു. മിഷൻലീഗ് ഡയറക്ടർ ഫാ.ജോബി മുക്കാട്ടുകാവുങ്കൽ മേഖലാ കൗൺസിൽ നടന്നതും മേഖല മാർഗ്ഗരേഖ പ്രകാശനം ചെയ്തതും യൂത്ത് മിനിസ്ട്രിയുടെയും മിഷൻലീഗ് ബത്തേരി മേഖലയുടെയും ഡോൺ ബോസ്ക്കോ കോളേജിന്റേയും ആഭിമുഖ്യത്തിൽ നടന്ന വയനാട് ജോബ് ഫെയറിന്റെ വിജയത്തിനായി പ്രയത്നിച്ച അച്ചന്മാർക്ക് നന്ദിയർപ്പിച്ചു. സെപ്റ്റംബർ 13 ന് മേഖലാ കലാമത്സരം ബത്തേരി അസംപ്ഷൻ ശാഖയിൽ വെച്ച് നടക്കുമെന്ന് അറിയിച്ചു. കെ.സി.വൈ.എം. ഡയറക്ടർ ഫാ. രജീഷ് കറുത്തേടത്ത് കെ.സി.വൈ.എം. യൂണിറ്റുകൾ ഇടവകകളിൽ ശക്തിപ്പെടുത്തി മേഖലയിൽ മികവുറ്റ പ്രവർത്തനം നടത്താൻ ഏവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചു. കെ.സി.വൈ.എം. മേഖല യുവജന സംഗമം വടക്കനാട് യൂണിറ്റിൽ വച്ച് നടത്തുവാനും മേഖലാ സാഹിത്യ മത്സരങ്ങൾ ബത്തേരി യൂണിറ്റിലും വച്ച് നടത്തുവാനും തീരുമാനിച്ചു.

മതബോധന ഡയറക്ടർ ഫാ. ചാക്കോ മേപ്പുറത്ത് മറ്റ് അദ്ധ്യാപക സംഗമം വിജയിപ്പിച്ച വികാരിമാർക്ക് നന്ദിയർപ്പിച്ചു. ഫാ. ചാക്കോ മേപ്പു റത്ത് മാസധ്യാനം ഭംഗിയായി ക്രമീകരിച്ച ജോൺ പുതുക്കുളം അച്ചനും ഇടവക കൈക്കാരന്മാർക്കും ഇടവക സമൂഹത്തിനും ബത്തേരി ഫൊറോനാ കൂട്ടായ്മയുടെ കൃതജ്ഞത അറിയിച്ചു. അടുത്ത മാസ ധ്യാനം തോമാട്ടുചാൽ ഇടവകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. അനീഷ് ആലുങ്കൽ**
സെക്രട്ടറി

## നീലഗിരി റീജിയൺ

കുന്നൂർ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വച്ച് ആഗസ്റ്റ് 5, 6 തീയതികളിൽ ബഹു. അച്ചന്മാരുടെ മാസധ്യാനം നടത്തപ്പെട്ടു. ബഹു. മാർട്ടിൻ പുതുശ്ശേരി അച്ചൻ എല്ലാവരേയും സ്വാഗതം ചെയ്തു. കുന്നൂർ സെന്റ് ആന്റണീസ് ഇടവക വികാരി ബഹു. സ്റ്റീഫനച്ചൻ ധ്യാന ചിന്ത പങ്കുവെച്ചു. ബഹു. സജി പുതുക്കുളങ്ങര അച്ചൻ ആരാ ധന നയിച്ചു. ആഗസ്റ്റ് 11 ന് കെ.സി.വൈ.എം. മേഖലാ സാഹിത്യമത്സരം നടത്തുന്നതിനേക്കുറിച്ച് കെ.സി.വൈ.എം. മേഖലാ ഡയറക്ടർ ബഹു. റോബിൻ അച്ചൻ അറിയിച്ചു. മാതൃവേദി മേഖലാ സാഹിത്യമത്സരം 4 സെന്ററുകളിലായി ആഗസ്റ്റ് 10 ന് നടത്തുന്നതാണെന്നും ബൈബിൾ എഴുതുന്നതിനുള്ള രജിസ്ട്രേഷൻ ചെയ്യേണ്ട അവസാന തീയതി ആഗസ്റ്റ് 31 ആണെന്നും മേഖലാ മാതൃവേദി ഡയറക്ടർ ബഹു. സജി പുതുക്കുളങ്ങര അച്ചൻ അറിയിച്ചു. ഇടവകകളിൽ പ്രാർത്ഥനാ കൂട്ടായ്മ ശക്തിപ്പെടുത്തണമെന്നും പ്രാർത്ഥനാ കൂട്ടായ്മ ഇല്ലാത്ത ഇടവക കളിൽ ആരംഭിക്കണമെന്നും സോണൽ പാസ്റ്ററൽ ഡയറക്ടർ ബഹു. ജെയിംസ് മാങ്കോട്ടിൽ അച്ചൻ അറിയിച്ചു. NDS റീജണൽ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനെക്കുറിച്ച് ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ സംസാരിച്ചു. ആഗസ്റ്റ് 18 ന് അരുൾനിലയത്ത് വച്ച് +2 വിദ്യാർത്ഥി സംഗമം നടക്കുന്നതാണെന്ന് മേഖലാ മതബോധന ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ അറിയിച്ചു. തുടർന്ന് പ്രസ്തുത മീറ്റിംഗിൽ രൂപതാ അനുര ഞ്ജന സമിതിയിലേക്കുള്ള അംഗമായി ബഹു. തോമസ് മണക്കുന്നേൽ അച്ചനെ തിരഞ്ഞെടുത്തു. കൽപ്ര വികാരി ബഹു. ജോഷി പെരിയ പ്പുറം അച്ചൻ എല്ലാവർക്കും നന്ദി അർപ്പിച്ചു. അടുത്ത മാസധ്യാനം കൽപ്ര ഇടവകയിൽ വച്ച് സെപ്റ്റംബർ 3 ന് നടത്തുവാൻ തീരുമാ നിച്ചു.

**ഫാ. ജയൻ മണ്ണുകുളം TOR**
റീജണൽ സെക്രട്ടറി

## കൽപ്പറ്റ ഫൊറോന

ആഗസ്റ്റ് മാസത്തിലെ കൽപ്പറ്റ വൈദീക കൂട്ടായ്മ വി.അൽഫോൻസ് ലിഗോരിയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 1-ാം തീയതി കുന്നംമ്പറ്റ CSsR ഭവനത്തിൽ നടത്തി. ആശ്രമ സുപ്പീരിയർ ബഹു. ഫാ. ജോൺസൺ CSsR എല്ലാവരേയും സ്വാഗതം ചെയ്യുകയും ഫാ. ജെയ്സൺ തുണ്ടത്തിൽ CSsR ധ്യാനചിന്തകളും ആരാധനയും നയിക്കുകയും ചെയ്തു. തുടർന്ന് നടന്ന മീറ്റിംഗ് റവ. ഫാ. സോമി വടയാപറമ്പിലിന്റെ നേതൃത്വത്തിൽ നടന്നു. മിഷൻലീഗിന്റെ കലാമത്സരങ്ങൾ ഭംഗിയായി നടത്തുവാനും ചിലവുവരുന്ന തുക കഴിഞ്ഞ വർഷത്തെ തുകയോട് 25% കൂട്ടിനല്കുവാനും തീരുമാനിച്ചു. KCYM ഓഗസ്റ്റ് 11-ന് കല്പറ്റയിൽ വച്ച് സാഹിത്യമത്സരം നടത്തുവാനും ഓഗസ്റ്റ് 15 ന് റിപ്പൺ പള്ളിയിൽ വച്ച് ദേശീയഗാനമത്സരം നടത്തുവാനും ഓഗസ്റ്റ് 27-ന് യുവജന ദിനത്തോടനുബന്ധിച്ച് Peace run നടത്തുവാനും തീരുമാനമായി. മാതൃവേദി അർദ്ധവാർഷിക റിപ്പോർട്ടിനെകുറിച്ചും ഒന്നാകാൻ, ജീവനം എന്നീ പ്രോഗ്രാമുകളെക്കുറിച്ചും ചർച്ച ചെയ്തു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന വന്യമൃഗ ശല്യത്തെകുറിച്ച് ഫാ. ജോബി മുക്കാട്ടുകാവുങ്കൽ വിഷയം അവതരിപ്പിക്കുകയും പ്രസ്തുത വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താൻ അദ്ദേഹം എടുക്കുന്ന താല്പര്യത്തിന് കല്പറ്റ ഫൊറോനാ പൂർണ്ണ പിന്തുണ നൽകാനും കല്പ്പറ്റ ഫൊറോനയിൽ നിന്ന് അദ്ദേഹത്തെ സഹായിക്കാൻ റവ. ഫാ. സിബി പുളിക്കൽ, റവ. ഫാ. ടോണി താന്നിക്കൽ, റവ. ഫാ.ജോൺ പുളിന്താനം എന്നിവരെ തിരഞ്ഞെടുത്തു. സ്നേഹവിരുന്നിനുശേഷം ഫാ. ജോൺ പുളിന്താനത്തിന്റെ നന്ദിയോടെ വൈദീകകൂട്ടായ്മ അവസാനിച്ചു.

**ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളി**
സെക്രട്ടറി

## ചുങ്കക്കുന്ന് ഫൊറോന

ചുങ്കക്കുന്ന് ഫൊറോനയിലെ 2019 ഓഗസ്റ്റ് മാസത്തിലെ വൈദീകരുടെ മാസധ്യാനം ശാന്തിഗിരി പള്ളിയിൽ വച്ച് നടത്തുകയുണ്ടായി. OCD ആശ്രമത്തിൽ നിന്നും അച്ചൻ നല്ല ധ്യാനചിന്തകൾ നൽകി. വിവിധ സംഘടനാ പ്രവർത്തനങ്ങളെകുറിച്ചുള്ള ചർച്ചകൾ ഉണ്ടായിരുന്നു. സജി കൊച്ചുപാറയച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞ് അടുത്ത മാസധ്യാനത്തിനായി ഒറ്റപ്ലാവിലേയ്ക്ക് ക്ഷണിച്ചു.

**ഫാ. സനോജ് ചിറ്ററയ്ക്കൽ**
സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് -2019**

ലോഗോസ് 2019 -ലെ രജിസ്ട്രേഷൻ പ്രതികൂലമായ സാഹചര്യങ്ങളിലും വളരെ വിജയകരമായി പൂർത്തിയാക്കാൻ സഹകരിച്ച ബഹു. വികാരിയച്ചന്മാർ, കൊച്ചച്ചന്മാർ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, സംഘടനാ ഭാരവാഹികൾ എന്നിവരെയെല്ലാം നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ വർഷം 169 സെന്ററുകളിലായി 18518 പേർ ലോഗോസ് ക്വിസ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോഗോസ് പരീക്ഷയെ വചനം പഠിക്കാനുള്ള ഒരു നല്ല അവസരമായി കണ്ട് നല്ല തയ്യാറെടുപ്പു നടത്താൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കണേ. രജിസ്ടേഷൻ പൂർത്തിയാക്കിയ പ്രിന്റൗട്ടും റജിസ്ട്രേഷൻ ഫീസും എത്തിക്കാനുള്ളവർ എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ വികാരിയച്ചന്മാർ ചെയ്യുമല്ലോ.

**"ലോഗോസ് ബൈബിൾ ക്വിസ്" പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ. 2019 സെപ്റ്റംബർ 29-ാം തീയതി ഞായറാഴ്ച്ച ഉച്ച കഴിഞ്ഞ് 2 മുതൽ 3.30 വരെയാണ് പരീക്ഷ.** എല്ലാ സെന്ററുകളിലും കൃത്യ സമയത്തുതന്നെ പരീക്ഷ ക്രമീകരിക്കാൻ ശ്രദ്ധിക്കണം. അഖിലകേരള അടിസ്ഥാനത്തിൽ പരീക്ഷ നടക്കുന്നതിനാൽ എല്ലാ ഇടവകകളും ഈ സമയക്രമീകരണം പാലിക്കണം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

1. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കണം **ലോഗോസ് ബൈബിൾ ക്വിസ്** പരീക്ഷ നടത്തേണ്ടണ്ടത്. പരീക്ഷാ ഹാളിലെ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചൻമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ നടത്താവൂ.
2. പരീക്ഷ **സെപ്റ്റംബർ 29-ാം തീയതി** ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയുള്ള സമയത്ത് നടത്തേണ്ടതാണ്.
3. ചോദ്യപേപ്പറിൽ ആകെ 103 ചോദ്യങ്ങൾ ഉണ്ടായിരിക്കും. അവയിൽ 100 എണ്ണം ശരിയായ ഉത്തരങ്ങളുടെ കോളം കറുപ്പിക്കുവാനുള്ളതാണ്. അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കുകളിൽ എഴുതണം.

4. എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ പ്രത്യേകം നൽകിയിരിക്കുന്ന ഉത്തരക്കടലാസിൽ രേഖപ്പെടുത്തുക.

5. ഉത്തരക്കടലാസിൽ പേര്, വീട്ടുപേര് (രജിസ്ട്രേഷൻ ഫോമിലുള്ളതു പോലെ) ഇടവക, രജിസ്റ്റർ നമ്പർ, സെന്റർകോഡ് തുടങ്ങിയവ വ്യക്തമായി എഴുതേണ്ടതാണ്.

6. ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുവാൻ പാടുള്ളതല്ല. ഉത്തരം വെട്ടിത്തിരുത്തുന്നത് അനുവദനീയമല്ല.

7. A ഗ്രൂപ്പിലെ കുട്ടികൾക്ക് പ്രത്യേകം ചോദ്യങ്ങളും B, C, D, E, F വിഭാഗക്കാർക്ക് പൊതുവായി ഒരേ ചോദ്യവുമായിരിക്കും ഉണ്ടായിരിക്കുക.

8. പരീക്ഷാഹാളിൽ A, B, C, D, E, F വിഭാഗങ്ങളെ അതാതു ഗ്രൂപ്പിൽതന്നെ ഇരുത്തുകയാണ് ഉത്തരക്കടലാസുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തിരിച്ചുവാങ്ങാൻ എളുപ്പം.

9. ഉത്തരത്തിന്റെ മൂല്യനിർണ്ണയം രൂപതാ കേന്ദ്രത്തിലാണ് നടത്തുക. അതുകൊണ്ട് ഉത്തരപേപ്പറുകൾ A, B, C,D, E, F വിഭാഗങ്ങളായി തിരിച്ച് രജിസ്ട്രേഷൻ ഫോമിലുള്ള ക്രമനമ്പർ അനുസരിച്ച് ക്രമമായി അടുക്കി **ഒക്ടോബർ 6–ാം തീയതിക്കു മുൻപ്** രൂപതാ കേന്ദ്രത്തിലെത്തിക്കണം.

10. രജിസ്ട്രേഷൻ ഫോമിലാണ് ഓരോ പരീക്ഷാർത്ഥിയുടെയും പേരുവിവരങ്ങൾ ഉള്ളത്. ഉത്തരക്കടലാസിന്റെ കൂടെ ഈ രജിസ്ട്രേഷൻ ഫോം തിരിച്ചുനൽകേണ്ടതാണ്. ഇതിലാണ് ഇടവകകൾക്ക് മാർക്ക് നൽകുന്നത്. പരീക്ഷ എഴുതാത്തവരുടെ പേരിനു നേരെ മാർക്കിന്റെ കോളത്തിൽ (X) അടയാളപ്പെടുത്തണം.

**ഫാ. പോൾ വാഴപ്പിള്ളി**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

**സെപ്റ്റംബർ 8 മതബോധന ഞായർ**

ഏറ്റവും ചിട്ടയായ വിശ്വാസപരിശീലനമുള്ള സമൂഹത്തിലാണ് ഭദ്രമായ കുടുംബബന്ധങ്ങളും ഉറച്ച ദൈവവിളികളും വളർത്തിയെടുക്കാൻ സാധിക്കുന്നത്. വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ബോധ്യവും അവ ജീവിക്കുന്നതിൽ തീക്ഷ്ണതയും സന്തോഷവുമുള്ള ഒരു തലമുറയെ വാർത്തെടുത്ത് ക്രിസ്തീയ ജീവിത പൂർണ്ണതയിലേക്ക് മനുഷ്യനെ നയിക്കുക എന്നതാണല്ലോ വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം അതുകൊണ്ടുതന്നെ സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയായ വിശ്വാസപരിശീലനത്തിന് കൂടുതൽ പ്രസക്തിയുണ്ട്. സഭാത്മക ജീവിതത്തിൽ നിന്ന് അകന്നുപോകാനുള്ള പ്രവണതകളും ഇന്ന് രൂപപ്പെട്ടുകൊണ്ടിരിക്കുന്ന പല സെക്ടുകളുടെയും തെറ്റായ പ്രബോധനങ്ങളും സഭാവിരുദ്ധ ചിന്തകളുടെ അമിതമായ സ്വാധീനവും വിശ്വാസപരിശീലനത്തിന്റെ വെല്ലുവിളികളാണ്. കേരളസഭയിൽ ഇന്നുള്ള ദൈവവിളികൾക്കും കുടുംബഭദ്രതയ്ക്കും അടിസ്ഥാനമായി നില്ക്കുന്നത് ക്രമമായും ചിട്ടയായും സജീവമായും നമ്മൾ നൽകുന്ന വിശ്വാസപരിശീലനമാണെന്നത് നിസ്തർക്കമായകാര്യമാണ്. കുട്ടികളെ സഭയോടും ക്രിസ്തുവിനോടും ചേർന്നുനിൽക്കുവാൻ സഹായിക്കുന്ന വി. കുർബ്ബാന കേന്ദ്രീകൃതമായ ഒരു വിശ്വാസപരിശീലനത്തിനാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്.

രൂപതയിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ദൈവാനുഗ്രഹം നേരുന്നു. വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ ഉൾച്ചേർന്ന് പ്രവർത്തിക്കുന്ന എല്ലാവർക്കും, പ്രത്യേകമായി മതാധ്യാപകർ, ഹെഡ്മാസ്റ്റേഴ്സ്, മേഖലാ ഡയറക്ടേഴ്സ്, മേഖലാ സെക്രട്ടറിമാർ, വികാരിയച്ചൻമാർ, രൂപതാ ടീം അംഗങ്ങൾ എന്നിവർക്കും മതബോധന ഞായറിന്റെ ആശംസകൾ.

**HDC ഒന്നാം വർഷം**

HDC ഒന്നാം വർഷക്കാരുടെ ആദ്യത്തെ ക്ലാസ്സ് സെപ്റ്റംബർ 9 ന് ദ്വാരകയിലും സെപ്റ്റംബർ 14 ന് മണിമൂളിയിലും വച്ച് നടത്തപ്പെടുന്നതാണ്. ക്ലാസ്സിന് വരുമ്പോൾ ആദ്യത്തെ അസൈൻമെന്റ് കൊണ്ടുവരേണ്ടതാണ്.

**Plus Two വിദ്യാർത്ഥി സംഗമം**

മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ Plus Two സംഗമം ഓഗസ്റ്റ് 4-ാം തീയതി മണിമൂളിയിൽ വച്ചും നീലഗിരി റീജിയണിലെ Plus Two സംഗമം ഓഗസ്റ്റ് 18-ാം തീയതി അരുൾനിലയം പള്ളിയിൽ വച്ചും നടന്നു. Plus Two സംഗമത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ റവ.ഫാ.നോബിൾ പാറക്കലിനും ആവശ്യമായ ക്രമീകരണങ്ങളെല്ലാം സജ്ജമാക്കിയ നിലമ്പൂർ മേഖലാ ഡയറക്ടർ അഗസ്റ്റിൻ ചേമ്പാലയച്ചനും ഫൊറോന വികാരി തോമസ് കച്ചിറയിലച്ചനും അസ്സി. വികാരി നിഷ്‌വിൻ തേൻപള്ളിയിൽ അച്ചനും മണിമൂളി മേഖലാ ഡയറക്ടർ അനിൽ മുഞ്ഞനാട്ടച്ചനും, ഫൊറോന വികാരി കുര്യാക്കോസ് കുന്നത്തച്ചനും അസ്സി. വികാരി അജിൻ ചക്കാലക്കലച്ചനും മേഖല സെക്രട്ടറിമാരായ നിഷാന്ത് ആലുങ്കൽ സാറിനും ജോഷി കളരിക്കൽ സാറിനും നീലഗിരി മേഖലാ ഡയറക്ടർ തോമസ് മണക്കുന്നേലച്ചനും മേഖലാ സെക്രട്ടറി സാജു ആലുങ്കൽ സാറിനും, അരുൾനിലയം പള്ളി വികാരി ജോസ് തെങ്ങടയിലച്ചനും സഹകരിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ അധ്യാപകർക്കും രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. ഓരോ മേഖലയ്ക്കും കലണ്ടറിൽ തന്നിരിക്കുന്ന തീയതികളിൽതന്നെ സംഗമം ക്രമീകരിക്കുവാൻ മേഖലാ സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**സെപ്റ്റംബർ മാസത്തിൽ നടക്കുന്ന Plus Two സംഗമങ്ങൾ**

| | | |
|---|---|---|
| സെപ്റ്റംബർ 1 | - | മുള്ളൻകൊല്ലി |
| സെപ്റ്റംബർ 8 | - | ചുങ്കക്കുന്ന് |
| സെപ്റ്റംബർ 15 | - | ബത്തേരി |
| സെപ്റ്റംബർ 22 | - | പയ്യംമ്പള്ളി |

**DCC സംഗമം**

DCC 2019-2021 ബാച്ചിന്റെ പ്രഥമ സംഗമം സെപ്റ്റംബർ 10-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 നാണ് സംഗമം ആരംഭിക്കുന്നത്.

**അനുമോദനങ്ങൾ**

മിഷൻലീഗ് കേരള സംസ്ഥാന സമിതി കുഞ്ഞേട്ടൻ പുരസ്കാരത്തിന് അർഹനായ സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിന് രൂപതാ മതബോധന കേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ. മതബോധനകേന്ദ്രം മാനന്തവാടി രൂപതാ ടീം അംഗമായും മറ്റ് പല മേഖലകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് നിസ്വാർത്ഥമായ സേവനം ചെയ്യുന്ന സെബാസ്റ്റ്യൻ സാറിന് ഇനിയും ഉയരങ്ങൾ കീഴടക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**Private Registration Assignment**

ഈ വർഷം Plus One, Plus Two private registration നടത്തിയിരിക്കുന്ന കുട്ടികൾ ജനുവരി 25 നും 31 നും ഇടയിൽ രൂപതാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ട അസൈൻമെന്റിന്റെ വിഷയം താഴെ കൊടുക്കുന്നു.

ക്രിസ്തീയ ജീവിതം സഭയിലും സമൂഹത്തിലും നയിക്കാൻ ഉണ്ടായിരിക്കേണ്ട വിശ്വാസ നിലപാടുകളും മനോഭാവങ്ങളും എന്ത്? അസൈൻമെന്റ് ഓരോ പാഠവും വായിച്ച് പ്രധാന വിശ്വാസ നിലപാട് ആശയങ്ങൾ ഒരു കോളത്തിലും മനോഭാവങ്ങൾ രണ്ടാമത്തെ കോളത്തിലും എഴുതുക. ഒരു പാഠം ഒരു പേജിൽ കൂടരുത്. എല്ലാ പാഠവും എഴുതിയ ശേഷം അവസാനത്തെ ഒരു പേജിൽ നിങ്ങളുടെ വിലയിരുത്തൽ എഴുതുക.

**മതബോധന സർവ്വേ**

ഈ വർഷം വിശ്വാസ പരിശീലനം നടത്തുന്ന കുട്ടികളുടെ എണ്ണം ഇടവക തിരിച്ച് ക്ലാസ്സ് അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു. എണ്ണത്തിൽ വ്യത്യാസമുണ്ടെങ്കിൽ രേഖാമൂലം സെപ്റ്റം. 23 ന് മുമ്പ് മതബോധന ഓഫീസിൽ അറിയിക്കുമല്ലോ.

**NUMBER OF STUDENTS ACCORDING TO CLASS LEVEL AT PARISHES FOR THE YEAR 2019-20**

| No. | PARISH | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **BATHERY** | | | | | | | | | | | | | |
| 1 | AMBALAVAYAL | 29 | 22 | 36 | 35 | 37 | 42 | 24 | 32 | 38 | 29 | 33 | 28 | 385 |
| 2 | BATHERY | 44 | 45 | 35 | 56 | 53 | 53 | 56 | 55 | 45 | 65 | 49 | 41 | 597 |
| 3 | CHINGAVALLAM | 3 | 4 | 2 | 10 | 5 | 0 | 0 | 0 | 0 | 0 | 0 | 0 | 24 |
| 4 | CHITHRAGIRI | 10 | 7 | 15 | 11 | 5 | 12 | 15 | 8 | 9 | 13 | 11 | 14 | 130 |
| 5 | CHULLIOD | 7 | 10 | 5 | 6 | 6 | 8 | 7 | 8 | 5 | 7 | 8 | 5 | 82 |
| 6 | KADALMAD | 4 | 5 | 8 | 9 | 4 | 9 | 5 | 4 | 6 | 4 | 4 | 6 | 68 |
| 7 | KALLUMUKKU | 0 | 4 | 0 | 3 | 4 | 0 | 0 | 0 | 6 | 5 | 3 | 3 | 28 |
| 8 | KARANI | 3 | 4 | 7 | 5 | 3 | 5 | 2 | 0 | 6 | 0 | 6 | 0 | 41 |
| 9 | MEENANGADI | 12 | 13 | 14 | 13 | 13 | 17 | 16 | 21 | 20 | 16 | 13 | 8 | 176 |
| 10 | MOOLANKAVU | 17 | 13 | 8 | 17 | 17 | 23 | 17 | 18 | 22 | 24 | 15 | 12 | 203 |
| 11 | PAZHOOR | 8 | 17 | 7 | 15 | 9 | 11 | 5 | 11 | 9 | 10 | 9 | 7 | 118 |
| 12 | THOMATTUCHAL | 13 | 16 | 19 | 5 | 13 | 11 | 20 | 19 | 16 | 16 | 11 | 13 | 172 |
| 13 | VADAKKANAD | 4 | 5 | 3 | 9 | 4 | 6 | 5 | 5 | 7 | 6 | 8 | 4 | 66 |
| 14 | VAKERY | 10 | 10 | 7 | 10 | 11 | 8 | 14 | 12 | 6 | 6 | 8 | 3 | 105 |
| | TOTAL | 164 | 175 | 166 | 204 | 184 | 205 | 186 | 193 | 195 | 201 | 178 | 144 | 2195 |

| | CHUNGAKKUNNU | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ADACKATHODE | 19 | 25 | 32 | 28 | 33 | 26 | 19 | 47 | 29 | 27 | 33 | 33 | 351 |
| 2 | AMBAYATHODE | 5 | 10 | 11 | 23 | 11 | 17 | 12 | 22 | 12 | 8 | 8 | 13 | 152 |
| 3 | CHUNGAKKUNNU | 58 | 59 | 54 | 44 | 50 | 47 | 50 | 57 | 51 | 52 | 52 | 56 | 630 |
| 4 | KELAKAM | 14 | 9 | 10 | 11 | 12 | 10 | 13 | 9 | 4 | 18 | 9 | 8 | 127 |
| 5 | KOTTIYOOR | 56 | 50 | 42 | 47 | 51 | 49 | 52 | 58 | 47 | 53 | 53 | 49 | 607 |
| 6 | NELLIODY | 7 | 9 | 4 | 6 | 7 | 6 | 8 | 5 | 6 | 8 | 5 | 6 | 77 |
| 7 | OTTAPLAVE | 11 | 9 | 6 | 4 | 8 | 7 | 8 | 13 | 13 | 12 | 7 | 12 | 110 |
| 8 | PALCHURAM | 7 | 20 | 20 | 11 | 16 | 9 | 10 | 12 | 14 | 7 | 12 | 8 | 146 |
| 9 | SANTHIGIRI | 5 | 8 | 4 | 3 | 4 | 9 | 7 | 6 | 11 | 6 | 6 | 8 | 77 |
| 10 | VELLOONNI | 12 | 7 | 6 | 8 | 16 | 9 | 12 | 12 | 10 | 10 | 9 | 7 | 118 |
| | TOTAL | 194 | 206 | 189 | 185 | 208 | 189 | 191 | 241 | 197 | 201 | 194 | 200 | 2395 |
| | **DWARAKA** | **I** | **II** | **III** | **IV** | **V** | **VI** | **VII** | **VIII** | **IX** | **X** | **XI** | **XII** | **Total** |
| 1 | CHULLIYANA | 15 | 5 | 14 | 7 | 8 | 9 | 6 | 7 | 10 | 8 | 7 | 9 | 105 |
| 2 | DWARAKA | 17 | 27 | 16 | 20 | 25 | 22 | 20 | 17 | 19 | 22 | 22 | 27 | 254 |
| 3 | KARACKAMALA | 23 | 8 | 29 | 16 | 11 | 20 | 25 | 10 | 15 | 25 | 19 | 22 | 223 |
| 4 | KOMMAYAD | 14 | 9 | 15 | 11 | 16 | 20 | 11 | 17 | 11 | 15 | 18 | 21 | 178 |
| 5 | MANGALASSERY | 9 | 2 | 5 | 5 | 3 | 7 | 6 | 5 | 7 | 8 | 5 | 3 | 65 |
| 6 | MOTHAKKARA | 5 | 3 | 9 | 3 | 4 | 5 | 2 | 6 | 0 | 4 | 6 | 3 | 50 |
| 7 | THONICHAL | 21 | 14 | 17 | 17 | 16 | 14 | 23 | 15 | 17 | 19 | 22 | 18 | 213 |
| 8 | VELLAMUNDA | 9 | 7 | 10 | 19 | 13 | 13 | 9 | 12 | 14 | 14 | 7 | 15 | 142 |
| 9 | *VILAMBUKANDAM* | 15 | 17 | 7 | 10 | 12 | 16 | 6 | 10 | 13 | 12 | 18 | 12 | 148 |
| | TOTAL | 128 | 92 | 122 | 108 | 108 | 126 | 108 | 99 | 106 | 127 | 124 | 130 | 1378 |
| | **KALLODY** | **I** | **II** | **III** | **IV** | **V** | **VI** | **VII** | **VIII** | **IX** | **X** | **XI** | **XII** | **Total** |
| 1 | DEEPTHIGIRI | 13 | 18 | 12 | 19 | 14 | 15 | 11 | 19 | 10 | 16 | 10 | 14 | 171 |
| 2 | JUDE'S MOUNT | 4 | 6 | 5 | 4 | 8 | 6 | 9 | 7 | 5 | 9 | 7 | 5 | 75 |
| 3 | KALLODY | 36 | 38 | 32 | 36 | 48 | 37 | 33 | 34 | 44 | 45 | 47 | 40 | 470 |
| 4 | KARIMBIL | 5 | 6 | 4 | 5 | 3 | 7 | 4 | 5 | 6 | 10 | 5 | 6 | 66 |
| 5 | KUNJHOM | 2 | 10 | 13 | 10 | 6 | 5 | 8 | 8 | 5 | 10 | 5 | 10 | 92 |
| 6 | MAKKIYAD | 12 | 10 | 14 | 6 | 12 | 18 | 8 | 18 | 13 | 26 | 11 | 5 | 153 |
| 7 | NIRAVILPUZHA | 4 | 3 | 3 | 4 | 4 | 0 | 0 | 4 | 4 | 2 | 1 | 0 | 29 |
| 8 | PUTHIYIDAMKUNNU | 8 | 9 | 7 | 9 | 8 | 10 | 12 | 6 | 7 | 10 | 8 | 8 | 102 |
| 9 | PUTHUSSERY | 11 | 5 | 4 | 12 | 7 | 10 | 6 | 12 | 4 | 11 | 4 | 7 | 93 |
| 10 | VALERY | 7 | 9 | 16 | 7 | 15 | 13 | 11 | 12 | 6 | 11 | 9 | 7 | 123 |
| 11 | VANJODE | 3 | 5 | 4 | 10 | 9 | 6 | 7 | 4 | 7 | 2 | 5 | 3 | 65 |
| | TOTAL | 105 | 119 | 114 | 122 | 134 | 127 | 109 | 129 | 111 | 152 | 112 | 105 | 1439 |
| | **KALPETTA** | **I** | **II** | **III** | **IV** | **V** | **VI** | **VII** | **VIII** | **IX** | **X** | **XI** | **XII** | **Total** |
| 1 | CHARITTY | 4 | 6 | 11 | 6 | 4 | 11 | 7 | 6 | 6 | 7 | 5 | 3 | 76 |
| 2 | CHURALMALA | 0 | 4 | 0 | 2 | 2 | 0 | 2 | 0 | 0 | 4 | 0 | 0 | 14 |
| 3 | EDAPPETTY | 12 | 11 | 7 | 12 | 9 | 10 | 12 | 13 | 7 | 12 | 17 | 6 | 128 |
| 4 | KALATHUVAYAL | 11 | 10 | 3 | 5 | 6 | 4 | 6 | 10 | 3 | 9 | 6 | 10 | 83 |
| 5 | KALPETTA | 27 | 28 | 32 | 24 | 20 | 35 | 30 | 25 | 36 | 32 | 26 | 15 | 330 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 6 KOLAVAYAL | 6 | 6 | 15 | 6 | 5 | 9 | 12 | 11 | 7 | 7 | 7 | 4 | 95 |
| 7 LAKKIDI | 2 | | 2 | 1 | 0 | 0 | 5 | 0 | 4 | 2 | 2 | 0 | 18 |
| 8 NEDUMBALA | 13 | 12 | 17 | 8 | 10 | 11 | 10 | 10 | 6 | 20 | 10 | 14 | 141 |
| 9 OLIVUMALA | 10 | 1 | 6 | 7 | 7 | 2 | 6 | 3 | 3 | 2 | 6 | 3 | 56 |
| 10 PUZHAMUDI | 4 | 4 | 10 | 4 | 4 | 5 | 2 | 5 | 9 | 4 | 3 | 4 | 58 |
| 11 RIPPON | 10 | 11 | 7 | 9 | 15 | 16 | 15 | 15 | 18 | 13 | 19 | 7 | 155 |
| 12 THENERY | 4 | 16 | 17 | 25 | 11 | 22 | 14 | 26 | 15 | 19 | 12 | 12 | 193 |
| 13 THRKAIPETTA | 5 | 4 | 7 | 4 | 3 | 3 | 5 | 6 | 3 | 4 | 3 | 4 | 51 |
| 14 VAZHAVATTA | 24 | 21 | 27 | 18 | 24 | 26 | 24 | 14 | 20 | 23 | 27 | 15 | 263 |
| 15 VYTHIRY | 2 | 4 | 4 | 1 | 5 | 8 | 3 | 9 | 6 | 4 | 2 | 1 | 49 |
| TOTAL | 134 | 138 | 165 | 132 | 125 | 162 | 153 | 153 | 143 | 162 | 145 | 98 | 1710 |
| **MANANTHAVADY** | **I** | **II** | **III** | **IV** | **V** | **VI** | **VII** | **VIII** | **IX** | **X** | **XI** | **XII** | **Total** |
| 1 ALATTIL | 14 | 13 | 10 | 18 | 9 | 9 | 22 | 16 | 14 | 8 | 19 | 19 | 171 |
| 2 BOY'S TOWN | 0 | 0 | 0 | 4 | 0 | 5 | 0 | 6 | 0 | 5 | 1 | 2 | 23 |
| 3 ELAPPEEDIKA | 8 | 3 | 11 | 5 | 6 | 1 | 4 | 6 | 9 | 8 | 7 | 6 | 74 |
| 4 KARIMANI | 0 | 6 | 0 | 4 | 5 | 3 | 4 | 4 | 5 | 3 | 3 | 0 | 37 |
| 5 KUTTIMOOLA | 6 | 5 | 10 | 3 | 5 | 6 | 8 | 4 | 7 | 2 | 4 | 3 | 63 |
| 6 MANANTHAVADY © | 38 | 33 | 48 | 44 | 34 | 34 | 33 | 45 | 37 | 35 | 43 | 32 | 456 |
| 7 MANANTHAVADY(T) | 9 | 7 | 15 | 11 | 12 | 17 | 18 | 14 | 14 | 14 | 19 | 21 | 171 |
| 8 MUTHIRERY | 7 | 8 | 13 | 22 | 11 | 9 | 9 | 15 | 7 | 11 | 11 | 10 | 133 |
| 9 PARATHOTTAM | 4 | 7 | 3 | 11 | 8 | 10 | 6 | 7 | 6 | 6 | 6 | 6 | 80 |
| 10 PERIA | 9 | 9 | 5 | 4 | 5 | 6 | 9 | 8 | 7 | 3 | 6 | 5 | 76 |
| 11 POROOR | 32 | 28 | 20 | 32 | 26 | 28 | 21 | 36 | 28 | 27 | 24 | 14 | 316 |
| 12 PRASANTHAGIRI | 8 | 6 | 7 | 4 | 4 | 4 | 9 | 6 | 6 | 4 | 6 | 4 | 68 |
| 13 PUTHIYIDOM | 5 | 6 | 6 | 9 | 6 | 13 | 5 | 10 | 8 | 5 | 17 | 4 | 94 |
| 14 THALAPUZHA | 6 | 4 | 4 | 3 | 6 | 7 | 7 | 11 | 5 | 3 | 5 | 3 | 64 |
| 15 THAVINJAL | 23 | 20 | 21 | 19 | 30 | 20 | 19 | 26 | 21 | 28 | 23 | 20 | 270 |
| 16 VALAD | 3 | 7 | 12 | 5 | 4 | 10 | 7 | 4 | 9 | 7 | 6 | 4 | 78 |
| 17 VALIYAKOLLY | 7 | 0 | 7 | 5 | 6 | 11 | 9 | 4 | 2 | 0 | 7 | 2 | 60 |
| 18 YAVANARKULAM | 10 | 6 | 9 | 3 | 10 | 6 | 10 | 14 | 13 | 22 | 16 | 14 | 133 |
| TOTAL | 189 | 168 | 201 | 206 | 187 | 199 | 200 | 236 | 198 | 191 | 223 | 169 | 2367 |
| **MANIMOOLY** | **I** | **II** | **III** | **IV** | **V** | **VI** | **VII** | **VIII** | **IX** | **X** | **XI** | **XII** | **Total** |
| 1 BHOODANAM | 6 | 4 | 0 | 3 | 0 | 1 | 2 | 0 | 0 | 1 | 0 | 0 | 17 |
| 2 MANIMOOLY | 31 | 34 | 36 | 39 | 25 | 27 | 42 | 40 | 25 | 27 | 40 | 27 | 393 |
| 3 MARUTHA | 3 | 3 | 1 | 0 | 3 | 0 | 4 | 2 | 6 | 2 | 1 | 0 | 25 |
| 4 MUNDERY | 5 | 3 | 5 | 6 | 4 | 4 | 1 | 5 | 4 | 5 | 8 | 6 | 56 |
| 5 NARIVALAMUNDA | 18 | 12 | 22 | 14 | 10 | 10 | 17 | 15 | 10 | 16 | 23 | 12 | 179 |
| 6 NJARAPPADAM | 4 | 9 | 13 | 9 | 8 | 9 | 6 | 5 | 10 | 5 | 9 | 7 | 94 |
| 7 PALANKARA | 20 | 21 | 14 | 24 | 16 | 19 | 23 | 25 | 20 | 14 | 22 | 19 | 237 |
| 8 PALEMAD | 9 | 11 | 5 | 10 | 14 | 14 | 11 | 6 | 16 | 14 | 6 | 16 | 132 |
| 9 PATHIRIPPADAM | 21 | 16 | 21 | 13 | 14 | 20 | 13 | 19 | 20 | 20 | 15 | 12 | 204 |
| 10 THALANJI | 20 | 15 | 32 | 19 | 25 | 16 | 21 | 23 | 21 | 17 | 18 | 17 | 244 |
| TOTAL | 137 | 128 | 149 | 137 | 119 | 120 | 140 | 140 | 132 | 121 | 142 | 116 | 1581 |

| | MULLENKOLLY | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ADIKKOLLY | 19 | 14 | 18 | 21 | 22 | 15 | 24 | 21 | 25 | 18 | 18 | 21 | 236 |
| 2 | AMARAKKUNY | 9 | 13 | 13 | 6 | 6 | 13 | 9 | 9 | 9 | 10 | 7 | 12 | 116 |
| 3 | IRULAM | 6 | 11 | 11 | 3 | 13 | 9 | 10 | 12 | 13 | 5 | 11 | 9 | 113 |
| 4 | KABANIGIRI | 18 | 10 | 10 | 9 | 14 | 9 | 9 | 5 | 8 | 9 | 11 | 15 | 127 |
| 5 | MARAKAVU | 34 | 39 | 26 | 27 | 37 | 41 | 27 | 34 | 27 | 30 | 35 | 33 | 390 |
| 6 | MARAKKADAV | 15 | 13 | 15 | 24 | 15 | 9 | 14 | 13 | 9 | 10 | 16 | 9 | 162 |
| 7 | MULLANKOLLY | 48 | 46 | 37 | 64 | 71 | 41 | 50 | 50 | 56 | 47 | 39 | 49 | 598 |
| 8 | PADICHIRA | 31 | 26 | 33 | 31 | 30 | 38 | 35 | 28 | 34 | 30 | 21 | 22 | 359 |
| 9 | PATTANIKOOP | 21 | 12 | 18 | 12 | 18 | 14 | 12 | 14 | 7 | 11 | 11 | 14 | 164 |
| 10 | PULPALLY | 17 | 23 | 22 | 21 | 28 | 18 | 23 | 21 | 16 | 15 | 24 | 18 | 246 |
| 11 | SEETHAMOUNT | 24 | 22 | 9 | 21 | 18 | 11 | 26 | 12 | 10 | 16 | 23 | 17 | 209 |
| 12 | SISUMALA | 19 | 31 | 33 | 28 | 24 | 34 | 17 | 23 | 17 | 26 | 17 | 24 | 293 |
| | TOTAL | 261 | 260 | 245 | 267 | 296 | 252 | 256 | 242 | 231 | 227 | 233 | 243 | 3013 |
| | **NADAVAYAL** | **I** | **II** | **III** | **IV** | **V** | **VI** | **VII** | **VIII** | **IX** | **X** | **XI** | **XII** | **Total** |
| 1 | ARINCHERMALA | 10 | 14 | 9 | 11 | 16 | 9 | 16 | 18 | 9 | 16 | 9 | 13 | 150 |
| 2 | CHERUKATTOOR | 21 | 40 | 30 | 34 | 37 | 35 | 40 | 25 | 28 | 39 | 27 | 29 | 385 |
| 3 | CHUNDAKKARA | 53 | 46 | 35 | 44 | 51 | 33 | 30 | 44 | 36 | 42 | 41 | 36 | 491 |
| 4 | KALLUVAYAL | 12 | 18 | 19 | 19 | 14 | 20 | 21 | 19 | 17 | 28 | 18 | 13 | 218 |
| 5 | KANIYAMBATTA | 5 | 6 | 2 | 4 | 6 | 9 | 5 | 0 | 6 | 12 | 8 | 2 | 65 |
| 6 | KENICHIRA | 23 | 24 | 29 | 14 | 17 | 24 | 16 | 21 | 29 | 18 | 30 | 17 | 262 |
| 7 | KURUMBALAKKOTTA | 8 | 13 | 4 | 10 | 10 | 5 | 12 | 4 | 6 | 7 | 8 | 8 | 95 |
| 8 | NADAVAYAL | 58 | 64 | 65 | 62 | 64 | 60 | 67 | 54 | 57 | 62 | 58 | 54 | 725 |
| 9 | NEIKKUPPA | 11 | 4 | 6 | 10 | 5 | 5 | 4 | 7 | 0 | 5 | 3 | 7 | 67 |
| 10 | PANAMARAM | 6 | 12 | 7 | 8 | 6 | 11 | 5 | 8 | 7 | 4 | 3 | 8 | 85 |
| 11 | PARALIKUNNU | 8 | 8 | 7 | 6 | 11 | 6 | 10 | 10 | 6 | 6 | 4 | 5 | 87 |
| 12 | VALAVAYAL | 9 | 5 | 7 | 6 | 7 | 6 | 10 | | 8 | 9 | 0 | 9 | 76 |
| | TOTAL | 224 | 254 | 220 | 228 | 244 | 223 | 236 | 210 | 209 | 248 | 209 | 201 | 2706 |
| | **NILAMBUR** | **I** | **II** | **III** | **IV** | **V** | **VI** | **VII** | **VIII** | **IX** | **X** | **XI** | **XII** | **Total** |
| 1 | CHOKKAD | 7 | 6 | 4 | 7 | 3 | 5 | 9 | 8 | 5 | 10 | 3 | 8 | 75 |
| 2 | EDIVANNA | 12 | 17 | 19 | 13 | 19 | 9 | 12 | 19 | 20 | 18 | 18 | 17 | 193 |
| 3 | MOOLEPADAM | 1 | 0 | 1 | 2 | 4 | 7 | 0 | 5 | 7 | 3 | 8 | 4 | 42 |
| 4 | MUTTIYEL | 4 | 0 | 5 | 3 | 2 | 2 | 3 | 3 | 3 | 7 | 0 | 1 | 33 |
| 5 | NILAMBUR | 18 | 20 | 18 | 18 | 19 | 31 | 23 | 31 | 23 | 33 | 26 | 21 | 281 |
| 6 | POOKOTTUMPADAM | 12 | 9 | 7 | 19 | 2 | 5 | 7 | 5 | 13 | 11 | 9 | 9 | 108 |
| 7 | POOLAPPADAM | 8 | 12 | 15 | 13 | 16 | 10 | 13 | 12 | 13 | 17 | 11 | 12 | 152 |
| 8 | RUBYNAGAR | 3 | 5 | 4 | 8 | 8 | 7 | 0 | 3 | 5 | 11 | 4 | 6 | 64 |
| 9 | THELPARA | 11 | 6 | 9 | 8 | 8 | 8 | 0 | 15 | | 14 | 9 | 8 | 96 |
| 10 | T.K.KOLANI | 4 | 3 | 6 | 0 | 4 | 3 | 2 | 2 | 2 | 0 | 4 | 0 | 30 |
| 11 | VALLIKETTU | 1 | 3 | 1 | 1 | 4 | 3 | 2 | 2 | 1 | 3 | 4 | 2 | 27 |
| 12 | VADAPURAM | 12 | 14 | 13 | 10 | 10 | 5 | 15 | 6 | 14 | 14 | 10 | 10 | 133 |
| | TOTAL | 93 | 95 | 102 | 102 | 99 | 95 | 86 | 111 | 106 | 141 | 106 | 98 | 1234 |

| | NILGIRIS | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ARATTUPARA | 0 | 0 | 1 | 0 | 0 | 0 | 2 | 0 | 0 | 1 | 0 | 0 | 4 |
| 2 | ARULNILAYAM | 11 | 7 | 9 | 10 | 9 | 8 | 8 | 14 | 7 | 13 | 10 | 7 | 113 |
| 3 | ARAVANKADU | 0 | 0 | 0 | 1 | 2 | 1 | 1 | 1 | 1 | 0 | 0 | 0 | 7 |
| 4 | BEKKI | 5 | 0 | 6 | 0 | 3 | 0 | 2 | 2 | 0 | 3 | 2 | 2 | 25 |
| 5 | BOSPARA | 5 | 3 | 5 | 5 | 3 | 7 | 7 | 7 | 4 | 5 | 7 | 8 | 66 |
| 6 | COONOOR | 6 | 5 | 4 | 1 | 3 | 5 | 2 | 4 | 2 | 5 | 7 | 5 | 49 |
| 7 | DARMAGIRI | 11 | 4 | 14 | 7 | 7 | 3 | 9 | 10 | 12 | 14 | 15 | 11 | 117 |
| 8 | KALPRA | 4 | 11 | 6 | 16 | 14 | 8 | 13 | 17 | 17 | 18 | 9 | 13 | 146 |
| 9 | KAYYUNNI | 11 | 8 | 10 | 20 | 19 | 24 | 20 | 22 | 20 | 24 | 31 | 15 | 224 |
| 10 | KUNNALADI | 6 | 11 | 3 | 9 | 12 | 8 | 10 | 10 | 5 | 13 | 8 | 3 | 98 |
| 11 | MANVAYAL | 4 | 11 | 11 | 3 | 6 | 8 | 7 | 10 | 11 | 13 | 9 | 6 | 99 |
| 12 | PANAMCHIRA | 4 | 4 | 2 | 6 | 5 | 2 | 10 | 6 | 5 | 6 | 4 | 5 | 59 |
| 13 | VIMALAGIRI | 6 | 5 | 8 | 8 | 5 | 7 | 9 | 8 | 10 | 15 | 6 | 6 | 93 |
| | TOTAL | 73 | 69 | 79 | 86 | 88 | 81 | 100 | 111 | 94 | 130 | 108 | 81 | 1100 |

| | PAYYAMPALLY | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | APPAPPARA | 0 | 1 | 0 | 0 | 1 | 0 | 0 | 1 | 4 | 0 | 1 | 0 | 8 |
| 2 | ARATTUTHARA | 8 | 14 | 8 | 12 | 13 | 11 | 11 | 13 | 6 | 14 | 14 | 3 | 127 |
| 3 | BAVALI | 1 | 1 | 0 | 1 | 1 | 0 | 0 | 1 | 0 | 0 | 1 | 0 | 6 |
| 4 | EDAYOORKUNNU | 5 | 4 | 2 | 4 | 4 | 5 | 2 | 7 | 6 | 1 | 4 | 2 | 46 |
| 5 | KAMMANA | 17 | 13 | 10 | 14 | 18 | 14 | 15 | 14 | 10 | 13 | 9 | 16 | 163 |
| 6 | KARTIKULAM | 0 | 3 | 0 | 7 | 2 | 5 | 6 | 8 | 7 | 8 | 6 | 5 | 57 |
| 7 | MARTIN NAGAR | 16 | 21 | 22 | 18 | 19 | 18 | 18 | 21 | 27 | 16 | 28 | 24 | 248 |
| 8 | PADAMALA | 8 | 14 | 12 | 13 | 10 | 11 | 15 | 10 | 8 | 15 | 8 | 9 | 133 |
| 9 | PANAVALLY | 5 | 0 | 4 | 0 | 4 | 0 | 1 | 0 | 2 | 0 | 4 | 0 | 20 |
| 10 | PAYYAMPALLY | 30 | 34 | 35 | 35 | 39 | 46 | 44 | 41 | 39 | 42 | 49 | 45 | 479 |
| 11 | THRISSILERY | 8 | 7 | 18 | 13 | 4 | 7 | 6 | 8 | 16 | 12 | 10 | 4 | 113 |
| | TOTAL | 98 | 112 | 111 | 117 | 115 | 117 | 118 | 124 | 125 | 121 | 134 | 108 | 1400 |

| | THARIODE | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | CHENNALOD | 17 | 21 | 15 | 25 | 20 | 16 | 27 | 35 | 27 | 31 | 22 | 12 | 268 |
| 2 | KAVUMMANNAM | 13 | 9 | 13 | 12 | 12 | 9 | 17 | 13 | 12 | 9 | 17 | 15 | 151 |
| 3 | KOTTATHARA | 12 | 5 | 10 | 20 | 16 | 20 | 11 | 20 | 14 | 17 | 10 | 9 | 164 |
| 4 | KURUMANI | 13 | 5 | 11 | 7 | 12 | 5 | 14 | 4 | 9 | 11 | 11 | 4 | 106 |
| 5 | KURUMBALA | 27 | 22 | 25 | 26 | 25 | 14 | 22 | 24 | 18 | 23 | 19 | 23 | 268 |
| 6 | MANGALAM | 5 | 6 | 13 | 4 | 10 | 5 | 8 | 7 | 10 | 7 | 6 | 11 | 92 |
| 7 | MANJOORA | 16 | 16 | 12 | 22 | 8 | 19 | 16 | 13 | 16 | 10 | 6 | 15 | 169 |
| 8 | PATHIPOIL | 0 | 4 | 5 | 3 | 3 | 4 | 2 | 3 | 2 | 9 | 4 | 2 | 41 |
| 9 | PUTHUSERYKKADAV | 12 | 17 | 13 | 11 | 12 | 9 | 5 | 14 | 11 | 7 | 9 | 8 | 128 |
| 10 | THARIOD | 21 | 19 | 15 | 24 | 20 | 36 | 16 | 32 | 33 | 28 | 15 | 22 | 281 |
| | TOTAL | 136 | 124 | 132 | 154 | 138 | 137 | 138 | 165 | 152 | 152 | 119 | 121 | 1668 |

| TOTAL NUMBER OF STUDENTS IN FORANE LEVEL -2019-2020 | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| **Name of Forane** | **I** | **II** | **III** | **IV** | **V** | **VI** | **VII** | **VIII** | **IX** | **X** | **XI** | **XII** | **Total** |
| Bathery | 164 | 175 | 166 | 204 | 184 | 205 | 186 | 193 | 195 | 201 | 178 | 144 | 2195 |
| Chungakkunnu | 194 | 206 | 189 | 185 | 208 | 189 | 191 | 241 | 197 | 201 | 194 | 200 | 2395 |
| Dwaraka | 128 | 92 | 122 | 108 | 108 | 126 | 108 | 99 | 106 | 127 | 124 | 130 | 1378 |
| Kallody | 88 | 95 | 97 | 99 | 112 | 106 | 89 | 103 | 96 | 127 | 95 | 86 | 1193 |
| Kalpetta | 134 | 138 | 165 | 132 | 125 | 162 | 153 | 153 | 143 | 162 | 145 | 98 | 1710 |
| Mananthavady | 189 | 168 | 201 | 206 | 187 | 199 | 200 | 236 | 198 | 191 | 223 | 169 | 2367 |
| Manimooly | 137 | 128 | 149 | 137 | 119 | 120 | 140 | 140 | 132 | 121 | 142 | 116 | 1581 |
| Mullenkolly | 261 | 260 | 245 | 267 | 296 | 252 | 256 | 242 | 231 | 227 | 233 | 243 | 3013 |
| Nadavayal | 224 | 254 | 220 | 228 | 244 | 223 | 236 | 210 | 209 | 248 | 209 | 201 | 2706 |
| Nilambur | 93 | 95 | 102 | 102 | 99 | 95 | 86 | 111 | 106 | 141 | 106 | 98 | 1234 |
| Nilgiris | 73 | 69 | 79 | 86 | 88 | 81 | 100 | 111 | 94 | 130 | 108 | 81 | 1100 |
| Payyampally | 98 | 112 | 111 | 117 | 115 | 117 | 118 | 124 | 125 | 121 | 134 | 108 | 1400 |
| Thariode | 136 | 124 | 132 | 154 | 138 | 137 | 138 | 165 | 152 | 152 | 119 | 121 | 1668 |
| TOTAL | 1919 | 1916 | 1978 | 2025 | 2023 | 2012 | 2001 | 2128 | 1984 | 2149 | 2010 | 1795 | 23940 |

| TOTAL NUMBER OF TEACHERS IN FORANE LEVEL -2019-2020 | | | | | | |
|---|---|---|---|---|---|---|
| **Name of Forane** | **Gents** | **Ladies** | **Sisters** | **Brothers** | **C. Team** | **Total** |
| Bathery | 74 | 95 | 50 | 4 | | 223 |
| Chungakkunnu | 55 | 100 | 32 | 1 | | 213 |
| Dwaraka | 51 | 64 | 27 | 0 | | 142 |
| Kallody | 47 | 87 | 32 | 2 | | 168 |
| Kalpetta | 52 | 126 | 37 | 0 | | 215 |
| Mananthavady | 87 | 124 | 53 | 0 | | 264 |
| Manimooly | 53 | 59 | 37 | 0 | | 149 |
| Mullenkolly | 84 | 96 | 37 | 0 | | 217 |
| Nadavayal | 67 | 102 | 50 | 2 | | 221 |
| Nilambur | 40 | 102 | 24 | 1 | | 167 |
| Nilgiris | 51 | 78 | 26 | 0 | | 155 |
| Payyampally | 38 | 68 | 37 | 0 | | 143 |
| Thariode | 59 | 65 | 32 | 0 | | 156 |
| TOTAL | 758 | 1166 | 472 | 10 | 25 | 2431 |

## രൂപതാ Visit

ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളെ മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനുമായി രൂപതാ ടീം അംഗങ്ങൾ സെപ്റ്റംബർ മാസം മുതൽ ഇടവകകളിൽ സന്ദർശനം നടത്തുന്നതാണ്. വിവിധ ഇടവകകളിലെ സന്ദർശന തീയതികൾ താഴെ ചേർക്കുന്നു.

**സെപ്റ്റംബർ 1 –** അമ്പലവയൽ, കരണി, ചുങ്കക്കുന്ന്, ചുള്ളിയാന, വെള്ളമുണ്ട, കല്ലോടി, ചാരിറ്റി, ലക്കിടി, കണിയാരം, ആടിക്കൊല്ലി, പട്ടാണിക്കൂപ്പ്, അരിഞ്ചേർമല, ചെറുകാട്ടൂർ, പയ്യംമ്പള്ളി, ചെന്നലോട്, കാവുംമന്ദം,

**സെപ്റ്റംബർ 15 – നീലഗിരി റീജിയൻ**

**സെപ്റ്റംബർ 22 –** ചീങ്ങവല്ലം, മീനങ്ങാടി, അടയ്ക്കാത്തോട്, ദ്വാരക, മംഗലശ്ശേരി, ദീപ്തിഗിരി, പുതിയിടംകുന്ന്, എടപ്പെട്ടി, കൊളവയൽ, ആലാറ്റിൽ, ഏലപ്പീടിക, പ്രശാന്തഗിരി, ഇരുളം, സീതാമൗണ്ട്, ചുണ്ടക്കര, കല്ലുവയൽ, ആറാട്ടുത്തറ, ഇടയൂർക്കുന്ന്, കോട്ടത്തറ, കുറുമണി.

**ഒക്ടോബർ 6 –** ചിത്രഗിരി, മൂലങ്കാവ്, ശാന്തിഗിരി, മൊതക്കര, തോണിച്ചാൽ, കരിമ്പിൽ, കുഞ്ഞോം, കൽപ്പറ്റ, കരിമാനി, മാനന്തവാടി ടൗൺ, തവിഞ്ഞാൽ, കമ്പനിഗിരി, ശിശുമല, കണിയാമ്പറ്റ, കേണിച്ചിറ, കമ്മന, കാട്ടിക്കുളം, കുറുമ്പാല.

**ഒക്ടോബർ 13 –** ചുള്ളിയോട്, പഴൂർ, കേളകം, കൊമ്മയാട്, കളത്തുവയൽ, നെടുംമ്പാല, മുതിരേരി, പോരൂർ, മരകാവ്, കുറുമ്പാലകോട്ട, പനമരം, മാർട്ടിൻനഗർ, പടമല, മംഗളം, മഞ്ഞൂറ.

**ഒക്ടോബർ 20 –** കടൽമാട്, തോമാട്ടുചാൽ, പാൽച്ചുരം, മക്കിയാട്, നിരവിൽപ്പുഴ, ഒലിവുമല, പുഴമുടി, പാറത്തോട്ടം, പേരിയ, തലപ്പുഴ, മരക്കടവ്, നെയ്ക്കുപ്പ, പറളിക്കുന്ന്, പനവല്ലി, തൃശ്ശിലേരി, തരിയോട്.

മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ സന്ദർശന തീയതി പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

സ്നേഹിതരേ,

**പ്രെയർ 2020 :** ദൈവവിളിയുടെ സമൃദ്ധിക്കുവേണ്ടി

**മിഷൻ പ്രെയർ ബാങ്ക്:** ഗോരഖ്പൂർ (പയ്യമ്പള്ളി മേഖലയിലെ ശാഖകൾ), ഷംഷാബാദ് (മണിമൂളി മേഖല)

**കുഞ്ഞേട്ടൻ അനുസ്മരണം**

മാനന്തവാടി രൂപതയുടേയും പ്രശാന്തഗിരി ശാഖയുടേയും ആഭിമുഖ്യത്തിൽ ഓഗസ്റ്റ് മാസം 18–ാം തിയതി സെന്റ് ജോസഫ് പള്ളിയിൽ വെച്ച് കുഞ്ഞേട്ടൻ അനുസ്മരണം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, ശാഖാ ഡയറക്ടർ ഫാ. അനീഷ് കാട്ടാംക്കോട്ടിൽ, രൂപതാ എക്സിക്യൂട്ടീവ് അംഗം ശ്രീ. അരുൺ പേഴേക്കാട്ടിൽ, ശാഖാ ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുത്തു.

**അൽഫോൻസാ കൺവെൻഷൻ**

മാനന്തവാടി രൂപതയുടേയും ചുങ്കക്കുന്ന് ശാഖയുടേയും നേതൃത്വത്തിൽ ചുങ്കക്കുന്ന് ഫാത്തിമ മാതാ ദേവാലയത്തിൽ വെച്ച് ജൂലൈ 28–ന് അൽഫോൻസാ കൺവെൻഷൻ നടത്തി. രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. അരുൺ പേഴേക്കാട്ടിൽ സെമിനാറിന് നേതൃത്വം കൊടുത്തു. രൂപതാ ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, ശാഖാ ഡയറക്ടർ ഫാ. വിൻസന്റ് കളപ്പുര, ശാഖാ അസി.ഡയറക്ടർ ഫാ. സനോജ് ചിറ്ററക്കൽ, രൂപതാ സെക്രട്ടറി ശ്രീ. ടോം ജോസ് പൂവക്കുന്നേൽ, രൂപതാ വൈസ് പ്രസിഡന്റ് കുമാരി ആര്യ കൊച്ചുപുരക്കൽ, ജോ. സെക്രട്ടറി കുമാരി അലേഷ്യ കൊല്ലപ്പള്ളി, രൂപതാ ടീം അംഗം കുമാരി അഞ്ജലി ചെറുപ്ലാവിൽ, ശാഖാ ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുത്തു.

**അൽഫോൻസാ ക്വിസ്**

മാനന്തവാടി രൂപതയുടേയും ചുങ്കക്കുന്ന് ശാഖയുടേയും നേതൃത്വത്തിൽ ചുങ്കക്കുന്ന് ഫാത്തിമ മാതാ ഫൊറോനാ ദേവാലയത്തിൽ വെച്ച് അൽഫോൻസാ ക്വിസ് നടത്തി. രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. അരുൺ പേഴേക്കാട്ടിൽ നേതൃത്വം നൽകി.

**പ്രളയബാധിത പ്രദേശത്ത് സന്ദർശനം നടത്തി.**

പ്രളയബാധിത പ്രദേശമായ തരിയോട്, കോട്ടത്തറ, കുഞ്ഞോം, കാവുമന്ദം, എന്നീ പ്രദേശങ്ങൾ രൂപതാ എക്സിക്യൂട്ടീവ് സന്ദർശിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു.

**പ്രളയ ബാധിതർക്കുള്ള കിറ്റ് വിതരണം**

തൃശൂർ അതിരൂപതയിലെ എരുമപ്പെട്ടി തിരുഹൃദയ പള്ളിയുടേയും കല്ലൂർ ഹോളി മേരി റോസറി പള്ളിയുടേയും സഹായത്തോടെ ഒന്നര ലക്ഷത്തോളം രൂപ വില വരുന്ന ഭക്ഷണ കിറ്റുകളും മറ്റു അനുബന്ധ സാധനങ്ങളും ശാഖയിലേക്ക് വിതരണം ചെയ്തു.

**കുഞ്ഞേട്ടൻ പുരസ്കാരം - സംസ്ഥാനതലം**

കേരളത്തിലെ ഏറ്റവും മികച്ച അൽമായ പ്രവർത്തകന് മിഷൻലീഗ് സംസ്ഥാന സമിതി നൽകുന്ന കുഞ്ഞേട്ടൻ പുരസ്കാരത്തിന് മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും മിഷൻലീഗ് മാനന്തവാടി രൂപത മുൻ പ്രസിഡന്റുമായ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ അർഹനായി. സെബാസ്റ്റ്യൻ സാറിന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ബഹു. മാലിപറമ്പിൽ അച്ചൻ അനുസ്മരണം**

മിഷൻലീഗ് സ്ഥാപകഡയറക്ടർ ബഹു. ജോസഫ് മാലിപറമ്പിലച്ചന്റെ ചരമ വാർഷികം സെപ്റ്റംബർ 9-ാം തിയതിയാണ്. അനുസ്മരണബലിയും യോഗവും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേ ദിവസം മാനന്തവാടി രൂപതയിൽ ഡയറക്ടേഴ്സ് ഡേ ആയി ആചരിക്കുന്ന കാര്യം അറിയാമല്ലോ. CML അംഗങ്ങളുടെ നേതൃത്വത്തിൽ ശാഖാ, മേഖലാ, രൂപതാ ഡയറക്ടർമാരെ ആദരിക്കയും ആശംസകൾ അറിയിക്കുകയും ചെയ്യുമല്ലോ.

**സ്നേഹവീട്- സമ്മാനക്കൂപ്പൺ**

സമ്മാന കൂപ്പണുകളുടെ കൗണ്ടർ ഫയലുകൾ തിരിച്ചേൽപ്പിക്കേണ്ട അവസാന തീയതി 2019 സെപ്റ്റംബർ 20-നാണ്.

**ദൈവവിളി സർവ്വേ**

ഈ മാസം 25-ന് മുമ്പ് പൂർത്തിയാക്കി ഫോം പൂരിപ്പിച്ച് പാസ്പോർട്ട് സൈസ് ഫോട്ടോയടക്കം CML ഓഫീസിൽ എത്തിക്കണേ.

**സ്നേഹദൂത് - ശാഖാസന്ദർശനം**

വാകേരി, മൂലങ്കാവ്, അമ്പലവയൽ, ചുള്ളിയോട് , കടൽമാട്, ചിത്രഗിരി, തോമാട്ടുചാൽ, വടക്കനാട്, പഴൂർ, കല്ലുമുക്ക്, പുതുശ്ശേരി, പ്രശാന്തഗിരി എന്നീ ശാഖകൾ രൂപതാ ടീം അംഗങ്ങൾ സന്ദർശിച്ചു.

**ലിറ്റിൽ ഫ്ളവർ കൺവെൻഷൻ –2019**

മിഷൻമാസാചരണത്തോടനുബന്ധിച്ചും 73 –ാം സ്ഥാപകദിന ത്തോടനുബന്ധിച്ചും രൂപതാതലത്തിൽ സീയോൻ ധ്യാനകേന്ദ്രവുമായി സഹകരിച്ച് ഏകദിന കൺവെൻഷൻ സംഘടിപ്പിക്കുന്നു.

ഓക്ടോബർ 5–ാം തീയതി ആദ്യ ശനിയാഴ്ച സീയോൻ ഹാളി ലാണ് കൺവെൻഷൻ സംഘടിപ്പിക്കുന്നത്. പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുമല്ലോ.

**മിഷൻമാസം –2019**

മിഷൻമാസ പ്രവർത്തനങ്ങളുടെ കരടുരൂപം തയ്യാറാക്കാൻ പരി ശ്രമിക്കുമല്ലോ. ഒക്ടോബർ 3–ാം തീയതി മിഷൻലീഗ് സംഘടനയുടെ 73–ാം സ്ഥാപകദിനമാണല്ലോ.

**പ്രേഷിത വർണ്ണങ്ങൾ – രൂപതാ ബൈബിൾ കലോത്സവം**

2019–20 വർഷത്തെ രൂപതാ ബൈബിൾ കലോത്സവം 2019 ഒക്ടോബർ 12–ാം തീയതി ബത്തേരി അസംപ്ഷൻ സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു.

**മഹാമിഷനറി – പുസ്തകാസ്വാദനം**

നമ്മുടെ സംഘടനയുടെ സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ ജീവചരിത്ര ഗ്രന്ഥമായ **മഹാമിഷനറി** – പുസ്ത കാസ്വാദന കുറിപ്പ് മത്സരം സംഘടിപ്പിക്കുന്നു. രണ്ടു പേജിൽ കവി യാത്ത കുറിപ്പ് തയ്യാറാക്കി സെപ്റ്റംബർ 30 –ന് മുമ്പ് രൂപതാ ഓഫീ സിൽ എത്തിക്കുക. 2000 ജനുവരി 1–നും 2006 ഡിസംബർ31–നും ഇടയിൽ ജനിച്ചവർക്ക് ആൺ പെൺ വ്യത്യാസമില്ലാതെ എത്ര പേർക്ക് വേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാം.

**നവ സന്യാസിനി സംഗമം**

2014– ജനുവരിക്ക് ശേഷം സമർപ്പിത ജീവിതം സ്വീകരിച്ച സന്യാ സിനികളുടെ സംഗമം സെപ്റ്റംബർ 21–ന് രാവിലെ 10 മണിമുതൽ 1 മണിവരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.

**നല്ല അയൽക്കാരൻ**

രൂപതയിലെ പാവപ്പെട്ട കുടുംബങ്ങളെ ഭക്ഷണവസ്തുക്കൾ നൽകി സഹായിക്കുന്ന നല്ല അയൽക്കാരൻ പദ്ധതിയിൽപ്പെട്ട കുടുംബ ങ്ങളുടെ ലിസ്റ്റ് ഇനിയും തരാത്ത മേഖലകൾ ഉടനെ രൂപതാ ഓഫീ സിൽ എത്തിക്കുമല്ലോ.

**സാഹിത്യ ശിൽപ്പശാല – അക്ഷരം –2019**

മേഖലാ, രൂപതാ സാഹിത്യ മത്സര വിജയികളുടെ സംഗമം 2019 സെപ്റ്റംബർ 14 രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. യോഗ്യരായവർ നിർബന്ധമായും പങ്കെടുക്കണം.

**മേഖലാ വാർത്തകൾ**

**നീലഗിരി:**

ലോഗോസ് പരീക്ഷയ്ക്കൊരുക്കമായി അതിന് തയ്യാറെടുക്കുന്ന വരെ സഹായിക്കുന്നതിന് എല്ലാ ദിവസവും അഞ്ച് ചോദ്യങ്ങളും അവ ക്കുള്ള ഉത്തരങ്ങളും വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ പോസ്റ്റ് ചെയ്തു. വി.തോമാശ്ലീഹായുടേയും വി.മരിയ ഗോരോത്തിയുടേയും വി. അൽഫോൻസാമ്മയുടേയും തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ സൂനം എന്ന പേരിൽ ലഘു ജീവചരിത്രം തയ്യാറാക്കി സോഷ്യൽ മീഡിയ വഴി പ്രദർശിപ്പിച്ചു.

**കൽപ്പറ്റ:**

ചെയിൻ റോസറിക്ക് ചാരിറ്റി ശാഖയിൽ തുടക്കം കുറിച്ചു. ദൈവ വിളി സെമിനാർ ഒലിവുമല ശാഖയിൽ നടത്തി. മേഖലാ കൗൺസിൽ നടത്തി.

**ശാഖാ വാർത്തകൾ**

*തെനേരി:-* ദൈവവിളി പ്രോത്സാഹനാർത്ഥം ക്വിസ് മത്സരം നടത്തി. രോഗീസഹായം, രോഗീസന്ദർശനം, ചിത്രരചനാമത്സരം, എക്സിക്യൂ ട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തി.

*ഇടിവെണ്ണ:-* സാഹിത്യമത്സര പരിശീലനം ശ്രീ. ബിജു ചിറ്റേടം സാറിന്റെ നേതൃത്വത്തിൽ നടത്തി. അൽഫോൻസാമ്മയുടെ തിരുനാളി നോടനുബന്ധിച്ച് ടാബ്ലോ പ്രദർശനവും ക്വിസ് മത്സരവും നടത്തി.

*പോരൂർ:-* ദൈവവിളിക്കുവേണ്ടി ഒരുമണിക്കൂർ ആരാധന നടത്തി. മാതാ പിതാക്കൾക്ക് നല്ല കുടുംബത്തെക്കുറിച്ച് സെമിനാർ നടത്തി.

*പുതുശ്ശേരി:-* പെയിൻ ആന്റ് പാലിയേറ്റീവ് ഹോം കെയർ നടത്തി. അമ്മ മാർക്കായി സെമിനാർ, സാഹിത്യ ശില്പശാല സംഘടിപ്പിച്ചു.

*വാളവയൽ:-* പള്ളിപരിസരം വൃത്തിയാക്കി, പഠനസഹായം 1000 രൂപ നൽകി.

*ബത്തേരി:-* ശാഖയിലെ ഗ്രൂപ്പ് ലീഡേഴ്സിനായി പ്രേഷിതം എന്ന പേരിൽ സെമിനാർ നടത്തി.

*മംഗളം:-* മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു വിനോദയാത്ര സംഘ ടിപ്പിച്ചു.

*വടക്കനാട്:-* നല്ല അയൽക്കാരൻ കുടുംബത്തെ തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചു. സെന്റ് തോമസ് ഡേ, അൽഫോൻസാമ്മയുടെ തിരുനാൾ, അൽഫോൻസ അനുസ്മരണം, അൽഫോൻസാ സൂക്ത

ങ്ങൾ എന്നിവ സമുചിതമായി നടത്തി. സാഹിത്യ ശില്പശാല സംഘ ടിപ്പിച്ചു.

*കണിയാരം:-* കിഡ്നി മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന രോഗിയെ സഹായിച്ചു. കുട്ടികളിൽനിന്ന് ശേഖരിച്ച പഠനോപകരണ ങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്തു.

*അപ്പപാറ:-* ഭവനസന്ദർശനം, പ്രാർത്ഥനാദിനം, മിഷൻഗ്രാമത്തിലേക്ക് കത്ത് എന്നിവ സംഘടിപ്പിച്ചു.

*കല്ലുവയൽ:-* മാതാപിതാക്കൾക്ക് സെമിനാർ നടത്തി. മാർ ജേക്കബ് തൂങ്കുഴി പിതാവിന് തിരുനാൾ ആശംസകൾ നേർന്നു. സെന്റ് തോമസ്ഡേ, അൽഫോൻസാ തിരുനാൾ, സാഹിത്യ ശില്പശാല എന്നിവ നടത്തി.

*ആടികൊല്ലി:-* വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ രൂപതാ മേഖലാ ശാഖാ വൈദീകർക്ക് ആശംസകൾ അർപ്പിച്ചു. ഞങ്ങ ളുടെ അച്ചൻ - രൂപതയിലെ വൈദികരെ സി. എം. എൽ. അംഗത്തിനും കുടുംബത്തിനും പ്രാർത്ഥിക്കുവാനായി നൽകി. കുഞ്ഞേട്ടൻ അനുസ്മ രണം നടത്തി. ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു.

*പൂക്കോട്ടുംപാടം:-* ദൈവവിളി അനുഭവം, അദ്ധ്യാപകരുടെ അനുഭവം, വചനബോർഡ് എഴുതൽ, ബർത്ത് ഡേ ആശംസകൾ എന്നിവ നടത്തി.

*പാറത്തോട്ടം:-* ശാഖാ ഡയറക്ടറുടെ നാമഹേതുക തിരുനാളും ജന്മ ദിനവും ആഘോഷിച്ചു. - പുരോഹിതൻ എനിക്ക് ആര്? എന്ന വിഷ യത്തെ ആസ്പദമാക്കി വീഡിയോ പ്രസംഗ മത്സരത്തിൽ 5 അംഗങ്ങൾ പങ്കെടുത്തു.

*കുറുമ്പാല:-* മാനന്തവാടി ഗവ.ആശുപത്രി സന്ദർശനം നടത്തുകയും ഉച്ചഭക്ഷണം നൽകുകയും ചെയ്തു. 2500 രൂപ സ്കോളർഷിപ്പ് നൽകി, സെന്റ് തോമസ് ട്രീ നട്ടു. മാർഗ്ഗരേഖ ദീപ്തം പ്രകാശനം ചെയ്തു.

*നെയ്കുപ്പ :-* സെന്റ് തോമസ് ഡേ ആഘോഷവും, തോമസ് നാമധാ രികളെ ആദരിക്കുകയും ചെയ്തു.

*നടവയൽ :-* കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് കർമ്മല ഉത്തരീയം നൽകി. തോമാശ്ലീഹായുടെ ജീവചരിത്രം അവതരിപ്പിച്ചു.

*കയ്യൂന്നി :-* മാതാപിതാക്കൾക്ക് സെമിനാർ സംഘടിപ്പിച്ചു. 60 വയസ്സിന് മുകളിലുള്ള ദമ്പതികളെ ആദരിച്ചു. ഓസാനാം ഭവൻ സന്ദർശിച്ചു.

*ശിശുമല :-* കുഞ്ഞുമിഷനറിമാരുടെ ഡയറി ആരംഭിച്ചു. അൽഫോൻസാ ക്വിസും കൊളാഷ് നിർമ്മാണവും നടത്തി. പഠന മികവിനുള്ള അംഗീ കാരം ശാഖയിലെ മിഷനറിമാർക്ക് നൽകി.

*ഒലിവുമല :-* ദൂക്റാന തിരുനാളിനോടനുബന്ധിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്കിറ്റ് മത്സരം സംഘടിപ്പിച്ചു. ദൈവവിളി സെമിനാർ നടത്തി. ജോ. ഡയറക്ടേഴ്സ് ഡേ സമുചിതമായി ആഘോഷിച്ചു.
*ചാരിറ്റി :-* സെന്റ് തോമസ് ഡേ ആഘോഷിച്ചു. അന്നേദിവസം പുരോഹിതരെക്കുറിച്ച് വീഡിയോ ക്ലിപ്പ് കാണിച്ചു. വസ്ത്രങ്ങൾ ശേഖരിച്ച് അർഹതപ്പെട്ടവർക്ക് നൽകി.
*കുറുമണി:-* വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു. ബൈബിൾ ക്വിസ് മത്സരം നടത്തി.
*വാകേരി:-* മിഷൻലീഗിന്റെ ശാഖാതല ഉദ്ഘാടനം നടത്തി, മാർഗ്ഗരേഖ പ്രകാശനം ചെയ്തു. ചികിത്സാ സഹായമായി 2500 രൂപ കൊടുത്തു.

കേരളകരയാകെ കഴിഞ്ഞ ആഴ്ചകളിൽ നേരിട്ട വലിയ പ്രതിസന്ധികളെക്കുറിച്ചൊക്കെ നമുക്ക് അറിയാമല്ലോ. പ്രത്യേകിച്ച് മേപ്പാടിയിലേയും നിലമ്പൂരിലേയും ദുരന്തങ്ങൾ നമ്മെ ഏറെ സങ്കടപ്പെടുത്തുന്നു. ഒരുപാട് നഷ്ടങ്ങളും കഷ്ടതകളും നേരിടേണ്ടിവരുന്ന നമുക്ക് പുതിയ പുലരികൾ ശാന്തിയുടേയും സമാധാനത്തിന്റേയും നല്ല കാലാവസ്ഥയുടേതുമായി മാറട്ടേയെന്ന് പ്രാർത്ഥിക്കാം. വരുവാനിരിക്കുന്ന നല്ല നാളേക്കായി നമുക്ക് ഒരുമിച്ച് കൈകോർക്കാം. അതിനായി വലിയ പ്രേഷിതനായ ക്രിസ്തുവും വി. ചെറുപുഷ്പത്തിന്റെ മദ്ധ്യസ്ഥതയും നമ്മെ സഹായിക്കട്ടെ.

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**ജോബ് ഫെയർ**

മാനന്തവാടി രൂപത യൂത്ത്മിനിസ്ട്രി, എംപ്ലോയർ ലൈവിന്റെ സഹായത്തോടെ ഡോൺബോസ്‌ക്കോ കോളേജിൽവെച്ച് യുവർ നെയ്ബർ അസോസിയേഷനും, ബത്തേരി മേഖല മിഷൻലീഗും, ഡോൺബോസ്‌ക്കോ കോളേജും സഹകരിച്ചുകൊണ്ട് ജൂലൈ 27 ശനിയാഴ്ച്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ വയനാട് മെഗാ ജോബ്ഫെയർ നടത്തി. 37 കമ്പനികൾ ഈ ജോബ്ഫെയറിൽ പങ്കെടുത്തു. എത്തിചേർന്ന ആയിരത്തോളം തൊഴിലന്വേഷകരിൽ നിന്ന് യോഗ്യരായ 613 പേർ റെജിസ്ട്രേഷൻ നടത്തി ഇന്റർവ്യൂവിന് ഹാജരായി. 250 പേർക്ക് അന്നേദിവസം തൊഴിൽ ലഭിക്കുകയും 200 പേരുടെ ഷോർട്ട്‌ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. വയനാട് മെഗാ ജോബ് ഫെയർ ബത്തേരി നിയോജകമണ്ഡലം M L A ഐ.സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. യൂത്ത്മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, മിഷൻലീഗ് ബത്തേരി മേഖല ഡയറക്ടർ ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, ഡോ.കാർത്തിക് തുടങ്ങിയവർ പ്രസംഗിച്ചു.

വയനാട് മെഗാ ജോബ് ഫെയറിന് എല്ലാ സൗകര്യങ്ങളും ഒരുക്കിതന്ന പ്രിൻസിപ്പൽ ഡോ.ജോയി ഉള്ളാട്ടിൽ അച്ചനും, വൈസ് പ്രിൻസിപ്പൽ ഫാ.സോജനും ഡോ.കാർത്തിക്കിനും, വോളണ്ടിയേഴ്സായ ഡോൺബോസ്‌ക്കോ വിദ്യാർത്ഥികൾക്കും എല്ലാ അധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി. യുവജനങ്ങളെ പങ്കെടുപ്പിച്ച എല്ലാ വികാരി അച്ചൻമാർക്കും വിവിധ കോളേജ് അധികൃതർക്കും നമ്മുടെ അഭ്യർത്ഥനപ്രകാരം വയനാട്ടിൽ ഒരു ജോബ് ഫെയർ നടത്തുവാൻ മുന്നോട്ട് വന്ന എംപ്ലോയർ ലൈവ് കമ്പനിക്കും പ്രത്യേകമായ നന്ദി.

**നാല്പത് ദിന ഉപവാസ പ്രാർത്ഥന**

കുട്ടികൾക്കും യുവജനങ്ങൾക്കും സഭക്കും വേണ്ടിയുള്ള നാല്പത് ദിവസത്തെ പ്രാർത്ഥന ജൂലൈ 31 മുതൽ സെപ്റ്റംബർ 8 വരെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

പ്രളയകാലത്ത് ദുരിതമനുഭവിക്കുന്നവരെ യൂത്ത് മിനിസ്ട്രി ടീം സന്ദർശിക്കുകയും ആവശ്യമായ വസ്ത്രങ്ങളും ഭക്ഷണ സാധനങ്ങളും ക്ലീനിംഗ് വസ്തുക്കളും നല്കുകയും ചെയ്തു. യൂത്ത് മിനിസ്ട്രിയുടെ ഓഫീസ് ദുരിതാശ്വാസ സാധനങ്ങളുടെ വിതരണ കേന്ദ്രമായി പ്രവർത്തിച്ചു.

**യൂത്ത് ടോക്ക്**

വയനാടിന്റെ വികസനത്തിന് വേണ്ടി യുവർനെയ്ബറിന്റെ ആഭിമുഖ്യത്തിൽ വയനാട്ടിലെ കോളേജിലെ വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് മേരിമാതാ കോളേജിൽ വെച്ച് യൂത്ത് ടോക്ക് നടത്തുന്നു. താല്പര്യമുളള കോളേജുകൾ യൂത്ത് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക.

**ലൈഫ് ട്രെയിനിംഗ് 2018, 2019 ബാച്ച്**

ഓഗസ്റ്റ് 2, 3 വെള്ളി, ശനി ദിവസങ്ങളിൽ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാം യൂത്ത് മിനിസ്ട്രി ഓഫീസിൽ വെച്ച് നടന്നു. 37 വിദ്യാർത്ഥികൾ ഈ ട്രെയിനിംഗിൽ പങ്കെടുത്തു. വെള്ളിയാഴ്ച്ച വൈകുന്നേരം പ്രാർത്ഥനയോടെ ട്രെയിനിംഗ് ആരംഭിച്ചു. തുടർന്ന് വിദ്യാർത്ഥികൾ അവരുടെ പഠനനിലവാരത്തെയും, ആത്മീയ ജീവിതത്തെയും വിലയിരുത്തി സംസാരിക്കുകയും ആവശ്യമായ തിരുത്തലുകളും പ്രോത്സാഹനവും നല്കുകയും ചെയ്തു. ശനിയാഴ്ച്ച രാവിലെ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വിദ്യാർത്ഥികൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് 2019 ബാച്ചിന് ആനന്ദ് കണക്ക് വിഷയത്തിലും 2018 ബാച്ചിന് ജിനി മീനങ്ങാടി ബയോളജി വിഷയത്തിലും ക്ലാസ്സുകൾ നല്കി. ഇതിന് സി.ആൻസി. സി. എം.സി യും സി.ലിൻസി SCV യും നേതൃത്വം നല്കി.

**സി. ലിൻസി എസ്.സി.വി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**സംസ്ഥാന അർദ്ധവാർഷിക സെനറ്റ്**

ജൂലൈ 26, 27, 28 തീയതികളിൽ തിരുവനന്തപുരം മാർ ഗ്രിഗോറിയസ് റിന്യൂവൽ സെന്ററിൽ വെച്ച് നടന്ന സംസ്ഥാന അർദ്ധവാർഷിക സെനറ്റിൽ രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ, രൂപതാ ആനിമേറ്റർ സി. സാലി CMC സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ. ബിബിൻ ചെമ്പക്കര, സംസ്ഥാന സെനറ്റ് അംഗം ശ്രീ. ജിജോ താന്നിവേലി, രൂപതാ സെക്രട്ടറി കുമാരി ചിപ്പി കളമ്പുക്കാട്ട് എന്നിവർ പങ്കെടുത്തു. രൂപതയുടെ കഴിഞ്ഞ ആറ് മാസത്തെ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. സംസ്ഥാന അർദ്ധവാർഷിക സെനറ്റിന് പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ഡയറക്ടേഴ്സ് മീറ്റ്**

2019–2020 വർഷത്തെ എസ്.എം. വൈ. എം. പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും സഭാതല യുവജന ശുശ്രൂഷ ഏകോപിപ്പിക്കുന്നതിനുമായി സീറോ മലബാർ യൂത്ത് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിൽ ആഗസ്റ്റ് 2 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വിളിച്ച് ചേർത്ത ഡയറക്ടർമാരുടെ യോഗത്തിൽ മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ പങ്കെടുത്തു. ആഗസ്റ്റ് 3 ന് നടന്ന പഠനശിബിരത്തിൽ (ക്രിസ്തു ജീവിക്കുന്നു) രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ, രൂപതാ ആനിമേറ്റർ സി. സാലി CMC വൈസ് പ്രസിഡണ്ട് കുമാരി അലീന പാണ്ടിയാംപറമ്പിൽ, കോഡിനേറ്റർ ശ്രീ. റ്റിബിൻ പാറയ്ക്കൽ, രൂപതാ ട്രഷറർ ശ്രീ. ജിയോ മച്ചുകുഴിയിൽ എന്നിവർ പങ്കെടുത്തു.

**പ്രചോദിനി – 2019**

കെ.സി.വൈ.എം. മാനന്തവാടി രൂപതാ വനിതാസംഗമം പ്രചോദിനി – 2019 ഒണ്ടയങ്ങാടി സെന്റ് മാർട്ടിൻ ഡി പോറസ് ദേവാലയത്തിൽ നടന്നു. രൂപതാ സെക്രട്ടറി കുമാരി ചിപ്പി കളമ്പുക്കാട്ട് പതാക ഉയർത്തി. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ വചന പ്രതിഷ്ഠ നടത്തി. രൂപതാ സിൻഡിക്കേറ്റ് അംഗം കുമാരി ടെസ്സിൻ വയലിൽ സ്വാഗതം ആശംസിച്ചു. രൂപതാ

സെക്രട്ടറി കുമാരി ചിപ്പി കളമ്പുക്കാട്ട് അധ്യക്ഷത വഹിച്ചു. പയ്യമ്പള്ളി ഫൊറോനാ വികാരി റവ. ഫാ. ജോയി പുല്ലൻകുന്നേൽ ഉദ്ഘാടനം ചെയ്തു. നവ മാധ്യമ സംസ്ക്കാരത്തിലൂടെ ഉടലെടുക്കുന്ന ചതിക്കുഴികൾ കാണാൻ കണ്ണും കാതും തുറന്നിരിക്കണമെന്നും, സഭയുടെ ആരംഭം മുതൽ മതമർദ്ധനം ഉണ്ട് അത് ഇന്നും പല രീതികളിൽ തുടർന്നുകൊണ്ടേയിരിക്കുന്നു എന്നും അതിനെതിരെ ജാഗ്രത പാലിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അച്ചൻ ഓർമ്മിപ്പിച്ചു. പയ്യമ്പള്ളി മേഖലാ ആനിമേറ്റർ റവ. സി. റോസ്ന SCV മുഖ്യപ്രഭാഷണവും രൂപതാ ആനിമേറ്റർ സി. സാലി CMC ആമുഖ പ്രഭാഷണവും നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ, രൂപതാ പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി, പയ്യമ്പള്ളി മേഖലാ ഡയറക്ടർ റവ. ഫാ. സിജോ എടക്കുടിയിൽ, ഒണ്ടയങ്ങാടി വികാരി റവ.ഫാ. ജോസ് കളപ്പുരയിൽ, പയ്യമ്പള്ളി മേഖലാ വൈസ് പ്രസിഡണ്ട് കുമാരി റോഷ്ണി പള്ളിക്കുന്നേൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. രൂപതാ സിൻഡിക്കേറ്റ് അംഗം കുമാരി അലീന പാണ്ടിയാംപറമ്പിൽ നന്ദിയർപ്പിച്ചു. മുൻ രൂപതാ വൈസ് പ്രസിഡണ്ടും ഇപ്പോൾ അടയ്ക്കാത്തോട് ഹൈസ്ക്കുൾ പ്രധാന അദ്ധ്യാപികയുമായ ശ്രീമതി. ജ്വാകിലിൻ ടീച്ചർ സെമിനാർ നയിച്ചു. ലോകത്തിൽ മാത്രമല്ല ഭാരതത്തിലും വളർന്ന് വന്ന ധീരരും വിശുദ്ധരുമായ യുവതികൾ പുതുതലമുറയ്ക്ക് പ്രചോദനവും മാതൃകയുമാണെന്ന് ടീച്ചർ യുവതികളെ ഓർമ്മപ്പെടുത്തി. ആധുനിക യുഗത്തിൽ സ്ത്രീകൾ പീഡനങ്ങൾക്കും ഒറ്റപ്പെടലുകൾക്കും അടിച്ചമർത്തലുകൾക്കും വിധേയരാകാതെ, സ്ത്രീ സുരക്ഷാ നിയമങ്ങളും സ്ത്രീ പരിരക്ഷാ നിയമങ്ങളും അറിഞ്ഞിരിക്കേണ്ടതിന്റ ആവശ്യകത ചൂണ്ടിക്കാട്ടി മാനന്തവാടി രൂപതയുടെ ഔദ്യോഗിക PRO ടീം മെമ്പറായ റവ. ഫാ. നോബിൾ പാറയ്ക്കൽ ക്ലാസ്സ് നയിച്ചു. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ, പയ്യമ്പള്ളി മേഖലാ ഭാരവാഹികൾ, ഒണ്ടയങ്ങാടി യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി. വിവിധ യൂണിറ്റുകളിൽ നിന്നായി 400 ൽ പരം അംഗങ്ങൾ പങ്കെടുത്തു. പ്രചോദിനി – 2019 നെ വൻ വിജയമാക്കാൻ ക്ലാസ്സുകൾ നയിച്ച റവ.ഫാ. നോബിൾ പാറയ്ക്കലിനും, ജ്വാകിലിൻ ടീച്ചറിനും പയ്യമ്പള്ളി മേഖലാ ഡയറക്ടർ റവ. ഫാ. സിജോ എടക്കുടിയിൽ, ഒണ്ടയങ്ങാടി വികാരി റവ.ഫാ.ജോസ് കളപ്പുരയിൽ, സാന്നിധ്യംകൊണ്ടും സഹകരണങ്ങൾക്കൊണ്ടും അനുഗ്രഹിച്ച വൈദീകർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും ഒണ്ടയങ്ങാടി യൂണിറ്റിനും പയ്യമ്പള്ളി മേഖലയ്ക്കും രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

**നന്ദി**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ കഴിഞ്ഞ ആറ് മാസ ക്കാലം വൈസ് പ്രസിഡണ്ടായി പ്രവർത്തിച്ചിരുന്ന കുമാരി ഗ്രാലിയ അലക്സ് പുതിയ പ്രവർത്തന മേഖലയിലേക്ക് മാറേണ്ടി വന്നതി നാൽ തൽസ്ഥാനത്തു നിന്നും മാറിയിരിക്കുന്നു. കെ.സി.വൈ.എം. പ്രസ്ഥാനത്തിന് നൽകിയ സേവനത്തിന് ഹൃദയം നിറഞ്ഞ നന്ദി രേഖ പ്പെടുത്തുന്നു. പുതിയ പ്രവർത്തന മേഖലയിൽ എല്ലാവിധ ദൈവാനു ഗ്രഹങ്ങളും ആശംസിക്കുന്നു.

**അഭിനന്ദനങ്ങൾ**

പ്രവർത്തനവർഷത്തിൽ സിൻഡിക്കേറ്റ് അംഗമായിരുന്ന കുമാരി അലീന പാണ്ടിയാംപറമ്പിലിനെ വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് തിരഞ്ഞെടുത്തിരിക്കുന്നു. അലീനയ്ക്ക് പുതിയ ദൗത്യനിർവ്വഹണ ത്തിന് സ്വാഗതവും ആശംസകളും അർപ്പിക്കുന്നു.

**സ്വാഗതം**

ജൂബിലി നിറവിലായിരിക്കുന്ന കെ.സി.വൈ.എം. പ്രസ്ഥാന ത്തിന് ഒരു പടികൂടിക്കടന്ന് ഉയരങ്ങളിലേക്ക് നയിക്കാൻ നിയുക്തരാ യിരിക്കുന്ന കല്ലോടി മേഖലാ ആനിമേറ്റർ സി. റെയ്നി MSMI, നടവ യൽ മേഖലാ ആനിമേറ്റർ സി. ജെസ്സി പോൾ CMC, ദ്വാരക മേഖലാ ആനിമേറ്റർ സി. ആൻ തെരസ്സ് SH, ബത്തേരി മേഖല ആനിമേറ്റർ സി. ഡോ. നാൻസി SABS, നിലമ്പൂർ മേഖല ആനിമേറ്റർ സി. അർച്ചന SKD എന്നിവർക്ക് സ്വാഗതവും അഭിനന്ദനങ്ങളും, തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ ആവശ്യമായിരിക്കുന്ന എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**പ്രളയത്തിലും........ പ്രളയാനന്തര പ്രവർത്തനങ്ങളിലും ആശ്വാസമായ്.....**

കേരളത്തെ ഒന്നായി പിടിച്ചുക്കുലുക്കിയ പ്രളയം വയനാടിന്റ പുത്തുമലയെ തകർത്തെറിഞ്ഞപ്പോൾ, ഏറെ ദുഷ്കരവും ദുർഘടവു മായ സാഹചര്യങ്ങളെ വെല്ലുവിളിച്ച് രക്ഷാപ്രവർത്തനങ്ങളിൽ ഏറെ സജീവമായി പങ്കുചേർന്ന മാനന്തവാടി കെ.സി.വൈ.എം. കോഡിനേറ്റർ ശ്രീ.റ്റിബിൻ പാറയ്ക്കലിന് ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു. ഒരു പ്രളയത്തിന്റ ദുരന്തസ്മരണകൾ മാഞ്ഞുമറ യുന്നതിന് മുമ്പേ വീണ്ടുമെത്തിയ പ്രളയക്കെടുതികളിൽ മാനന്തവാടി കെ.സി.വൈ.എം. പ്രസ്ഥാനം ഒറ്റക്കെട്ടായി പ്രവർത്തിച്ചു. പ്രളയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ KCYM IMMEDIATE RESCUE HD (HD: HELP DESK) എന്ന വാട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി

പ്രവർത്തനങ്ങൾ സജീവമാക്കി. രൂപതാ ടീം പ്രളയബാധിത പ്രദേശങ്ങൾ, ഭവനങ്ങൾ എന്നിവ സന്ദർശിച്ചു. രൂപതാ നേതൃത്വത്തിന്റ സഹായത്തോടെ വിവിധ മേഖലകളിൽ മേഖലാ ഡയറക്ടർമാർ, യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, കെ.സി.വൈ.എം. പ്രവർത്തകർ ഒന്നുച്ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പ്രളയത്തിലും പ്രളയാനന്തര പ്രവർത്തനങ്ങളിലും ആശ്വാസമായ് പ്രവർത്തിച്ച വൈദീകർക്കും സമർപ്പിതർക്കും എല്ലാ കെ.സി. വൈ.എം. അംഗങ്ങൾക്കും രൂപതാ സമിതിയുടെ നന്ദിയറിക്കുന്നു.

**കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയ്ക്കും താമരശ്ശേരി രൂപതയ്ക്കും നന്ദി**

പ്രളയബാധിത ഭവനങ്ങൾ ശുചീകരിക്കാൻ തലശ്ശേരി അതിരൂപതയിൽ നിന്നും താമരശ്ശേരി രൂപതയിൽ നിന്നും യുവജന സുഹൃത്തുക്കൾ മാനന്തവാടി രൂപതയോട് ചേർന്ന് പ്രവർത്തിച്ചു. ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ 27 കെ.സി.വൈ.എം. പ്രവർത്തകരെ മാനന്തവാടി പാണ്ടിക്കടവ് ഭാഗത്തേയ്ക്ക് പറഞ്ഞയച്ച തലശ്ശേരി അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. സോണി സ്കറിയ വടാശ്ശേരിയ്ക്കും, അതിരൂപതാ പ്രസിഡണ്ട് ശ്രീ. സിജോ കണ്ണേഴത്തിനും, ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ താമരശ്ശേരി രൂപതയിൽ നിന്നും 70 ൽ പരം കെ.സി.വൈ.എമ്മിന്റ പ്രവർത്തകരെ ഭൂദാനം ഇടവകയിലേക്ക് പറഞ്ഞയച്ച കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ബഹു. മെൽബിൻ വെള്ളക്കാക്കുടിയിലച്ചനും, രൂപതാ പ്രസിഡണ്ട് ശ്രീ. സൗബിൻ ഇലഞ്ഞിക്കലിനും, രൂപതാ-അതിരൂപതാ ഭാരവാഹികൾക്കും, കെ.സി.വൈ.എം. പ്രവർത്തകർക്കും നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

**പ്രളയത്തിൽ സഹായ ഹസ്തവുമായ്**

പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട വയനാടൻ ജനതയ്ക്ക് സഹായ ഹസ്തവുമായ് കൊച്ചി രൂപതയിൽ നിന്നും എത്തിയ ബഹു. ഫാ. ലൂയീസിനും, രൂപതാ പ്രസിഡണ്ട് ശ്രീ. ജോസഫ് ക്രിസ്റ്റിയ്ക്കും, ടീം അംഗങ്ങൾക്കും, പാലക്കാട് രൂപതയുടെ തത്തമംഗലം ഫൊറോനയിൽ നിന്നും എത്തിയ റവ. ഫാ. ബെറ്റ്സൻ തുക്കുപറമ്പിൽ, പ്രസിഡണ്ട് അഖിൽ ഡേവിസിനും, ഭാരവാഹികൾക്കും, കോതമംഗലം രൂപതാ കെ.സി.വൈ.എം. ഡയറക്ടർ റവ.ഫാ. സിറിയക്ക് ഞാളൂരിനും കെ.സി.വൈ.എം. പ്രസ്ഥാനത്തിനും, കോതമംഗലം രൂപതയിലെ മുതലക്കോടം സെന്റ് ജോർജ് ഫൊറോനാ പള്ളി വികാരിയ്ക്കും ഇടവക അംഗങ്ങൾക്കും ഇരിങ്ങാലക്കുട രൂപതാ കുറ്റിക്കാട്ട് ഫൊറോനാ കെ.സി.

വൈ.എമ്മിനും നിറമനസ്സോടെ ചെയ്ത സഹായങ്ങൾക്ക് മാനന്തവാടി രൂപതയുടെ ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

**ആദരാജ്ഞലികൾ**

കർത്താവിൽ നിദ്ര പ്രാപിച്ച മാനന്തവാടി രൂപതാംഗം റവ. ഫാ. സണ്ണി പുതനപ്രയ്ക്കും മാനന്തവാടി രൂപതയുടെ മുൻ ഡയറക്ടറായ റവ. ഫാ. ആന്റോ മമ്പള്ളിയുടെ മാതാവിനും കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആദരാഞ്ജലികൾ.

**മേഖല വാർത്തകൾ**

**മണിമൂളി മേഖല**

പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന വിവിധ വീടുകൾ വൃത്തിയാക്കുന്നതിലും, വിവിധ സഹായ സഹകരണം ചെയ്യുന്നതിൽ ഭൂദാനം, പാതിരിപ്പാടം, നരിവാലമുണ്ട, പാലേമാട്, മുണ്ടേരി, എന്നീ യൂണിറ്റിൽ നിന്നും ധാരാളം യുവജനങ്ങൾ പങ്കെടുത്തു. ചാത്തമുണ്ട സി.എസ്.റ്റി ആശ്രമത്തിൽ നിന്നും റവ. ഫാ. ജോബി, റവ. ഫാ. വിമൽ, ബ്രദേഴ്സ് എന്നിവരും ശുചീകരണ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചു.

**യൂണിറ്റ് വാർത്തകൾ**

**പാറത്തോട്ടം**

യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുക്കുന്നേലച്ചന്റെ ഫീസ്റ്റും ബർത്ത്ഡേയും ആഘോഷിച്ചു. യുവജനദിനാഘോഷത്തിന് ആഘോഷമായ വിശുദ്ധബലിയർപ്പണവും വചനസന്ദേശവും മേഖലാ ഡയറക്ടർ റവ. ഫാ. മാത്യു മലയിലച്ചന്റെ നേതൃത്വത്തിൽ നടന്നു. യുവജന സെമിനാർ ശ്രീ. അജേഷ് എടപ്പാട്ട് സാർ നയിച്ചു. പൊതുസമ്മേളനം യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചൻ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് ജോബിൻ അറയ്ക്കൽ മാർഗ്ഗരേഖ ഔദ്യോഗികമായി പ്രകാശനം ചെയ്തു. യുവദമ്പതികളെ മെമെന്റോ നൽകി ആദരിച്ചു. എസ്.എസ്.എൽ.സി, പ്ലസ് 2 പരീക്ഷകളിൽ ഉന്നതവിജയം കൈവരിച്ചവരെ ക്യാഷ് അവാർഡും മെമെന്റോയും നല്കി ആദരിച്ചു. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് സംസ്ഥാന തലത്തിൽ നടന്ന ട്രോൾ മത്സരത്തിൽ 2-ാം സ്ഥാനം കരസ്ഥമാക്കിയ പ്രണവ് സജിയെ ക്യാഷ് അവാർഡ് നല്കി അനുമോദിച്ചു.

**തവിഞ്ഞാൽ യൂണിറ്റ്**

ജൂലൈ 7-ന് ആചരിക്കപ്പെട്ട യുവജനദിനത്തിന്റ ഭാഗമായി യുവജന വാരാചരണങ്ങൾ സംഘടിപ്പിച്ചു. ജൂലൈ 7-ന് യൂണിറ്റ് പ്രസിഡണ്ട്

ശ്രീ. സോനു കുറിയിടത്ത് പതാക ഉയർത്തി വാരാചരണം ഉദ്ഘാടനം ചെയ്തു. തുടർന്ന് 7 ദിവസങ്ങളിൽ നടന്ന യുവജന പ്രാർത്ഥനയും, ശനിയാഴ്ച നടന്ന ഒരു മണിക്കൂർ ആരാധനയും വാരാചരണത്തിന്റ പരിപാടികളായിരുന്നു. 14-ന് നടന്ന യുവജന സെമിനാറും യൂത്ത് മാസ്സും വാരാചരണത്തിന്റ സമാപനം കുറിച്ചു. ശ്രീ. സജിൻ ചാലിൽ, മേഖലാ ഡയറക്ടർ റവ. ഫാ. മാത്യു മലയിൽ എന്നിവർ ഈ ദിവസത്തെ മനോഹരമാക്കി.

**ആടിക്കൊല്ലി യൂണിറ്റ്**

ജൂലൈ 7-ന് ശാഖയിൽ യുവജന ദിനാഘോഷം നടത്തി. വി.കുർബാനയിൽ കാഴ്ചസമർപ്പണം നടത്തി. യുവജന സെമിനാർ റവ.ഫാ. ചാണ്ടി പുനക്കാട്ട് നയിച്ചു. 108 യുവജനങ്ങൾ സെമിനാറിൽ പങ്കെടുത്തു.

**മക്കിയാട് യൂണിറ്റ്**

ജൂലൈ 7-ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് ഒറ്റപ്ലാക്കലച്ചന്റ നാമഹേതുക തിരുനാൾ ആഘോഷിച്ചു. ജൂലൈ 19 ന് റോസറി ഡേ നടത്തി പരി. അമ്മയോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിച്ചു. ബത്തേരി ഡോൺ ബോസ്കോയിൽ വച്ചുനടന്ന ജോബ് മെഗാ ഫെയറിൽ കെ. സി. വൈ. എം. അംഗങ്ങൾ പങ്കെടുത്തു. ജൂലൈ 28 ന് 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി kcym initiation programme നടത്തി. സി. ഡോ. റോസ് വരകിൽ ക്ലാസ്സിന് നേതൃത്വം നല്കി. ജൂലൈ 28 ന് യൂത്ത് മാസ്സ് നടത്തി. അംഗത്വസ്വീകരണവും നവീകരണവും നടത്തി.

**പുതുശ്ശേരി യൂണിറ്റ്**

യുവജന ദിനത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ ദിവ്യബലിയിൽ സജീവമായി പങ്കെടുത്തു. ലേഖന വായന, ഗാനശുശ്രൂഷ, കാഴ്ച സമർപ്പണം എന്നിവയ്ക്ക് നേതൃത്വം നല്കി.

**കുറ്റിമൂല യൂണിറ്റ്**

ജൂലൈ 7-ന് യുവജന ദിനത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ മൂന്നാനാലിന്റെയും ആനിമേറ്റർ സി. ദിവ്യയുടെയും നേതൃത്വത്തിൽ യുവജന ദിനാഘോഷം നടത്തി. എക്സിക്യൂട്ടീവ് അംഗങ്ങൾ തിരി തെളിച്ച് ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. ദിവ്യബലിയിൽ ലേഖന വായന, ഗാനശുശ്രൂഷ, കാഴ്ചസമർപ്പണം എന്നിവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. വി. കുർബാന മദ്ധ്യേ ജസ്റ്റിനച്ചൻ ആശംസകൾ അർപ്പിച്ചു. കെ.സി.വൈ.എം. പതാക പ്രസിഡണ്ട് ശരത്ത് വടക്കേകര ഉയർത്തി. സെക്രട്ടറി രാഗിൻ, ടോണി എന്നിവർ ആശംസകൾ അർപ്പിച്ചു.

**കല്ലോടി യൂണിറ്റ്**

കർത്താവിന്റ കരുണ്യത്താൽ ക്യാൻസർ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ച ഇടവക അംഗമായ സിബി പുത്തൻപുരയുടെ വീട് സന്ദർശിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്തു. ജൂലൈ 14 ന് യുവജന ദിനാഘോഷം നടത്തി. യുവജനങ്ങൾക്കായ് ക്ലാസ്സ് സംഘടിപ്പിച്ചു. കൽപ്പറ്റ ഡി.വൈ.എസ്.പി. ശ്രീ. ജേക്കബ് തെക്കിനാൽ, കൗൺസിലർ ശ്രീ. റിൻസൺ മെതിപ്പാറ എന്നിവർ ക്ലാസ്സ് നയിച്ചു.

**തരിയോട് യൂണിറ്റ്**

ജൂലൈ 7–ന് യുവജനദിനം ആഘോഷിച്ചു. ദിവ്യബലിയിൽ കാഴ്ചസമർപ്പണം നടത്തി. യുവജന മീറ്റിംഗിൽ രൂപതാ പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് യുവജനങ്ങൾക്കായ് കലാപരിപാടികൾ നടത്തി. ജൂലൈ 25–ന് യൂണിറ്റ് ഡയറക്ടറും മേഖലാ ഡയറക്ടറുമായ റവ. ഫാ. ജെയിംസ് കുന്നത്തേട്ട് അച്ചന് നാമ ഹേതുക തിരുനാളിന്റ പ്രാർത്ഥനാശംസകൾ നേർന്നു. ജൂലൈ 26–ന് ആനിമേറ്റർ സി. ജീന എസ്. എച്ചിന് നാമഹേതുക തിരുനാളിന്റ ആശം സകൾ നേർന്നു.

**പാൽച്ചുരം യൂണിറ്റ്**

പാൽച്ചുരം യൂണിറ്റിൽ ഡയറക്ടർ റവ.ഫാ.ബാബു മാപ്ല ശ്ശേരിയുടെയും ആനിമേറ്റർ റവ. സി. ജെസ്സിൻ ജോസ്സ് എഫ്.സി.സി യുടെയും നേതൃത്വത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡണ്ട് ശ്രീ. അലൻ വാളോംചാലിൽ, വൈസ് പ്രസിഡണ്ട് ശ്രീ.എഡ്വിൻ പൊട്ടയിൽ, സെക്രട്ടറി കുമാരി എയ്ഞ്ചൽ തേങ്ങപ്പാറ യിൽ, ജോ. സെക്രട്ടറി ശ്രീ. അബിൻ കൊച്ചുതറയിൽ, ട്രഷറർ ശ്രീ.ജോസഫ് കാരിക്കുന്നേൽ, കോഡിനേറ്റർ ശ്രീ. പ്രിൻസ് ഓളാട്ട്പുറം, സെനറ്റ് മെമ്പർ കുമാരി. അനുഷ പയ്യംപള്ളിക്കുന്നേൽ, ജനറൽ കൺവീനർ ശ്രീ. ആശിഷ് ആമക്കാട്ട് എന്നിവരാണ്.

**പാതിരിപ്പാടം യൂണിറ്റ്**

കാലവർഷം നിലമ്പൂർ പ്രദേശത്ത് പേമാരിയായി പെയ്തിറ ങ്ങിയപ്പോൾ, അതൊരു പ്രളയഭൂമിയായ് മാറിയപ്പോൾ, പൊലിഞ്ഞ് പോയത് അനേകം ജീവിതങ്ങൾ. ഈ ദുരിത പ്രദേശങ്ങളിൽ വെള്ള ത്തിൽ മുങ്ങിപോയ വീടുകൾ മുഴുവനായും വൃത്തിയാക്കുകയും, ക്യാമ്പുകളിൽ പോയി അവർക്ക് വേണ്ട സഹായങ്ങൾ ചെയ്ത് കൊടുത്തും, യൂണിറ്റ് കളക്ഷൻ സെന്റർ ആയി പ്രവർത്തിച്ചും, രാവും പകലുമില്ലാതെ അദ്ധ്വാനിക്കുവാൻ യുണിറ്റ് ഡയറക്ടർ റവ. ഫാ. അനിൽ മൂഞ്ഞനാട്ട്, ആനിമേറ്റർ സി. ഫിലോ, പ്രസിഡണ്ട് അഖിൽ

കൊല്ലംപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ യുവജനങ്ങളും സജീവമായി മുന്നോട്ട് വന്നു.

**ചുങ്കക്കുന്ന് യൂണിറ്റ്**

ചുങ്കക്കുന്ന് യൂണിറ്റിൽ എല്ലാ ഞായറാഴ്ചകളിലും യുവജനങ്ങളുടെ നേതൃത്വത്തിൽ ജപമാലയും മാസാദ്യ വെള്ളിയാഴ്ചകളിൽ ജാഗരണ പ്രാർത്ഥനയും നടക്കുന്നു. മരണ വീടുകൾ സന്ദർശിച്ച് ശവസംസ്ക്കാര ശുശ്രൂഷകളിൽ പങ്ക് ചേരുകയും ചെയ്യുന്നു. മാനന്തവാടി ഗവൺമെന്റ് ആശുപത്രിയിലെരോഗികൾക്കായി അന്നദാനവും, ഒപ്പം തന്നെ രോഗിസന്ദർശനം നടത്തുകയും ചെയ്തു. കെ.സി.വൈ.എം. മാനന്തവാടി രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ചുങ്കക്കുന്ന് യൂണിറ്റിൽ വെച്ച് നടത്തപ്പെട്ട യുവജന ദിനാഘോഷത്തിൽ 300 ൽ പരം യുവജനങ്ങൾ സന്നിഹിതരായിരുന്നു. കെ.സി.വൈ.എം. യുവജനങ്ങൾ ഒന്നുചേർന്ന് Music band group ആരംഭിച്ചു. കണ്ടപ്പനം പ്രോവിഡൻസ് ഹോം സന്ദർശിക്കുകയും അവിടെ ഒരു മാസത്തെ ചിലവിനാവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു. ഓഗസ്റ്റ് 4 ന് വി. വിയാനിയുടെ തിരുനാൾ ദിനത്തിൽ ബഹു. വൈദീകരെ ആദരിച്ചു. ഇടവകയിലെ ക്യാൻസർ രോഗിയെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. **പ്രളയാനന്തര പ്രവർത്തനങ്ങൾ:** ചുങ്കക്കുന്ന് യൂണിറ്റിലെ യുവജനങ്ങൾ പ്രളയാനന്തര പ്രവർത്തനങ്ങളിൽ പങ്ക് ചേർന്നു. വീടുകളുടെ മുകളിലേക്ക് വീണ മരങ്ങൾ മുറിച്ച് മാറ്റുകയും ചെളിനിറഞ്ഞ വീടുകൾ വൃത്തിയാക്കുകയും, ദുരിതാശ്വാസ ക്യാമ്പുകളിലെ എല്ലാ പ്രവർത്തനങ്ങളിലും സന്നദ്ധരാകുകയും, വൈദ്യുതി മുടങ്ങിയ വീടുകളിൽ കടന്ന് ചെന്ന് മോട്ടർ അടിച്ച് വെള്ളം എത്തിക്കുകയും ചെയ്തു. ഓഗസ്റ്റ് 15 ന് സ്വർഗ്ഗാരോപണതിരുനാളിനോടും സ്വാതന്ത്ര്യ ദിനത്തോടും അനുബന്ധിച്ച് തെറ്റ്വഴി, മരിയഭവൻ, കൃപ ഭവൻ എന്നിവ സന്ദർശിച്ച് അവർക്കാവശ്യമായ ശശ്രൂഷകൾ ചെയ്തു. ഒരു ദിനം അവരോടൊപ്പം ചെലവഴിച്ചു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
കെ. സി. വൈ. എം ജനറൽ സെക്രട്ടറി

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

പ്രതികൂല കാലാവസ്ഥമൂലം ഓഗസ്റ്റ് മാസത്തിൽ വിവാഹ ഒരുക്ക സെമിനാർ നടത്താൻ സാധിച്ചില്ല. പങ്കെടുക്കേണ്ടിയിരുന്നവരെ ഇക്കാര്യം അറിയിക്കുകയും സെപ്റ്റംബർ, ഓക്ടോബർ മാസങ്ങളിലെ കോഴ്സിലേക്ക് അവർക്ക് സീറ്റ് ഉറപ്പാക്കുകയും ചെയ്തു.

**മണിമൂളി വിവാഹ ഒരുക്കം**

മണിമൂളി പാസ്റ്ററൽ സെന്ററിൽ നവംബർ 22 മുതൽ 25 വരെ വിവാഹ ഒരുക്ക സെമിനാർ നടത്തുന്നു. രജിസ്ട്രേഷൻ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടത്താവുന്നതാണ്. പങ്കെടുക്കേണ്ടവർ നവംബർ 22 ന് വൈകുന്നേരം 4 മണിക്ക് മണിമൂളിയിൽ എത്തുക. മാതാപിതാക്കൾക്കുള്ള ക്ലാസ്സ് 25 ന് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ. നിലമ്പൂർ മണിമൂളി നീലഗിരി പ്രദേശങ്ങളിലെ ബഹുമാനപ്പെട്ട അച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിക്കുമല്ലോ.

**പ്രോ- ലൈഫ്**

KCBC പ്രോലൈഫ് സമിതി മലബാർ റീജിയൺ സംഘടിപ്പിക്കുന്ന അവിവാഹിതരുടെ കൂട്ടായ്മ (ഒന്നാകാൻ) ഈ മാസം 12-ന് കോഴിക്കോട് വെച്ച് നടത്തുന്നു. അതിലേക്കുള്ള രജിസ്ട്രേഷന് ബഹു. വികാരിയച്ചന്മാർ വഴിയും സിസ്റ്റേഴ്സിന്റേയും മാതൃവേദിയുടേയും നേതൃത്വത്തിലും ഭംഗിയായി നടത്തി. പങ്കെടുക്കുന്നവർ അന്നേദിവസം രാവിലെ 10 മണിക്ക് മുമ്പായി സ്ഥലത്ത് എത്തിചേരേണ്ടതാണ്. ഇതിന്റെ ഒരുക്കത്തിനായുള്ള മീറ്റിംഗുകൾ മാനന്തവാടിയിലും താമരശ്ശേരിയിലുമായി പലതവണ നടത്തുകയും അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| സെപ്റ്റംബർ 01-04 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ 01-04 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ 25-28 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ 11-14 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ 22-25 | - | പാസ്റ്ററൽ സെന്റർ മണിമൂളി |

**മരിയൻ സിംഗിൾസ്**

ആഗസ്റ്റ് 26-ന് രൂപതാ മീറ്റിംഗ് കൂടി. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 14-ന്.

**മാതൃവേദി**

സീറോ മലബാർ മാതൃവേദി അമ്മമാർക്കായി ക്രമീകരിച്ചിരിക്കുന്ന മരിയൻ ക്വിസ്സ് ആ ദിവസങ്ങളിലെ പ്രതികൂല കാലാവസ്ഥമൂലം മാറ്റിവച്ചു.

**സാഹിത്യമത്സരങ്ങൾ**

രൂപതയിൽ അമ്മമാർക്കായി ക്രമീകരിച്ചിരിക്കുന്ന രചനാ മത്സരങ്ങൾ മേഖലാതലത്തിൽ ഇതിനോടകം നടത്തിയിരിക്കുമല്ലോ. ഏതെങ്കിലും മേഖലയിൽ മത്സരങ്ങൾ നടത്താൻ സാധിച്ചിട്ടില്ലെങ്കിൽ സമയോചിതമായി അത് നടത്തുമല്ലോ. ഒക്ടോബർ 9-നാണ് രൂപതാതലത്തിൽ മത്സരം നടത്തുന്നത്. അതിനുമുമ്പായി മത്സര ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടിയവരുടെ ലിസ്റ്റ് അംഗത്വനമ്പർ സഹിതം രൂപതയിൽ എത്തിക്കുക.

ഈ വർഷത്തെ കനത്തപേമാരിയും ഉരുൾപൊട്ടലുംമൂലം ദുരിതമനുഭവിക്കുന്ന ആളുകൾക്ക് ആവശ്യമുള്ള സഹായം ചെയ്യാൻ മാതൃവേദിയിലെ അമ്മമാർ മുന്നിട്ടറങ്ങി. ക്യാമ്പുകൾ സന്ദർശിച്ചും വീടുകൾ വൃത്തിയാക്കിയും അമ്മമാർ തങ്ങളുടെ ശുശ്രൂഷ നടത്തി.

**തരിയോട് മേഖല**

വൈദികവിദ്യാർത്ഥികൾക്കായി ശാഖകളിൽ നിന്നും അമ്മമാർ പിരിച്ചെടുത്ത 51110 രൂപ സെമിനാരിയിൽ ഏൽപ്പിച്ചു. ചെന്നലോട് ഗവ. ഹോസ്പിറ്റലിൽ ഔഷധ ചെടികൾ നട്ടു. ഡോ. ഇന്ദു കിഷോർ മാതാക്കൾക്ക് ക്ലാസ്സ് എടുത്തു.

**പയ്യംമ്പള്ളി മേഖല**

'നവ മാധ്യമങ്ങളുടെ സ്വാധീനവും ദൂഷ്യവശങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. മനോജ് കാക്കോനാൽ അച്ചൻ സെമിനാർ നടത്തി. വൈദിക വിദ്യാർത്ഥികൾക്കായി 20000 രൂപ സെമിനാരിയിൽ ഏൽപ്പിച്ചു. വിധവകൾക്കുവേണ്ടി നവോമി സംഗമം സംഘടിപ്പിച്ചു. ശ്രീമതി ജെയ്നി ടീച്ചർ ക്ലാസ്സ് നയിച്ചു.

**ചുങ്കക്കുന്ന്**

ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു. രൂപതാ ആനിമേറ്ററിന്റെ നേതൃത്വത്തിൽ മാതൃവേദി അമ്മമാരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ക്ലാസ്സ് എടുത്തു. ജൂലൈ 3 ന് തോമസ് നാമധാരികളെ ആദരിച്ചു. ലോഗോസ് പരീക്ഷ നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി

പ്രോത്സാഹിപ്പിച്ചു. പാരന്റ്സ് ഡേ പ്രമാണിച്ച് 16 ദമ്പതികളെ പൊന്നാട അണിയിച്ച് വിഭവ സമൃദ്ധമായ സദ്യ നൽകി ആദരിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ഉണ്ണിയപ്പം നേർച്ചയായി നൽകി.

**കല്ലോടി**

മേഖലയിൽ വെച്ച് നടത്തിയ ജനറൽബോഡി യോഗത്തിൽ പുതിയതായി ചാർജെടുത്ത ഡയറക്ടർ ഫാ. ചാക്കോച്ചൻ വാഴക്കാല, ആനിമേറ്റർ സി. റീന ജെയിംസ് എന്നിവരെ സ്വാഗതം ചെയ്തു. ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

**പുതിയിടംകുന്ന്**

ദേവാലയ പരിസരത്തുള്ള ക്യാൻസർ സെന്ററിൽ ഭക്ഷണം തയ്യാറാക്കി നൽകാൻ സഹായിച്ചു. ഭവനസന്ദർശനവും രോഗീസന്ദർശനവും നടത്തി. ജൂലൈ മാസത്തിൽ അനുസ്മരിക്കുന്ന വിശുദ്ധരുടെ തിരുനാളുകൾ ആചരിച്ചു.

**ബത്തേരി**

ഉത്തമമാതൃത്വത്തിന്റെ ഗുണങ്ങളെക്കുറിച്ച് ശ്രീമതി ഗ്രേസി ടീച്ചർ ക്ലാസ്സെടുത്തു. നല്ല കാലാവസ്ഥയ്ക്കുവേണ്ടി വചനവായന നടത്തി. വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. വി. തോമാശ്ലീഹായുടെ തിരുനാൾ ദിനത്തിൽ അമ്മമാർ പൊതുദിവ്യകാരുണ്യ സ്വീകരണം നടത്തി. ജൂലൈ 26-ന് വി.യോവാക്കിം, അന്ന ദമ്പതികളുടെ തിരുനാളിന് ദമ്പതീ ദിനം ആചരിച്ചു. അമ്മമാർ കുട നിർമ്മാണപരിശീലനം നടത്തി. ജാഗരണ പ്രാർത്ഥന നടത്തി.

**പോരൂർ**

വിധവാ ദിനത്തോടനുബന്ധിച്ച് വിധവകളുടെ ഭവനങ്ങൾ സന്ദർശിച്ചു. ബഹു. ജോസ് പുന്നക്കുഴി സാർ 'മാറുന്ന ലോകത്തിൽ കുട്ടികളുടെ ആദ്ധ്യാത്മികതയിൽ രക്ഷിതാക്കളുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് 180 മാതാക്കൾക്ക് ക്ലാസ്സ് കൊടുത്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ കിടപ്പുരോഗികളെ സന്ദർശിച്ചു.

**കല്ലുവയൽ**

ദുക്റാന തിരുനാളിന് തോമസ് നാമധാരികളെ ആദരിച്ചു. രോഗീസന്ദർശനം, എലീശ്വ സന്ദർശനം എന്നിവ നടത്തി. ശ്രീ തങ്കച്ചൻ മന്ത്രിക്കൽ കൂടുംബജീവിതത്തെക്കുറിച്ച് അമ്മമാർക്ക് ക്ലാസ്സ് എടുത്തു. വി. അന്നാ നാമധാരികളെ ആദരിച്ചു. വി.അൽഫോൻസാമ്മയുടെ തിരുനാളിന് നേർച്ച ഭക്ഷണം ഉണ്ടാക്കാൻ സഹായിച്ചു. സാഹിത്യമത്സരം നടത്തി.

**കുറുമണി**

ശാഖ ഏറ്റെടുത്ത ദത്തുകുടുംബം സന്ദർശിച്ചു. അവർക്കുവേണ്ട നിത്യോപയോഗസാധനം എത്തിച്ചുകൊടുത്തു. മേഖലയിൽ നടത്തിയ ഹെർബൽ ഗാർഡൻ നിർമ്മാണത്തിൽ 3 പേർ പങ്കെടുത്തു. യുവജന ദിനത്തിൽ മാതാക്കൾ യുവജനങ്ങൾക്ക് പൂക്കൾ കൊടുത്ത് ആദരിച്ചു.

**പുതിയിടം**

വി. അൽഫോൻസാമ്മയുടേയും പരി. അമ്മയുടേയും തിരുനാൾ ദിനത്തിൽ കാഴ്ചവെപ്പ് നടത്തി. തോമസ് നാമധാരികളെ ആദരിച്ചു. ശാഖാ സാഹിത്യ മത്സരം നടത്തി. സമ്മാനാർഹരായവർ മേഖലാ സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

**ബോസ്പാറ**

എല്ലാ ശനിയാഴ്ചയും വാർഡ് അടിസ്ഥാനത്തിൽ ആനിമേറ്റർ സിസ്റ്റർ അമ്മമാർക്ക് ക്ലാസ്സ് നൽകി. ലോഗോസ് പഠനത്തിനൊരുക്കി. ഭവനസന്ദർശനം നടത്തി. ശാഖാസാഹിത്യ മത്സരം നടത്തി. എല്ലാ ഞായറാഴ്ചയും പ്രത്യേക നിയോഗത്തോടെ ഒരു മണിക്കൂർ ആരാധന നടത്തി.

**വഞ്ഞോട്**

ഭവനസന്ദർശനം, രോഗീസന്ദർശനം, അഖണ്ഡജപമാല എന്നിവ നടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ അമ്മമാർക്ക് ക്വിസ്മത്സരം നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**കമ്മന**

മേഖലയിൽ നടത്തിയ സെമിനാറിൽ അമ്മമാർ പങ്കടുത്തു. വൈദീക വിദ്യാർത്ഥികൾക്കായി ഒരമ്മ 10 രൂപ കളക്ഷനെടുത്ത് 1600 രൂപ രൂപതയിൽ ഏൽപ്പിച്ചു.

**കയ്യൂന്നി**

ഒരു മണിക്കൂർ സമയത്തെ ടെലിക്വിസ് പ്രോഗ്രാം നടത്തി. വിജയികൾക്ക് സമ്മാനം നൽകി. ദുക്റാന തിരുനാൾ ദിനത്തിൽ വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. രൂപതാ ടീമിന്റെ നേതൃത്വത്തിൽ നടത്തിയ സെമിനാറിൽ എല്ലാ അമ്മമാരും പങ്കെടുത്തു. അംഗത്വനവീകരണം നടത്തി. 10, +2 പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. അവരുടെ അമ്മമാരെ ഷോൾ നൽകി ആദരിച്ചു. സെന്റ് മാർട്ടിൻ ഹോസ്പിറ്റൽ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി. സെമിനാരി വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കായി 3000 രൂപ നൽകി. ഒരു നിർദ്ധനരോഗിക്ക് ചികിത്സ സഹായമായി 1500 രൂപ നൽകി. സൺഡേ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് ശ്രീമതി ഗ്രേസി

ടീച്ചർ ക്ലാസ്സ് എടുത്തു. വി. യോവാക്കിം, അന്ന ദമ്പതികളുടെ തിരുനാൾ ദിനത്തിൽ 70 വയസ്സിനു മുകളിലുള്ള ദമ്പതികളെ ആദരിച്ചു. ഓസാനാം ഭവൻ സന്ദർശിച്ചു.

**വാഴവറ്റ**

വിവിധ നിയോഗങ്ങൾക്കായി അഖണ്ഡജപമാല, ജാഗരണ പ്രാർത്ഥന, തിരുഹൃദയജപമാല എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. തോമസ് നാമധാരികളെ ആദരിച്ചു. വൃദ്ധ ദമ്പതികളുടെ ഭവനങ്ങൾ സന്ദശിച്ച് ദമ്പതീ ദിനം ആഘോഷിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ വി.അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ഉണ്ണിയപ്പം നേർച്ചയായി നൽകി. ഭവനസന്ദർശനം, രോഗീസന്ദർശനം, ലോഗോസ് രജിസ്ട്രേഷൻ എന്നിവ നടത്തി. സ്നേഹസദൻ സന്ദർശിച്ചു. പത്രശേഖരണം നടത്തി.

**ശാന്തിഗിരി**

പേരന്റ്സ്-ഡേ ആഘോഷിച്ചു. വി.അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ എല്ലാ ദിനവും ദേവാലയത്തിൽ വന്നവരെ ആദരിച്ചു. ശാഖയിൽ ലോഗോസ് ക്വിസ്മത്സരം നടത്തി. വിജയികൾക്ക് സമ്മാനം നൽകി. രണ്ട് നിർദ്ധനകുടുംബങ്ങൾക്ക് കുട നൽകി സഹായിച്ചു. രോഗീസന്ദർശനം നടത്തി. ഫണ്ട് ശേഖരണാർത്ഥം സോപ്പുപൊടി നിർമ്മിച്ച് വിതരണം ചെയ്തു.

**ചെന്നലോട്**

മേഖലയിൽ നടത്തിയ ഹെർബൽ ഗാർഡൻ നിർമ്മാണത്തിൽ എക്സിക്യുട്ടീവ് അംഗങ്ങൾ പങ്കെടുത്തു. പേരന്റ്സ് ഡേ ആചരിച്ചു. 6700 രൂപ സെമിനാരി വിദ്യാർത്ഥികൾക്കായി രൂപതയിൽ ഏൽപ്പിച്ചു.

**വടപ്പുറം**

ചെയിൻ റോസറി, കരുണകൊന്ത എന്നീ പ്രാത്ഥനകൾ വിവിധ നിയോഗത്തോടെ ചൊല്ലി പ്രാർത്ഥിച്ചു. കിടപ്പുരോഗികളെ സന്ദർശിച്ചു. ഒരു നിർദ്ധന കുടുംബത്തിന് ചികിത്സാ സഹായമായി 5000 രൂപ നൽകി സഹായിച്ചു.

**പാറത്തോട്ടം**

സെന്റ് തോമസ് ഡേ- യിൽ വികാരിയച്ചന്റെ ഫീസ്റ്റും ബർത്ത് ഡേയും സമുചിതമായി ആഘോഷിച്ചു. മാനന്തവാടി ഗവ.ഹോസ്പിറ്റൽ ക്ലീൻ ചെയ്തു. അന്നദാനം നൽകി. വി. അൽഫോൻസാമ്മയുടെ തിരുനാൾദിനത്തിൽ നേർച്ചയപ്പം ദൈവജനത്തിന് നൽകി. മരണമടഞ്ഞവരുടെ ഭവനം സന്ദർശിച്ച് റീത്ത് സമർപ്പിച്ച് പ്രാർത്ഥിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി (2-8-19)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഒരു മാസത്തെ ശുശ്രൂഷകൾ വിലയിരുത്തി തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 6 മണിക്ക് ജാഗരണ പ്രാർത്ഥന നടത്തി 10 മണിക്ക് സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ (3-8-19)**

രാവിലെ 6 മണിക്ക് ജപമാല ചൊല്ലി ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 8.45 ന് പൊതു ശുശ്രൂഷകൾ ആരംഭിച്ചു. സപ്ര, ജപമാല പ്രദക്ഷിണം, സ്തുതി ആരാധന എന്നിവയ്ക്ക് ബ്രദർ ബേബി മൂത്തേടത്ത് നേതൃത്വം നൽകി. തുടർന്ന് പനമരം പാദ്രേപിയോ ആശ്രമം ഡയറക്ടർ റവ. ഫാ. മാത്യു പൂവശ്ശേരി വചനപ്രഘോഷണം നടത്തി വി. ബലിയും അർപ്പിച്ചു. ലഘുഭക്ഷണത്തിനുശേഷം അഭിഷേക ആരാധനയ്ക്ക് റവ. ഫാ. മാത്യു മൂത്തേടത്ത് നേതൃത്വം നൽകി. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**ജാഗരണം മൂന്നാംവെള്ളി (16-8-19)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ചു. തുടർന്ന് കരുണ കൊന്ത, ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ നടത്തി. ബ്രദർ ജോസ് മാലോല, ബ്രദർ പൈലി തുറപ്പാട്ട് എന്നിവർ നേതൃത്വം നൽകി. റവ. ഫാ. ജിന്റോ വി. ബലി അർപ്പിച്ചു.

**നാലാം ശനി - രോഗസൗഖ്യ ശുശ്രൂഷാദിനം (24-8-19)**

രാവിലെ 9.30 ന് സൗഖ്യ ശുശ്രൂഷകൾക്കു വേണ്ടിയുള്ള പ്രാർത്ഥന ആരംഭിച്ചു. ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വി. കുർബാന, തൈലാഭിഷേക പ്രാർത്ഥന എന്നിവ നടത്തി.

**താമസിച്ചുള്ള സീയോൻ ശുശ്രൂഷകരുടെ ധ്യാനം (4-8)**

സീയോൻ ശുശ്രൂഷകരുടെ താമസിച്ചുള്ള വാർഷിക ധ്യാനം 4 മുതൽ 8 വരെ നടത്തി. ബ്രദർ ബിജു മേരി ഓഫ് ഇമ്മാക്കുലേറ്റ് ടീം കാഞ്ഞിരപ്പള്ളി, ധ്യാനത്തിന് നേതൃത്വം നൽകി. 90 ശുശ്രൂഷകർ ധ്യാനത്തിൽ പങ്കെടുത്തു.

**2019 സെപ്റ്റംബർ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 7-9-2019 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 8-11 - ഞായർ - ബുധൻ | - | ആന്തരിക സൗഖ്യ ധ്യാനം |
| 13-9-2019 രണ്ടാം വെള്ളി | - | തൂവാനീസാ സംഗമം |
| 14-9-2019 രണ്ടാം ശനി | - | പൊതു സ്പിരിച്ച്വൽ ഷെയറിംഗ് |
| 20-9-2019 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 28-9-2019 നാലാം ശനി | - | രോഗസൗഖ്യ ശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരേ,

ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിന് വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ, നിങ്ങളിലാരെങ്കിലും ശരീരത്തിന് ആവശ്യമായത് അവർക്ക് കൊടുക്കാതെ, സമാധാനത്തിൽ പോകുക, തീ കായുക, വിശപ്പടക്കുക എന്നൊക്കെ പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം. (യാക്കോബ്.2:15,16) വി.യാക്കോബ് ശ്ലീഹായുടെ ഈ വാക്കുകൾക്ക് ഇന്നേറെ പ്രസക്തിയുണ്ട്. നമ്മുടെ നാട് ഒരിക്കൽക്കൂടി വലിയൊരു പ്രളയത്തെ അഭിമുഖീകരിക്കുകയാണല്ലൊ. രണ്ടു വർഷങ്ങൾ തുടർച്ചയായുണ്ടാകുന്ന മഹാപ്രളയം ഒട്ടേറെ ജീവനുകൾ അപഹരിച്ചു, കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായി. നിലമ്പൂർ ഭൂദാനത്തും, മേപ്പാടിയിലും കുടുംബാംഗങ്ങൾ നഷ്ടപ്പെട്ട് വേദനയിൽ കഴിയുന്ന ഒട്ടേറെ പേരുണ്ട്. നഷ്ടമായതൊന്നും ഇവർക്കാർക്കും ഇനി തിരിച്ച് ലഭിക്കുകയില്ല. നഷ്ടപ്പെട്ട സമ്പത്തിന് പകരം സമ്പത്ത് ഉണ്ടായേക്കാം, എന്നാൽ നഷ്ടമായ കുടുംബാംഗങ്ങൾക്കു പകരമായി മറ്റൊന്നും ലഭിക്കുകയില്ല. ഇവരുടെ വേദനയിൽ നമ്മുടെ സാമിപ്യംകൊണ്ടും, വാക്കുകൾകൊണ്ടും, പ്രാർത്ഥനകൾ കൊണ്ടും ആശ്വാസം പകരുവാൻ നമുക്കാകും. കയറിക്കിടക്കുവാൻ ഒരു വീടോ, ഉടുക്കുവാൻ തുണിയോ, കഴിക്കുവാൻ ഭക്ഷണമോ ഇല്ലാത്തവർക്ക് നമ്മുടെ ആശ്വാസ വാക്കുകൾ മാത്രം പോര. അവരെ നാം സഹായിക്കേണ്ടത് സമ്പത്തുകൊണ്ടുതന്നെയാണ്. ഇതിനായി ഓരോ വിൻസെൻഷ്യനും തനിക്കാവുന്നത് സ്വയം എടുക്കുകയും, സഹായിക്കുവാൻ സന്മനസ്സുള്ളവരെ കണ്ടെത്തി അവ സ്വരുക്കൂട്ടി അർഹരായവർക്ക് നൽകുകയും വേണം. ഇവിടെ വിൻസെൻഷ്യൻ അംഗങ്ങളുടെ കൂട്ടായ്മ അനിവാര്യമാണ്. ഇവിടെ കഷ്ടതയനുഭവിക്കുന്ന ഓരോരുത്തരും നമ്മുടെ അയൽക്കാരാണ്. ആപത്തിൽ അയൽക്കാരനെ സഹായിക്കുവൻ യഥാർത്ഥ സുഹൃത്താണ്. നമുക്ക് നമ്മുടെ അയൽവാസികളുടെ സുഹൃത്തും കാവൽക്കാരനുമാകാം.

**പ്രളയാനന്തര പ്രവർത്തനങ്ങൾ**

പ്രളയംമൂലം ദുരിതമനുഭവിക്കുന്ന മേഖലകൾ സി.സി. ഭാരവാഹികൾ സന്ദർശിച്ചു.നിലമ്പൂരിനടുത്ത ഭൂദാനം, കവളപ്പാറ, പാതാർ എന്നിവിടങ്ങളിൽ ഭാരവാഹികൾ എത്തുകയും ദുരിതത്തിലായവരെ സന്ദർശിക്കുകയും ചെയ്തു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭൂദാനം കോൺഫ്രൻസ് ഭാരവാഹികൾ തങ്ങൾക്കുണ്ടായ ദുരിതങ്ങൾ വിവരിച്ചു. കോൺഫ്രൻസിലെ ദത്തുകുടുംബത്തിലെ രണ്ട് കുട്ടികൾ ഉരുൾപൊട്ടലിൽപ്പെട്ട് മരണമടഞ്ഞു. കോൺഫ്രൻസ് അംഗങ്ങളിൽ മിക്കവർക്കും വീടും സ്ഥലങ്ങളും നഷ്ടമായി. ഇവരോടൊപ്പം ഇവരുടെ നിരവധി അയൽവാസികൾക്കും ജീവനും സ്വത്തും നഷ്ടമായി. ദുരിതമനുഭവിക്കുന്നവർക്ക് പുനരധിവാസത്തിനായി സഹായങ്ങൾ എത്തിക്കുവാനും, പുതിയൊരുജീവിതം കെട്ടിയുയർത്തുന്നതിന് നാമെല്ലാവരും അവരോടൊപ്പമുണ്ടായിരിക്കുമെന്നും ഭാരവാഹികൾ ഉറപ്പ് നല്കി. സി.സി.വൈസ്പ്രസിഡന്റ് ബ്ര.ജോസ് തുരുത്തിപ്പാറ, സി.സി.ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം, ഓസാനാംഭവൻ സെക്രട്ടറി ബ്ര.വിൻസെന്റ് ജോൺ വടക്കുംചേരി, മണിമൂളി എ.സി. സെക്രട്ടറി ബ്ര.ജോയി എന്നിവരായിരുന്നു സ്ഥലം സന്ദർശിച്ചത്. ദുരന്തമുണ്ടായ മേപ്പാടി പുത്തുമല പ്രദേശങ്ങൾ സി.സി.പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി, ഓസാനാംഭവൻ സെക്രട്ടറി ബ്ര.വിൻസെന്റ് ജോൺ, മുൻ കല്പ്പറ്റ എ.സി.പ്രസിഡന്റ് ബ്ര. മാത്യു തുറവേലിക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ സന്ദർശിച്ചു. ദുരിതത്തിന്റെ വിവരങ്ങളടങ്ങിയ റിപ്പോർട്ട് നാഷണൽ കൗൺസിലിന് സമർപ്പിച്ചു.

**എ.ജി.എം.**

മൂവാററുപുഴയിൽ ഓഗസ്റ്റ് 16,17,18 തിയതികളിൽ നടന്ന സെൻറ് വിൻസെന്റ് ഡി പോൾ സൊസൈററി ദേശീയവാർഷിക ജനറൽ ബോഡി യോഗത്തിൽ സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി പങ്കെടുത്തു.

**ഓസാനാംഭവൻ**

പ്രളയം ഓസാനാംഭവനെയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഓസാനാംഭവനെ സഹായിച്ചിരുന്നവർ പ്രളയത്തിൽ കഷ്ടതയനുഭവിക്കുന്നവരെ സഹായിക്കുവാൻ ശ്രദ്ധിച്ചതോടെ ഓസാനാംഭവനിലെ 75-അപ്പച്ചന്മാർ കൂടുതൽ അനാഥരായി. കഴിയുന്നവർ ഈ ദുരന്തത്തിൽ ഓസാനാംഭവനെയും ഓർക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഓസാനാംഭവനിലെ ജോർജ്ജ് പള്ളത്തുകുടി (മലവയൽ) ഓഗസ്റ്റ് 18-ന് കർത്താവിൽ നിദ്രപ്രാപിച്ചു. സേതുമാധവൻ (അഞ്ചുകുന്ന്) ബന്ധുക്കളുടെ അടുക്കലേക്ക് തിരികെ പോയി. സാമൂഹ്യനീതിവകുപ്പ് ജില്ലാ ഓഫീസറുടെ നിർദ്ദേശപ്രകാരം സീതാറാം, ചന്ദ്രൻ, തോമസ് (കരുളായി. പാലാങ്കര), മുരുകൻ, ഗോപാലൻ എന്നിവരെ ഓസാനാം ഭവനിൽ പ്രവേശിപ്പിച്ചു. ജില്ലയിൽ വേണ്ടത്ര സൗകര്യങ്ങളില്ലാതെ പ്രവർത്തിച്ചിരുന്ന ഒരു വൃദ്ധസദനം അടച്ചു പൂട്ടിയതിനെ തുടർന്ന് വീണ്ടും അനാഥരായവരെയാണ് പ്രവേശിപ്പിച്ചത്.

**ഓസാനാംഭവൻ സന്ദർശനം**

സെപ്തംബർ 1-15 കല്പ്പററ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ, 16-30 തോണിച്ചാൽ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ, ഒക്ടോബർ 1-15 ബത്തേരി എ.സി, 16-30 ഗൂഡല്ലൂർ എ.സി.

സ്നേഹപൂർവ്വം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

**പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

കേരളം വീണ്ടും പ്രളയ ദുരിതത്തിൽ അകപ്പെട്ടപ്പോൾ സഹായ ഹസ്തവുമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വീണ്ടും കർമ്മ രംഗത്ത്. ഈ വർഷത്തെ പ്രളയത്തിൽ സർവ്വവും നഷ്ടപ്പെട്ട വർക്ക് ഒരു കൈത്താങ്ങായി മാറുവാൻ നമുക്ക് സാധിച്ചു. വയനാട്, നിലമ്പൂർ, കൊട്ടിയൂർ, നീലഗിരി പ്രദേശങ്ങളിൽ പ്രളയത്തിൽ ദുരിത ത്തിൽ ആയവർക്ക് ഇതിനോടകം ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവ എത്തിച്ചു നൽകുവാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിച്ചു. ഇപ്പോഴും ദുരിതാശ്വാസ പ്രവർത്ത നങ്ങൾ തുടർന്ന് കൊണ്ടിരിക്കുകയാണ്. കൂടാതെ വിവിധ വികസന ഏജൻസികളുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള പരിശ്രമങ്ങളും നടന്നു വരുന്നു.

**നീർത്തട വികസന പദ്ധതികൾക്ക് സാങ്കേതിക അനുമതി ലഭിച്ചു.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട പ്രദേശങ്ങളിൽ അടുത്ത നാലു വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾക്ക് നബാർഡിൽ നിന്നും സാങ്കേതിക അനുമതി ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വരുന്ന 04 വർഷക്കാലം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

**പങ്കെടുത്തു**

നബാർഡ് കർണാടക ചിത്രദുർഗ്ഗയിൽ വെച്ച് നടത്തിയ 03 ദിവ സത്തെ നീർത്തട വികസന ശിൽപ്പശാലയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് പ്രോഗ്രാം ഓഫീസർ ജോസ് പി.എ, ബോട്ടണിസ്റ്റ് ബിജു. കെ. ജെ. എന്നിവർ പങ്കെടുത്തു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടന്നു വരുന്നു. ഈ മാസം 10 കുടുംബങ്ങൾ ഈ പദ്ധതിയിൽ ചേരുന്നതിനായി അപേക്ഷ സമർപ്പിച്ചു. സേവ് എ ഫാമിലി പ്ലാൻ - ഇൻഡ്യ ഓഫീസിൽ നിന്നും ശ്രീ. ബിജോയ് ഇവിടുത്തെ സേവനങ്ങളെ വിലയിരുത്തുവാൻ സന്ദർശനം നടത്തി. വിവിധ ഇടവകകളിൽ സേവ് എ ഫാമിലി കുടുംബങ്ങൾ സന്ദർശിച്ച് കുടുംബാംഗങ്ങളുടെ പുരോഗതി വിലയിരുത്തി. അടുത്ത മാസം 10 കുടുംബങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അർഹതപ്പെട്ടവർ ഓഫീസുമായി ബന്ധപ്പെടണമെന്ന് താല്പര്യപ്പെടുന്നു. സേവ് എ ഫാമിലി പ്ലാൻ ഗോൾഡൻ ജൂബിലി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ആദ്യ ഭവനത്തിന്റെ ഉദ്ഘാടന കർമ്മം ആഗസ്റ്റ് 3 - 2019 ന് കബനിഗിരിയിൽ അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. ബാക്കി ഭവനങ്ങളുടെ നിർമ്മാണം അവസാന ഘട്ടത്തിൽ എത്തിയിട്ടുണ്ട്.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജൈവഉല്പന്നങ്ങളുടെ കയറ്റുമതി സാധ്യതയെ ഉപയോഗപ്പെടുത്തിക്കൊണ്ട് വയനാട്ടിലെയും നീലഗിരിയിലെയും കർഷകരെ ഉൾപ്പെടുത്തി ബയോവിൻ അഗ്രോ റിസർച്ചിന്റെ നേതൃത്വത്തിലുള്ള ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. നിലവിൽ 15643 കർഷകരാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇവരിൽ തന്നെ 6649 കർഷകർ പൂർണ്ണമായും നാല് വർഷത്തെ പരിവർത്തന കാലയളവ് (IC1 to IC3) പൂർത്തീകരിച്ച ജൈവകൃഷിയിടങ്ങളുള്ളവരാണ് എന്നത് അഭിമാനിക്കാൻ വകയുള്ള നേട്ടം തന്നെയാണ്. ഗ്രൂപ്പുകളായുള്ള ജൈവ സർട്ടിഫിക്കേഷൻ നേടുന്നതിന് കർഷകരെ പ്രാപ്തരാക്കാൻ, ഗ്രൂപ്പുകളെ ശക്തിപ്പെടുത്തൽ, ജൈവ വളപ്രയോഗം, ജൈവവള നിർമ്മാണ യൂണിറ്റുകളുടെ പ്രോത്സാഹനം, ജൈവവള നിർമ്മാണം പരിശീലിപ്പിക്കൽ, കൃഷിയിടത്തിൽ ലഭ്യമായ വസ്തുക്കൾക്കൊണ്ട് കീടനാശിനികളും ചെടികൾക്കാവശ്യമായ പോഷകങ്ങളും തയ്യാറാക്കുന്നതിന് പരിശീലനം നൽകൽ, ജൈവ കാർഷിക മേഖലയിലെ പുത്തൻ അറിവുകൾ കോർത്തിണക്കിയ കാർഷിക സെമിനാറുകളുടെ സംഘാടനം, കാർഷിക മേഖലയിൽ വിദഗ്ധരായ ഫീൽഡ് ഓഫീസർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ സേവനം, ഉത്പ്പന്നങ്ങൾക്ക് അധിക വില നൽകൽ തുടങ്ങിയ ഒട്ടേറെ സേവനങ്ങൾ ബയോവിൻ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

ജൂലൈ മാസവും മികവുറ്റ പ്രവർത്തനങ്ങളും മികച്ച കർഷക പങ്കാളിത്തവും ഉറപ്പു വരുത്തുവാൻ സാധിച്ചു. ബയോവിൻ അഗ്രോ റിസേർച്ചിലേക്ക് ശ്രീ. ജോമോൻ (കോർഡിനേറ്റർ, WSSS തൊണ്ടർനാട് ICS) പുതിയ അംഗമായെത്തി.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

കഫെയിൽ അംഗങ്ങളായിരുന്ന കർഷകരുടെ ജൈവ സാക്ഷ്യപത്രം പുതുക്കുന്നതിനുള്ള സർട്ടിഫിക്കേഷന് ഏജൻസിയുടെ പരിശോധന കൃഷിയിടത്തിൽ നടന്നു വരുന്നു.

**ജൈവകൃഷി - ശാസ്ത്രീയ രീതിയിൽ പരിശീലന ശിബിരങ്ങൾ**

കർഷകരെ ജൈവകൃഷി രീതിയുമായി ആഭിമുഖ്യമുള്ളവരാക്കുവാനും ജൈവവളങ്ങൾ ശാസ്ത്രീയമായ രീതിയിൽ ഉണ്ടാക്കി കൃഷിയിടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തരാക്കുന്നതിനുമായി ബയോവിന്റെ ആഭിമുഖ്യത്തിൽ ഗൂഡല്ലൂർ മേഖലയിലെ ബൊസ്പര, ധർമ്മഗിരി, കയ്യൂന്നി, വാകേരി, കാട്ടിമൂല എന്നിവിടങ്ങളുൾപ്പെടെ 10 സെമിനാറുകൾ സംഘടിപ്പിക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാരായ കുമാരി ലീമ, ശ്രീ. മിഥുൻ എന്നിവർ ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. സെമിനാറുകൾക്കൊടുവിൽ ജീവാമൃതം, ഫിഷ് ടോണിക് തുടങ്ങിയ ജൈവവളങ്ങൾ നിർമ്മിക്കുന്നതിനായി കർഷകർക്ക് പ്രായോഗിക പരിശീലനവും നൽകി. സെമിനാറുകളിൽ ബയോവിൻ അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ, പ്രൊക്യുർമെന്റ് മാനേജർ ശ്രീ. ഷാജി ജോസ് എന്നിവർ പങ്കെടുത്തു.

**കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ**

ചെറു കർഷക സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് 104 ഗ്രൂപ്പുകൾ വിവിധ മേഖലകളിലായി ഒത്തുച്ചേരുകയും യോഗങ്ങളിൽ റീജിണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചർ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടു കൂടി വിവിധ റീജിയനുകളിൽ നിന്നും 164 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതുവരെ പദ്ധതിയിൽ അംഗങ്ങളായ മുഴുവൻ കർഷകരേയും വിവിധ ICS കളുടെ ഭാഗമാക്കി സാക്ഷ്യപത്രം ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

**ഗ്രൂപ്പ് ലീഡേഴ്സ് മീറ്റ്**

കർഷക ഗ്രൂപ്പുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ലീഡർമാർക്കായി ഗ്രൂപ്പ് ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു. മാനന്തവാടി, പുൽപ്പള്ളി, പടിഞ്ഞാറത്തറ, ബത്തേരി മേഖലകളിലായി ജൂലൈ 10, 12, 16, 22 തീയതികളിലാണ് യോഗം സംഘടിപ്പിച്ചത്. ബയോവിൻ ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ, ICS കോർഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ പി. ജെ, പ്രൊക്യുർമെന്റ് മാനേജർ ശ്രീ. ഷാജി ജോസ് എന്നിവർ വിവിധ യോഗങ്ങളിലായി പങ്കെടുത്തു.

**കാപ്പി തൈ വിതരണം**

പ്രളയനാന്തര പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സ് (NAAP) അസോസിയേഷന്റെ സഹായത്തോടെ ഗുണമേന്മയുള്ള കാപ്പിത്തൈ സൗജന്യമായി വിതരണം ചെയ്തു. വോഫെയുടെ നഴ്സറിയിൽ ഒരുക്കിയ C X R ഇനത്തിൽപ്പെട്ട രണ്ടരലക്ഷത്തോളം തൈകളുടെ വിതരണോദ്ഘാടനം 2019 ജൂലൈ മാസം എട്ടാം തീയതി മാനന്തവാടി കത്തീഡ്രൽ വികാരി റവ. ഫാ. പോൾ മുണ്ടോളിക്കൽ നിർവ്വഹിച്ചു. ബയോവിൻ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, വൊഫ വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ, സെക്രട്ടറി ശ്രീ. ജോയി പരയാരത്ത്, ശ്രീ. ബിനീഷ് വണ്ടന്നൂർ, കർഷക ഗ്രൂപ്പുകളുടെ പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു. നിലവിൽ ഒന്നര ലക്ഷത്തോളം തൈകൾ കർഷകർ കർഷകർക്ക് വിതരണം ചെയ്തു. കാപ്പി തൈകൾ ആവശ്യമുള്ള, ജൈവകൃഷി സാക്ഷ്യ പത്ര ലഭ്യതാ പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് റീജിണൽ കോർഡിനേറ്റർമാരെ അറിയിക്കാവുന്നതാണ്.

**ഗ്രൂപ്പ് ലീഡർ തെരഞ്ഞെടുപ്പ്**

നിലവിലെ വൊഫ ഗ്രൂപ്പ് ലീഡർമാരുടെ കാലാവധി കഴിഞ്ഞതിനാൽ 2020-23 വർഷത്തിലേക്കുള്ള തിരഞ്ഞെടുപ്പ് ഗ്രൂപ്പ് തലത്തിൽ നടന്നു വരുന്നു. 2020 ജനുവരി മാസത്തോടെ വോഫയുടെ മുഴുവൻ ഗ്രൂപ്പുകളുടേയും (VFC) തിരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും ശേഷം RFC തലത്തിൽ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തതിനുശേഷം 2020 ജൂൺ മാസത്തിൽ ചേരുന്ന പൊതുയോഗത്തിൽ വച്ച് 2020-23 വർഷത്തെ ഭരണസമിതി തിരഞ്ഞെടുപ്പും നടത്തുന്നതാണ്.

**സന്ദർശകർ**

മേഘാലയ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഉള്ള സംഘം ജൈവ കൃഷിരീതിയെക്കുറിച്ചും ബയോവിൻ അഗ്രോ റിസർച്ചിന്റെ പ്രവർത്തന ശൈലിയെക്കുറിച്ചും പഠിക്കുന്നതിനും മേഘാലയൻ മഞ്ഞൾ വെറേറ്റിയായ ലക്കഡോം മഞ്ഞളിന്റെ വിപണി അറിയുന്നതിനുമായി ബയോവിൻ അഗ്രോ റിസേർച്ച് സന്ദർശിച്ചു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും മെയ് മാസം ഉണക്ക കാപ്പി കിലോയ്ക്ക് 88 രൂപ

നിരക്കിൽ 57000 കിലോയും, ഞാലിപ്പൂവൻ വാഴക്കുല കിലോയ്ക്ക് 45 രൂപ നിരക്കിൽ 4000 കിലോയും, ചക്ക ഒന്നിന് 35 രൂപ നിരക്കിൽ 47000 കിലോയും, ഇളനീർ കിലോ 20 രൂപ നിരക്കിൽ 30 കിലോയും, ഗ്രാമ്പു കിലോ 900 രൂപ നിരക്കിൽ 63 കിലോയും, കുരുമുളക് കിലോയ്ക്ക് 410 രൂപ നിരക്കിൽ 3500 കിലോയും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന് വർഷക്കാരിൽ നിന്നും കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നുമായി 60000 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 80 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ മെയ് മാസത്തിലും കാപ്പി, കുരുമുളക്, വാഴപ്പഴം, ചക്ക, ഗ്രാമ്പൂ, ഇളനീർ തുടങ്ങിയവ സംസ്ക്കരിക്കുകയും ഇതിനായി 1327 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്ല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

### ഗ്ലോബൽ പ്രവർത്തക സമിതിയോഗം പി.ഒ.സിയിൽ

കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ പ്രവർത്തക സമിതി യോഗം എറണാകുളം പി.ഒ.സി.യിൽ വച്ച് 18-08-2019 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2 മണി മുതൽ ആരംഭിച്ചു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള സീറോ മലബാർ പ്രതിനിധികളും രൂപതകളിൽ നിന്നുള്ള ഭാരവാഹി കളും പങ്കെടുത്തു. ഗ്ലോബൽ പ്രസിഡണ്ട് അഡ്വ. ബിജു പറയംനില ത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ബിഷപ്പ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ചർച്ചയ്ക്ക് അവതരിപ്പിച്ച വിഷയങ്ങളും, അവതരിപ്പിച്ചവരും.

- സഭയിലെ ഇന്നത്തെ പ്രതിസന്ധികളും സഭാ സിനഡിൽ സമർപ്പി ക്കേണ്ട നിവേദനങ്ങളും - പ്രൊഫ. ജാൻസൺ ജോസഫ്
- ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി - ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ
- വർദ്ധിച്ചുവരുന്ന പ്രകൃതി ദുരന്തങ്ങളും ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ നാം സ്വീകരിക്കേണ്ട സമീപനവും- ജോർജ്ജ് കോയി ക്കൽ
- വയനാട്, നിലമ്പൂർ മേഖലകളിലെ പ്രകൃതിദുരന്തങ്ങളും തുടർപുനരു ദ്ധാരണ പ്രവർത്തനങ്ങളും - വർക്കി നിരപ്പേൽ
- ഗൾഫ് രാജ്യങ്ങളിൽ കൂടുതൽ പാസ്റ്ററൽ കെയറിന്റെ ആവശ്യകത- ഡേവീസ് ഇടക്കളത്തൂർ
- പ്രവാസികളുടെ കോർഡിനേഷൻ - ഷെവ. സിബി വാണിയപുര യ്ക്കൽ

### നടവയൽ മേഖല പ്രതിനിധി സമ്മേളനം

നടവയൽ ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നും തിര ഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ യോഗം പനമരം സെന്റ് ജൂഡ്സ് ഇടവകയിൽ ചേർന്നു. രൂപതാ പ്രസിഡണ്ട് ഡോ. കെ. പി. സാജുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഫാ. ജോർജ്ജ് മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. തോമസ് മൂലയിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ സമുദായ ശാക്തീകരണത്തിന്റെ പ്രസക്തിയെക്കുറിച്ചും ആനുകാലിക വിഷയങ്ങളെക്കുറിച്ചും സംസാരിച്ചു. രൂപതാ വൈസ് പ്രസിഡണ്ട് സണ്ണി ചെറുകാട്ട്, രൂപതാ ട്രഷറർ ജോർജ്ജുകുട്ടി വിലങ്ങപ്പാറ, ലൗലി ഇല്ലി

ക്കൽ എന്നിവർ നേതൃത്വം നല്കി. തുടർന്ന് മേഖലാ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡണ്ട് ആന്റണി വെള്ളാക്കുഴി (ചെറുകാട്ടൂർ), വൈസ് പ്രസിഡണ്ട് തങ്കച്ചൻ പന്നയ്ക്കൽ (കുറുമ്പാലക്കോട്ട), സെക്രട്ടറി വിൻസന്റ് ചോകവേലിൽ (നടവയൽ), ജോ. സെക്രട്ടറി മേരി വെണ്ടനാനിയ്ക്കൽ (വാളവയൽ), ട്രഷറർ ചാക്കോ അച്ചാരപ്പള്ളിൽ (പനമരം).

**മേഖല പ്രതിനിധികൾ**

ഷാജി തെക്കേൽ (ചുണ്ടക്കര), അനീഷ് ഓമക്കര (കേണിച്ചിറ), അഗസ്റ്റിൻ താന്നിക്കാലായിൽ (പറളിക്കുന്ന്), ജോണി പീച്ചാട്ട് (കല്ലുവയൽ), കുര്യൻ ജോസഫ് (അരിഞ്ചേർമല).

ഇടവകകളിൽ നിന്നും പ്രതിനികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും നേതൃത്വം നൽകിയ മേഖലാ ഡയറക്ടർ തോമസ് മൂലയിലച്ചനും രൂപതാസമിതിയുടെ നന്ദിയും അനുമോദനങ്ങളും അറിയിക്കുന്നു.

**മുള്ളൻകൊല്ലി മേഖല പ്രതിനിധി സമ്മേളനം**

മുള്ളൻകൊല്ലി ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ യോഗം മുള്ളൻകൊല്ലി ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. പ്രസ്തുത സമ്മേളനം രൂപതാ പ്രസിഡണ്ട് ഡോ. കെ. പി. സാജുവിന്റെ അദ്ധ്യക്ഷതയിൽ മുള്ളൻകൊല്ലി ഫൊറോന വികാരി റവ. ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ജെയ്സ് പൂതക്കുഴി ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ ഫാ.ആന്റോ മമ്പള്ളി മുഖ്യപ്രഭാഷണം നടത്തി. സമുദായ ശാക്തീകരണത്തിന്റെ പ്രസക്തിയും ആനുകാലിക സംഭവങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി രൂപതാ ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ ക്ലാസ്സെടുത്തു. രൂപതാ ട്രഷറർ ജോർജ്ജുകുട്ടി വിലങ്ങപ്പാറ, രൂപതാ സെക്രട്ടറി ജോസ് കുറുമ്പാലക്കാട്ട്, ബീന കരിമാൻകുന്നേൽ, തോമസ് പാഴൂകാല, സ്റ്റീഫൻ പൂക്കുടിയിൽ, ജോർജ്ജ് കൊല്ലിയിൽ എന്നിവർ നേതൃത്വം നൽകി. മേഖലാ കൗൺസിൽ രൂപീകരിക്കുന്നതിനുവേണ്ടി നേതൃത്വം നൽകുന്നതിനായി അഡ്ഹോക്ക് കമ്മറ്റിയെ ചുമതലപ്പെടുത്തി. കൺവീനറായി തോമസ് പാഴൂക്കാലായിൽ, ജോ. കൺവീനറായി ജോർജ്ജ് കൊല്ലിയിൽ എന്നിവരെ തെരഞ്ഞെടുത്തു.

മേഖലാ പ്രതിനിധി സമ്മേളനം വിജയിപ്പിക്കുന്നതിന് ഇടവകകളിൽ നിന്നും പ്രതിനിധികളെ തെരഞ്ഞെടുത്തയച്ച ബഹു. വികാരിയച്ചന്മാർക്കും മേഖലാ ഡയറക്ടർ ജെയിംസ് പൂതക്കുഴിയച്ചനും രൂപതാസമിതിയുടെ നന്ദിയും അനുമോദനങ്ങളും അറിയിക്കുന്നു.

**യൂണിറ്റ് രൂപീകരിച്ചു**

മാനന്തവാടി ടൗൺപള്ളിയിൽ ജൂലൈ 28-ാം തീയതി ഞായറാഴ്ച വി. കുർബാനയ്ക്കുശേഷം ചേർന്ന യോഗത്തിൽ വെച്ച് യൂണിറ്റ് രൂപീകരണം നടന്നു. സമുദായ ശാക്തീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് രൂപതാ ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ ക്ലാസ്സെടുത്തു. തുടർന്ന് സമുദായം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു. ചർച്ചയ്ക്ക് മേഖലാ വൈസ് പ്രസിഡണ്ട് അഡ്വ. ഗ്ലാഡീസ് ചെറിയാൻ നേതൃത്വം നൽകി. തുടർന്ന് യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡണ്ട് - പൗലോസ് മുട്ടംതോട്ടിൽ, വൈ. പ്രസിഡണ്ട് സോജി അരീക്കൽ, സെക്രട്ടറി വത്സ ജോസ്, ജോ. സെക്രട്ടറി - ആന്റണി കട്ടക്കയം, ട്രഷർ ബിനു മലേക്കുടി.

**അനുശോചനവും പ്രാർത്ഥനയും അറിയിച്ചുകൊണ്ട്**

കത്തോലിക്കാ കോൺഗ്രസ്സ് രൂപതാ ഡയറക്ടറും, തവിഞ്ഞാൽ ഇടവക വികാരിയുമായ ഫാ. ആന്റോ മമ്പള്ളിയുടെ മാതാവിന്റെ ദേഹവിയോഗത്തിൽ രൂപതാ കത്തോലിക്കാ കോൺഗ്രസ്സ് അംഗങ്ങളുടെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു. ഡയറക്ടറച്ചന്റെ അമ്മച്ചിയുടെ മരണാനന്തര ശുശ്രൂഷകൾക്ക് മമ്പള്ളിയച്ചനോടൊപ്പം പ്രാർത്ഥിക്കുന്നതിനും ദുഃഖത്തിൽ പങ്കുചേരുന്നതിനുമായി കടുത്തുരുത്തി വീട്ടിൽ പോയ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെ പ്രത്യേകം നന്ദിയോടെ ഓർമ്മിക്കുന്നു.

**സണ്ണി പുതനപ്രയച്ചന് പ്രാർത്ഥനയോടെ....**

ബഹു. സണ്ണി പുതനപ്രയച്ചന്റെ ദേഹവിയോഗത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനകളും അറിയിക്കുന്നതോടൊപ്പം അച്ചൻ വിവിധ ഇടവകകളിൽ പ്രസ്ഥാനങ്ങളിൽ ചെയ്ത മഹനീയ സേവനങ്ങളെ നന്ദിയോടെ ഓർമ്മിക്കുകയും ചെയ്യുന്നു.

**വർക്കി നിരപ്പേൽ**
രൂപതാ ജനറൽ സെക്രട്ടറി

**വയനാടൻ കാർഷിക ചിത്രം 'കൊമ്മ'യ്ക്ക് ഒന്നാം സ്ഥാനം.**

കേരള സർക്കാർ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് 'കൃഷിയെ പൈതൃകം' പ്രമേയം അടിസ്ഥാനമാക്കി സംഘടിപ്പിച്ച ഹ്രസ്വചിത്ര മത്സരത്തിൽ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ ബാനറിൽ ദ്വാരക ഗുരുകുലം കോളേജ് നിർമ്മിച്ച് ഷാജു പി ജെയിംസ് സംവിധാനം ചെയ്ത 'കൊമ്മ' എന്ന ഷോർട് ഫിലിം ഒന്നാം സ്ഥാനം നേടി. ശ്രീകാന്ത് കെ. രചന നിർവ്വഹിച്ചിരിക്കുന്ന ഈ ഹ്രസ്വചിത്രത്തിന്റെ ചിത്രീകരണവും എഡിറ്റിംഗും നിർവ്വഹിച്ചിരിക്കുന്നത് അതുൽ രാജാണ്. ചെറുവയൽ രാമൻ, ആദർശ് യു, ഡിയോ ഷാജു, ശരണ്യ ഉമേഷ് എന്നിവരാണ് അഭിനേതാക്കൾ. തുടർച്ചയായ രണ്ടാം വർഷമാണ് റേഡിയോ മാറ്റൊലി ടീം, ഫാം ഇൻഫർമേഷൻ ബ്യൂറോ വീഡിയോ കോണ്ടസ്റ്റിൽ ഒന്നാം സമ്മാനം നേടുന്നത്. ഡോക്യുമെന്ററി സംവിധായകനായ ബാബുരാജ്, വീഡിയോ എഡിറ്റർ സുരാജ് ആറ്റിങ്ങൽ, ജി. എസ്. ഉണ്ണികൃഷ്ണൻ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ എഫ്.ഐ.ബി എന്നിവരുൾപ്പെട്ട ജൂറിയാണ് വിജയികളെ തിരഞ്ഞെടുത്തത്.

**അതിജീവനം- കരം പിടിച്ച് കരുത്തോടെ**

ജില്ലയിൽ ഉണ്ടായ പ്രളയവും ദുരന്തങ്ങളും ജനങ്ങളുടെ ജീവനും സ്വത്തിനും മനസിനും ഒരുപോലെ കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. മാനസികമായി തകർന്ന ജനങ്ങൾക്ക് ആത്മവിശ്വാസവും കരുത്തും പകരുന്നതിന് റേഡിയോ മാറ്റൊലി അതിജീവനം എന്ന പേരിൽ വിവിധ പരിപാടികൾ പ്രക്ഷേപണം ചെയ്തു. പ്രകൃതി ദുരന്തത്തിൽ വേദനിക്കുന്നവരെ കൈപ്പിടിച്ചുയർത്തുന്നതിന് കരം പിടിച്ച് കരുത്തോടെ എന്ന പ്രോഗ്രാമുകളും പ്രക്ഷേപണം ചെയ്തു. വിവിധ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും ആളുകളുടെ ആശങ്കകളും ബുദ്ധിമുട്ടുകളും അധികാരികളടക്കമുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തി. മഴക്കെടുതികൾ, ഗതാഗത തടസ്സം, ഡാം അലർട്ട് എന്നിവ തത്സമയ അറിയിപ്പുകളിലൂടെ ജനങ്ങളിലേയ്ക്ക് എത്തിച്ചു. ജനങ്ങളുടെ ശാരീരിക-മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ, കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പരിപാടികൾ,

ആരോഗ്യ-ശുചിത്വ ബോധവത്കരണം, പകർച്ചവ്യാധി പ്രതിരോധ മാർഗ്ഗങ്ങൾ, പരിസ്ഥിതി അവബോധം തുടങ്ങി വ്യത്യസ്ത പരിപാടികളും അതിജീവനം പ്രക്ഷേപണം ചെയ്തു.

കനത്ത മഴയിലും പ്രളയത്തിലും പെട്ട് ജില്ലയിലെ വൈദ്യുതി ബന്ധം തകരാറിലായതിനെ തുടർന്ന് പൊതു ജനങ്ങൾക്കുണ്ടായ ബുദ്ധി മുട്ട് കണക്കിലെടുത്ത് റേഡിയോമാറ്റൊലി ഓഫീസിൽ മൊബൈൽ ഫോൺ ചാർജ്ജിംഗ് സൗകര്യം ഏർപ്പെടുത്തി. ഒരുപാടുപേർക്ക് ചാർജ്ജിംഗ് സൗകര്യം ഉപകാരപ്രദമായി.

**സ്വാതന്ത്ര്യ ദിന പ്രസംഗമത്സരം**

സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി റേഡിയോ മാറ്റൊലി പ്രസംഗമത്സരം സംഘടിപ്പിച്ചു. തേറ്റമല ഗവ. ഹൈസ്കൂളിലെ 4-ാം ക്ലാസ് വിദ്യാർത്ഥിനി റിൻഷ ഫാത്തിമ എൻ. കെ ഒന്നാം സമ്മാനത്തി നർഹയായി. ദ്വാരക എ.യു.പി സ്കൂൾ വിദ്യാർത്ഥിനി അയന സതീഷ് 2-ാം സമ്മാനവും ബത്തേരി അസംപ്ഷൻ എ.യു.പി സ്കൂൾ വിദ്യാർത്ഥിനി സിയ അൽഫോൻസ് ജോസ് മൂന്നാം സ്ഥാനവും നേടി. ഏഴ് പേർ പ്രോത്സാഹനസമ്മാനത്തിന് അർഹരായി.

**മുറവും മണിയും - അന്തർദേശീയ ആദിവാസി ദിനാചരണം**

അന്തർദേശീയ ആദിവാസി ദിനാചരണത്തിന്റെ ഭാഗമായി ആഗസ്റ്റ് 1 മുതൽ 9 വരെ മുറവും മണിയും എന്ന പേരിൽ വിവിധ പരിപാടികൾ പ്രക്ഷേപണം ചെയ്തു. സമൂഹത്തിൽ ഉന്നതസ്ഥാനം വഹിക്കുന്നതും വിവിധ മേഖലകളിൽ ഉന്നത വിജയം നേടിയവരുമായ വിവിധ ആദി വാസി വിഭാഗത്തിൽപ്പെട്ടവരെ പരിപാടിയിൽ പരിചയപ്പെടുത്തി. കൂടാതെ ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങളും നല്കി.

**പങ്കാളിത്തം**

തിരുവനന്തപുരത്ത് വെച്ച് ജൂലൈ 29 ന് കമ്മ്യൂണിറ്റി റേഡിയോ കൾക്ക് വേണ്ടി നടത്തിയ ശില്പശാലയിൽ ഫാ.ജസ്റ്റിൻ മാത്യു പങ്കെ ടുത്തു. പ്രകൃതിദുരന്തങ്ങൾ നേരിടാനും അതിന്റെ ആഘാതം കുറ യ്ക്കുന്നതിനുമായി 'കമ്മ്യൂണിറ്റി റേഡിയോകൾക്കുള്ള പങ്ക്' എന്ന വിഷ യത്തിൽ Ideosync media combine, Kerala state disaster management & UNESCO എന്നിവയുടെ ആഭിമുഖ്യത്തിലായിരുന്നു ശില്പശാല.

**വാർത്താലാപ് മാധ്യമ ശില്പശാല**

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ മാധ്യമ വിഭാഗം പ്രസ് ഇൻഫർമേഷൻ ബ്യൂറോ കൊച്ചി ഓഫീസ് ജില്ലയിലെ മാധ്യമ പ്രവർത്തകർക്കായി സംഘടിപ്പിച്ച വാർത്താലാപ് മാധ്യമ ശില്പശാലയിൽ റേഡിയോ മാറ്റൊലി ടീം പങ്കെടുത്തു. ജോസഫ്

പള്ളത്ത്, ഷാജു പി. ജെയിംസ്, ലിതിൻ മാത്യു, റെനീഷ് ജോർജ്ജ്, ദിപിൻ അഗസ്റ്റിൻ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്. റിപ്പോർട്ടിംഗിലെ നൂതന പ്രവണതകൾ, ആരോഗ്യരക്ഷയിൽ പത്രപ്രവർത്തകരുടെ പങ്ക്, ഡിജിറ്റൽ ഇന്ത്യ വെല്ലുവിളികൾ, പ്രതീക്ഷകൾ എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ്സുകൾ നയിച്ചു. മാനന്തവാടി, പനമരം, കൽപറ്റ, ബത്തേരി, പുൽപ്പള്ളി മേഖലകളിൽ നിന്നുള്ള അറുപതോളം മാധ്യമപ്രവർത്തകർ ശിൽപശാലയിൽ പങ്കെടുത്തു. മാധ്യമപ്രവർത്തകരും കേന്ദ്ര ഗവൺമെന്റും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം ആവിഷ്ക്കരിക്കുന്ന പ്രത്യേക പരിപാടിയാണ് വാർത്താലാപ്.

**തത്സമയ ഫോൺ ഇൻ പരിപാടി**

കർക്കിടക ആരോഗ്യ സംരക്ഷണം ആയുർവ്വേദത്തിലൂടെ എന്ന വിഷയത്തിൽ ജൂലായ് 19 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി പ്രാണ ആയുർവേദിക്സിലെ ഡോ. ലിഷിത സുജിത് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

ഭക്ഷ്യസുരക്ഷ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 2 ഉച്ച കഴിഞ്ഞ് 3 മണി മുതൽ 4 വരെ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ഭക്ഷ്യ സുരക്ഷ അസി.കമ്മീഷണർ വി.ജെ വർഗ്ഗീസ് പരിപാടിയിൽ പങ്കെടുത്തു ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**കർക്കിടകം**

രാമായണ മാസാചരണത്തിന്റെ ഭാഗമായി കർക്കിടകം എന്ന പേരിൽ ഒരുമാസം നീണ്ടുനിന്ന രാമായണപാരായണം പ്രക്ഷേപണം ചെയ്തു.

**സന്ദർശനം**

കുന്നമംഗലം ന്യൂസ്. കോം-ശബ്ദം ഓൺലൈൻ പോർട്ടൽ എം ഡി സിഹബത്തുള്ള മാറ്റൊലി സന്ദർശിച്ചു.

കുറുമണി ഇടവകയിലെ മതബോധന അധ്യാപകരും വിദ്യാർത്ഥികളുമടങ്ങുന്ന സംഘം റവ.ഫാ. സെബാസ്റ്റ്യൻ പുത്തേലിന്റെ നേതൃത്വത്തിൽ മാറ്റൊലി സന്ദർശിച്ചു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടന്ന് വരുന്നു. എല്ലാ മാസങ്ങളിലും ഇവാലുവേഷൻ മീറ്റിഗുകളിൽ എല്ലാ യൂണിറ്റുകളും സജീവമായി പങ്കെടുക്കുകയും റിപ്പോർട്ടുകളും കണക്കുകളും അവതരിപ്പിക്കുകയും ചെയ്യുന്നു.

**ഇവാലുവേഷൻ മീറ്റിംഗ്**

28-06-2019 ശനിയാഴ്ച്ച അരുൾനിലയം ദേവാലയത്തിൽവച്ച് നടത്തിയ ഇവാലുവേഷൻ മീറ്റിംഗിൽ എല്ലാ യൂണിറ്റുകളും സജീവമായി പങ്കെടുക്കുകയും റിപ്പോർട്ടുകളും കണക്കുകളും അവതരിപ്പിക്കുകയും ചെയ്തു. വിവിധ യൂണിറ്റുകൾ തങ്ങളുടെ തനത് പ്രവർത്തനങ്ങളെ കുറിച്ച് വിവരിച്ചു. വിമലഗിരി യൂണിറ്റ് ബാങ്ക് ലോൺ എടുക്കുകയും യൂണിറ്റിന്റെ നേതൃത്വത്തിൽ സ്ഥലം പാട്ടത്തിന് എടുത്ത് കൃഷി ചെയ്തു വരികയും ചെയ്യുന്നു. ബോസ്പാറ യൂണിറ്റ്, മേഖലയിൽ നിന്ന് സോപ്പ് കിറ്റുകൾ വാങ്ങി അംഗങ്ങൾക്ക് വിതരണം ചെയ്തു.

**ജൈവകർഷക രജിസ്ട്രേഷൻ**

ഗൂഡല്ലൂർ താലൂക്കിലെ 500 ൽ പരം ജൈവകർഷകര തമിഴ്നാട് ഗവൺമെന്റിന്റെ കീഴിൽ നീലഗിരിയിൽ രജിസ്റ്റർ ചെയ്തു. ജൂലൈ മാസം ഗൂഡല്ലൂർ മേഖലയിലെ 400 ഓളം തേയില കർഷകരെ ജൈവകൃഷിയിലേക്ക് രജിസ്റ്റർ ചെയ്തു.

ഓഗസ്റ്റ് മാസത്തിൽ ജൈവകൃഷിയിലേക്ക് 50 തേയിലകർഷകരെയും 20 കാപ്പികർഷകരെയും പുതിയതായി ചേർത്തു.

**ജൈവകാർഷിക സെമിനാർ**

08-07-2019 ന് ജൈവകർഷകരുടെ ഒരു സെമിനാർ രാവിലെ 10 മുതൽ ബോസ്പാറ പാരിഷ് ഹാളിൽ വെച്ചും ധർമ്മഗിരി പാരിഷ് ഹാളിൽവെച്ചും നടന്നു. ബയോവിൻ അസി. ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ, പർച്ചേസിംഗ് മാനേജർ ശ്രീ. ഷാജി, ICS കോഡിനേറ്റർ സെബാസ്റ്റ്യൻ പുരയ്ക്കൽ എന്നിവർ വിവിധ ക്ലാസുകൾ നയിച്ചു. AEO ശ്രീ. മിഥുൻ ഓർഗാനിക് വളങ്ങളെകുറിച്ചും, മരുന്നുകളെകുറിച്ചും ക്ലാസ്സെടുത്തു. കർഷകർ എല്ലാവരും ചേർന്ന് അമിനോ ഫിഷ് ടോണിക്

നിർമ്മിക്കുകയും ചെയ്തു. ബോസ്പാറ ഇടവക വികാരി ഫാ. ബിനോയ് കാശാംകുറ്റിയും, ധർമ്മഗിരി ഇടവക വികാരി ഫാ.റോബിൻ പടിഞ്ഞാറയിലും സെമിനാറുകൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും നേതൃത്വം വഹിക്കുകയും ചെയ്തു.

**പ്രോജക്ട് സർവ്വേ**

ജൂൺ മാസത്തെ ഇവാലുവേഷൻ മീറ്റിംഗിൽ വെച്ച് ബഹു. ഡയറക്ടറച്ചൻ അംഗവൈകല്യമുള്ളവർക്കുവേണ്ടിയുള്ള ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട് ഓരോ യൂണിറ്റുകളിലും അവരവരുടെ യൂണിറ്റിനു കീഴിൽ അംഗവൈകല്യമുള്ള ആളുകളുടെ ഒരു സർവ്വേ നടത്തുകയും അതിന്റെ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

എല്ലാ യൂണിറ്റുകളും, സേവനസന്നദ്ധതയോടെ, കൂടുതൽ തീക്ഷണതയോടെ മുന്നോട്ട് പോകുന്നു.

**ഇവാലുവേഷൻ മീറ്റിംഗ് (ഓഗസ്റ്റ് മാസം)**

17-08-2019 ന് NDS ന്റെ ഓഗസ്റ്റ് മാസത്തെ ഇവാലുവേഷൻ മീറ്റിഗ് അരുൾനിലയം പാരിഷ് ഓഡിറ്റോറിയത്തിൽ വെച്ച് ചേർന്നു. ബഹു. ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റി അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. വിവിധ യൂണിറ്റുകളിൽനിന്നുള്ള അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. വിവിധ ഗ്രൂപ്പുകൾ മഴക്കാലത്തോടനുബന്ധിച്ച് വൃക്ഷതൈകകൾ നട്ടുപിടിപ്പിക്കുകയും റോഡിനിരുവശത്തുമുള്ള കാടുകൾ വെട്ടി വൃത്തിയാക്കുകയും ചെയ്തു. കൽപ്ര യൂണിറ്റ് പ്ലാസ്റ്റിക് നിർമാർജ്ജനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് വേസ്റ്റുകൾ ശേഖരിച്ച് പഞ്ചായത്ത് വേസ്റ്റ് ബോക്സിൽ നിക്ഷേപിച്ചു. തങ്ങളുടെ ആവശ്യങ്ങൾക്കായി ഗ്രൂപ്പ് അംഗങ്ങൾ ജൈവപച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു. ധർമ്മഗിരി, കൽപ്ര യൂണിറ്റുകൾ യൂണിറ്റ് ഫണ്ട് ശേഖരണത്തിനായി ചിട്ടികൾ നടത്തിവരുന്നു. കൂടാതെ വിവിധ യൂണിറ്റുകൾ ഓണഫണ്ട്, ദീപാവലി ഫണ്ട്, ക്രിസ്തുമസ് ഫണ്ട് എന്നിവയും നടത്തിവരുന്നു. ധർമ്മഗിരി, വിമലഗിരി, ബോസ്പാറ, കൽപ്ര എന്നീ യൂണിറ്റുകൾ ക്രഡിറ്റ് യൂണിയനിൽനിന്ന് അംഗങ്ങൾക്ക് ലോൺ കൊടുത്ത് വരുന്നു.

**മഴക്കെടുതി വിലയിരുത്തൽ**

റിപ്പോർട്ട് അവതരണത്തിനുശേഷം മഴക്കെടുതിയെക്കുറിച്ച് വിലയിരുത്തി. നീലഗിരി ജില്ലയിൽ ഈ വർഷം മഴക്കെടുതിയുടെ തീവ്രത ഏറെയാണ്. വീട് നഷ്ടപ്പെട്ടവർ, കൃഷി നഷ്ടപ്പെട്ടവർ, മറ്റ് പലവിധത്തിലും നഷ്ടങ്ങൾ സംഭവിച്ചവർ. ഓരോ യൂണിറ്റും തങ്ങളുടെ പരിധിയിൽ സംഭവിച്ചതിന്റെ കണക്ക് വിവരം ശേഖരിച്ച് എത്രയും പെട്ടെന്ന് ഡയറക്ടറെ അറിയിക്കാൻ നിർദ്ദേശിച്ചു. പ്രത്യേകിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള സഹായങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന കാര്യങ്ങൾ എത്രയും പെട്ടെന്ന് ചെയ്തുതരാൻ ശ്രമിക്കുമെന്ന് ഡയറക്ടറച്ചൻ ഉറപ്പ് നൽകി.

നീലഗിരി ജില്ല പ്ലാസ്റ്റിക് നിരോധിത മേഖലയായതുകൊണ്ട് പ്ലാസ്റ്റിക് ബാഗിന് പകരം തുണിബാഗുകൾ നിർമ്മിക്കാൻ യൂണിറ്റുകൾ തയ്യാറായാൽ നല്ലതായിരിക്കുമെന്നും ഡയറക്ടർ അഭിപ്രായപ്പെട്ടു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**July - August 2019**

1) On 22nd July 2019, Department of Chemistry published two text books for core course and complementary course.
2) Kargil Day was observed on 26th July 2019: To commemorate Operation Vijay, NCC students of the college, observed Kargil Day by organizing an exhibition and a flash mob on the theme 'Patriotism'. The NCC cadets also took initiative in helping out Assam flood victims.
3) On 6th July, Dr Ajayakumar and Dr John Joseph, Syndicate members, Kannur University, visited the college to inspect the infrastructure and other facilities prior to sanctioning new courses applied for. Courses applied are M Com, MA English, MSc Zoology, B Sc Botany, B Com and B A Economics.
4) A motivational talk and guidance on P G entrance Examinations by Dr. Sarath Sasi (Asst. Professor, IIT Palakkad), was organized by Department of Physics on 30th July 2019.
5) Conducted an orientation programme for the II year NSS Volunteers. Mr Joseph M I of Sacred Heart HSS Dwaraka was the resource person on 20th July.
6) Orientation Programme for I year students was on 1st & 2nd August. The resource persons for the same were Mr. Alex Mathew (Director) and Mr. Balachandran (Psychologist) from T- Horizon, Ernakulam.
7) An awareness class was conducted on 'Health and diseases' for the II year NSS Volunteers (3rd August 2019). Dr Nubhu Chandran, Chief Medical Officer, Periya Health centre .

8) Best Anchor contest was conducted on 25.07.19. The objective was to identify the best anchors in the college.

9) Seven students of our college participated in the District level Youth Parliament (29.07.19 to 31.07.19) conducted by Nehru Yuva Kendra, at Girivikas Centre, Appappara, Thirunelli.

10) District Legal Services Authority, Wayanad organized a talk on 'Cyber Laws and cyber crime' for the III year students on 6th august 2019

11) On 22nd July 2019, Literary club was formed.The club decided to take active part in the National Digital Library of India.

12) Monthly programme of The Music and Film Club was organized. Fresher's Day was organized on 5th August 2019.

**Dr Maria Martin Joseph**
Principal

# സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ മാനന്തവാടി

**മുലയൂട്ടൽ വാരം**

ലോക മുലയൂട്ടൽ ദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 1 മുതൽ 7 വരെ സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ മുലയൂട്ടൽ വാരം ആചരിക്കുകയും ഹോസ്പിറ്റലിൽ ചികിത്സയിൽ ആയിരുന്ന കുട്ടികളുടെ അമ്മമാർക്ക് ഡോക്ടേഴ്സിന്റെയും നഴ്സുമാരുടേയും നേതൃത്വത്തിൽ മുലയൂട്ടലിന്റെ പ്രാധാന്യത്തെപ്പറ്റി ക്ലാസ്സുകൾ എടുക്കുകയും ചെയ്തു.

**പുതിയതായി നിയമിതരായ ഡോക്ടർമാരും വിഭാഗങ്ങളും**

ത്വക്ക്രോഗ വിഭാഗം, മാനസിക ആരോഗ്യവിഭാഗം എന്നിവ പ്രവർത്തനം ആരംഭിച്ചു; ത്വക്ക്രോഗ വിഭാഗത്തിൽ ഡോ. മേഘ്നയുടെ സേവനം തിങ്കൾ മുതൽ ശനിവരെ എല്ലാ ദിവസവും, മാനസീകാരോഗ്യ വിഭാഗത്തിൽ ഡോ. കാർത്തിക് ബാലകൃഷ്ണന്റെ സേവനം എല്ലാ ബുധനാഴ്ചകളിലും ലഭ്യമാണ്. കൂടാതെ, സെപ്റ്റംബർ മാസം ഒന്നാം തീയതി മുതൽ മാസത്തിൽ ഒരു ദിവസം പീഡിയാട്രിക് സർജ്ജർ ഡോ.ആന്റണി റോബർട്ടിന്റെ സേവനവും ലഭ്യമാണ്.

**പ്രളയ ദുരിതാശ്വാസ ക്യാമ്പുകൾ**

പ്രളയം മൂലം ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരുടെ സംരക്ഷണം ഉറപ്പാക്കാൻ സെന്റ് ജോസഫസ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ വിവിധ ക്യാമ്പുകൾ സന്ദർശിച്ചു. 24 മണിക്കൂറും ചികിത്സാ സേവനം നൽകാൻ തയ്യാറായ മെഡിക്കൽ ടീം രൂപപ്പെടുത്തുകയും ചെയ്തു. ഡോ. ശശിധർ (ഓർത്തോ പീഡിക് സർജൻ) നേതൃത്വം കൊടുത്ത ടീം പയ്യംമ്പള്ളി, കമ്മന, ബ്ലൂമ്സ്ഹിൽ, മേപ്പാടി എന്നീ ക്യാമ്പുകൾ പല പ്രാവശ്യം സന്ദർശിക്കുകയും ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു. അതോടൊപ്പം രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന യുവജനങ്ങൾ എലിപ്പനി പ്രതിരോധ മരുന്നായ doxi igclin വിതരണം ചെയ്യുകയും ചെയ്തു. ഈ അടിയന്തര ഘട്ടത്തിൽ നമ്മളെ സഹായിക്കുവാൻ എത്തിയ മിനിസ്റ്റേഴ്സ് ഓഫ് ഇൻഫോം (cammilian fathers) നും, പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ഫാ. ബേബി ഇല്ലിക്കലിനും, കമീലിയൻ റ്റാസ്ക്ക് ഫോഴ്സ് അംഗങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു.

**മൊബൈൽ ICU ആംബുലൻസ്**

WSSS-ന്റെ സഹായത്തോടെ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന് ലഭിച്ച ആംബുലൻസ്, ICU-ന് ആവശ്യമായ എല്ലാ ഉപകരണങ്ങളും സജ്ജീകരിച്ച് സേവനം ആരംഭിച്ചിരിക്കുന്നു. ജീവൻ രക്ഷാ ഉപാധി എന്ന നിലയ്ക്ക് മാനന്തവാടിയിലെ ജനങ്ങൾക്ക് ഇതൊരു കൈത്താങ്ങ് ആകും എന്ന് പ്രതീക്ഷിക്കുന്നു.

**ഫാ. മനോജ് കവളക്കാടൻ**
ഡയറക്ടർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ

# Pastoral Centre Programme



**September 2019**

| | | |
|---|---|---|
| 01-04 | - | Marriage preparation Course |
| 07 | - | Zion One-Day Convention |
| 08-12 | - | Zion Retreat |
| 08-12 | - | Department of Youth Ministry |
| 13 | - | CML |
| 13-14 | - | Catechism HDC |
| 15-20 | - | Priests' Retreat |
| 20 | - | Catechism |
| 21 | - | CML |
| 22-27 | - | Priests' Retreat |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



**_September 2019_**

*01 Sunday................ Vallikettu*

*02 Monday............. Monday Out of Station*

*04 Wednesday.......... Visitors' Day*

*05 Thur -06 Frid ..... Out of Station*

*08 Sunday................ Puthurvayal: Pastoral Visit*

*11 Wed -12 Thur....... Pro-life Meeting*

*13 Friday................. Out of Station*

*15 Sun - 20 Fri........ Priests' Annual Retreat 1st Batch*

*22 Sun - 27 Frid ...... Priests' Annual Retreat 2nd Batch*

*28 Saturday ............. Abroad*

**_October 2019_**

*1-31 October: Rome: Ad limina Visit*

• • •